Kerala State
# Human Rights Commission Bulletin

Vol.2
Issue.20
July-Nov 2013

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വാർത്താപത്രിക



# കമ്മീഷന് പുതിയ ഓഫീസ്

## സന്ദേശം

# കമ്മീഷന് പുതിയ ഓഫീസ്

**ജസ്റ്റിസ് ജെ.ബി. കോശി**



കമ്മീഷൻ ചെയർപേഴ്സണായി ഞാൻ ചാർജ്ജെടുത്തിട്ട് രണ്ടുകൊല്ലമായി. മനുഷ്യാവകാശ കമ്മീഷൻ പ്രവർത്തിച്ചിരുന്നത് വഴുതക്കാടുള്ള ബസ് റൂട്ടില്ലാത്ത എം.പി. അപ്പൻ റോഡിലെ ഒരു പഴയ കെട്ടിടത്തിലായിരുന്നു. സ്ഥലപരിമിതിമൂലം നല്ല രീതിയിൽ പ്രവർത്തിക്കാൻ പറ്റാത്ത വളരെ പഴക്കംചെന്ന ചിതൽ പിടിച്ച ഒരു കെട്ടിടമായിരുന്നു അത്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ അവിടെ എത്തിച്ചേരാൻ പ്രയാസമായിരുന്നു. ആ കെട്ടിടത്തിലിരുന്ന് പ്രവർത്തിച്ച് കമ്മീഷന്റെ ചുമതലകൾ നിറവേറ്റുകയെന്നത് വളരെ ക്ലേശകരമായിരുന്നു. ആ കെട്ടിടത്തിൽ കേസ് കേൾക്കാൻ ഒരു കോർട്ട് ഹാളിനോ, പുസ്തകങ്ങൾ സൂക്ഷിക്കാൻ ഒരു ലൈബ്രറിക്കോ, റിക്കാർഡുകൾ സൂക്ഷിക്കാൻ ഒരു റിക്കാർഡ്റൂമിനോ ഉള്ള സൗകര്യമില്ലായിരുന്നു. കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങളും ഇരുന്നിരുന്ന മുറി ഒരു വില്ലേജ് ഓഫീസർ ഇരിക്കുന്ന മുറിയുടെയത്രയും പോലും സൗകര്യമില്ലാത്ത അവസ്ഥയിലായിരുന്നു. ഇടുങ്ങിയ ഈ മുറികളിൽ വെച്ചുതന്നെ പരാതികളിൽ ഹീയറിംഗും മറ്റും നടത്തണമായിരുന്നു. നിയമപ്രകാരം രഹസ്യവിചാരണ പാടില്ലെങ്കിലും ഓരോ കേസ് വിളിക്കുമ്പോഴും സ്ഥലപരിമിതി മൂലം കേസിലെ കക്ഷികളെ മാത്രമെ മുറിയിൽ പ്രവേശിപ്പിക്കുവാൻ സാധിക്കുമായിരുന്നുള്ളു. ഒട്ടും സ്ഥലമില്ലാത്ത ഈ മുറിയിൽ സ്റ്റെനോഗ്രാഫറും, കോടതി ഓഫീസറും ഉൾപ്പെടെ പരാതിക്കാരെയും എതിർകക്ഷികളെയും സാക്ഷികളെയും കയറ്റിയിരുത്തി വേണം ഹീയറിംഗും മറ്റും നടത്താൻ. പല ലോ കോളേജുകളിൽ നിന്നും കമ്മീഷനിൽ ഇന്റേൺഷിപ്പിനായി വരുന്ന നിയമവിദ്യാർത്ഥികളെയും ഈ മുറിയിൽ ഇരുത്തണം. സെമിനാറുകൾ നടത്താനും പ്രസ്സ് കോൺഫറൻസ് നടത്താനും യാതൊരു സൗകര്യവുമില്ലായിരുന്നു. അതുപോലെ തന്നെ കമ്മീഷനിലെ മറ്റുദ്യോഗസ്ഥർക്കും ശരിയായി ഇരുന്ന് അവരുടെ ജോലി ചെയ്യാൻ ആവശ്യമായ സ്ഥലസൗകര്യം ആ കെട്ടിടത്തിനുണ്ടായിരുന്നില്ല. മനുഷ്യാവകാശ സംരക്ഷണ നിയമം അനുസരിച്ച് കമ്മീഷന് ഒരു അന്വേഷണ വിഭാഗം വേണം. അത് മറ്റൊരു കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. കമ്മീഷന്റെ അന്വേഷണ വിഭാഗം മറ്റൊരു കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്നതിനാൽ അവരുടെ ജോലി സൂപ്പർവൈസ് ചെയ്യാനും മറ്റും സാധിക്കുമായിരുന്നില്ല. തന്നെയുമല്ല, സ്ഥലം കണ്ടുപിടിച്ച് അവിടെ കെട്ടിടം പണി പൂർത്തിയാക്കുന്നതുവരെ സ്ഥല സൗകര്യമില്ലാത്ത പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് മനുഷ്യാവകാശ കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നതിന് തടസ്സമുണ്ടാക്കുകയും ചെയ്യും. ഈ ഓഫീസിന്റെ അസൗകര്യങ്ങളെക്കുറിച്ച് കമ്മീഷൻ ഓഫീസിൽ വന്നിട്ടുള്ള പത്രപ്രവർത്തകർ തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതും പല പത്ര മാധ്യമങ്ങളിലും അതിനെക്കുറിച്ചുള്ള വാർത്ത വന്നിട്ടുള്ളതുമാണ്.

ഐക്യരാഷ്ട്ര സഭയുടെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് മറ്റു രാജ്യങ്ങളിലേതുപോലെതന്നെയാണ് ഇൻഡ്യൻ പാർലമെന്റ് മനുഷ്യാവകാശ സംരക്ഷണ നിയമം -1993 പാസ്സാക്കിയിട്ടുള്ളത്. ഈ നിയമമനുസരിച്ച് സുപ്രീം കോടതിയിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ള ചീഫ് ജസ്റ്റീസ് ആയിരിക്കണം ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അദ്ധ്യക്ഷൻ. അതുപോലെ തന്നെ സംസ്ഥാനങ്ങളിലെ ഹൈക്കോടതികളിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ള ചീഫ് ജസ്റ്റീസായിരിക്കണം സംസ്ഥാന കമ്മീഷനുകളുടെ അദ്ധ്യക്ഷന്മാർ. അത് നിയമാനുസരണമായ ബാദ്ധ്യതയാണ്. കൂടാതെ കമ്മീഷന് ഒരു അന്വേഷണ വിഭാഗവുമുണ്ടായിരിക്കണം. നിയമപ്രകാരം പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ റാങ്കിൽ കുറയാത്ത ഒരാളായിരിക്കണം ഈ കമ്മീഷന്റെ മുഖ്യ അന്വേഷണോദ്യോഗസ്ഥൻ. അതുപോലെ ഗവൺമെന്റ് സെക്രട്ടറി റാങ്കിലുള്ള ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. ഇവിടെ ഒരു സ്പെഷ്യൽ സെക്രട്ടറിയാണ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിട്ടുള്ളത്. കുറെക്കാലം കമ്മീഷന്റെ മുഖ്യ അന്വേഷണോദ്യോഗസ്ഥനായി പോലീസ് ഇൻസ്പെക്ടർ ജനറൽ ഉണ്ടായിരുന്നു. ഇപ്പോൾ ഒരു ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസാണ് കമ്മീഷന്റെ അന്വേഷണ വിഭാഗം തലവനായി പ്രവർത്തിക്കുന്നത്. പല സംസ്ഥാനങ്ങളിലും എ.ഡി.ജി.പി. റാങ്കിലുള്ള ഉദ്യോഗസ്ഥരെയാണ് നിയമിക്കാറുള്ളത്. ഈ കമ്മീഷനിൽ പി.ആർ.ഒ. ഒഴികെയുള്ള മറ്റ് ഉദ്യോഗസ്ഥരെല്ലാം തന്നെ മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്നിട്ടുള്ളവരാണ്. മറ്റു സംസ്ഥാനങ്ങളിലെ മനുഷ്യാവകാശ കമ്മീഷനുകളെ അപേക്ഷിച്ച് ഈ കമ്മീഷൻ കൂടുതൽ കേസ് തീർപ്പാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ മറ്റു സംസ്ഥാനങ്ങളിലെ മനുഷ്യാവകാശ കമ്മീഷനുകളിൽ, കേരളത്തിലെ കമ്മീഷനിൽ ഉള്ളതിനേക്കാൾ വളരെയധികം സൗകര്യവും ഉദ്യോഗസ്ഥരും ഉണ്ട്.

ഞാൻ ഈ കമ്മീഷനിൽ ചാർജ്ജെടുക്കുന്നതിനു മുൻപ് തന്നെ സംസ്ഥാന കമ്മീഷന് വേണ്ടി പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ടായിരുന്നു. കേരള ലോകായുക്ത ഇപ്പോൾ പ്രവർത്തിക്കുന്നത് ലെജിസ്ലേറ്റീവ് അസ്സംബ്ലി

കോംപ്ലക്സിലാണ്. അവിടെ സെക്യൂരിറ്റി പ്രശ്നം ഉണ്ടെന്നു പറഞ്ഞ് വേറെ സ്ഥലം കണ്ടെത്തി മാറാൻ ലോകായുക്തക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്. കേരള വനിതാ കമ്മീഷനും പോലീസ് കംപ്ലയിന്റ് അതോറിറ്റിയും കാർഷിക കടാശ്വാസ കമ്മീഷനും മറ്റും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഞാൻ ചാർജ്ജെടുത്തു കഴിഞ്ഞപ്പോൾ കമ്മീഷന് സ്വന്തം കെട്ടിടം വേണമെന്ന ആവശ്യം ആവർത്തിച്ചെങ്കിലും കെട്ടിടം പണിയാനുള്ള സ്ഥലം ഇതുവരെ സർക്കാർ കണ്ടെത്തിയിട്ടില്ല. സ്ഥലം കണ്ടെത്താൻ തന്നെ ഇനിയും സമയം എടുക്കും. സ്ഥലം കണ്ടെത്തിയാൽ തന്നെ 15000 സ്ക്വയർ ഫീറ്റ് വീതം സ്ഥലം ആവശ്യമായ ഈ കമ്മീഷനും, കേരള ലോകായുക്തക്കും, വനിതാ കമ്മീഷനും അതുപോലെ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മറ്റ് ക്വാസി ജുഡീഷ്യൽ കമ്മീഷനുകൾക്കും ആവശ്യമായ 5 നില കെട്ടിടം പണിയുന്നതിന് വർഷങ്ങളെടുക്കും. കേരള ഹൈക്കോടതിക്കു സ്ഥലം ഉണ്ടായിട്ടുപോലും പുതിയ കെട്ടിടം പണി പൂർത്തിയാക്കാൻ 15 വർഷമെടുത്തു. ഏതായാലും സ്വന്തം കെട്ടിടം അനുവദിച്ചു തരുന്നതുവരെ പുതിയൊരു കെട്ടിടത്തിലേക്ക് മാറുവാൻ സർക്കാർ അനുവദിച്ചു. അങ്ങിനെ ഇപ്പോൾ കമ്മീഷൻ പ്രവർത്തിക്കുന്നത് പി.എം.ജി. ജംഗ്ഷനിലുള്ള ടർബോപ്ലസ് ടവറിലാണ്. പരാതിക്കാർക്കും എതിർകക്ഷികൾക്കും അഭിഭാഷകർക്കും എളുപ്പം എത്തിച്ചേരുവാൻ സൗകര്യപ്രദമായ സ്ഥലമാണ് ഇത്. ഇങ്ങിനെ ഒരു കെട്ടിടത്തിലേക്ക് മാറാൻ അനുവദിച്ച സർക്കാരിനും, പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും, ബഹുമാനപ്പെട്ട നിയമമന്ത്രിക്കും പ്രത്യേകം നന്ദി പറയുന്നു.

പഴയ കെട്ടിടത്തിൽ ഉപയോഗിച്ചിരുന്ന ഫർണ്ണിച്ചർ തന്നെയാണ് പുതിയ കെട്ടിടത്തിലും കമ്മീഷൻ ഉപയോഗിക്കുന്നത്. പുതിയ കെട്ടിടത്തിൽ ക്യാബിൻ പാർട്ടീഷൻ ചെയ്യുക, ആവശ്യമായ ടോയിലറ്റുകൾ ഉണ്ടാക്കുക. ഫാനും മറ്റും പിടിപ്പിക്കുക തുടങ്ങിയ ജോലികൾ പൊതുമരാമത്തു വകുപ്പിനെക്കൊണ്ട് ചെയ്യിക്കുകയാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്. ഇപ്പോൾ വിചാരണ മുറിക്കും ലൈബ്രറിക്കും റിസേർച്ച് വിങ്ങിനും ആവശ്യമായ സൗകര്യമുണ്ടെങ്കിലും അവിടേക്ക് ഫർണ്ണിച്ചർ ആവശ്യമാണ്. കമ്മീഷനിൽ ലഭിക്കുന്നതും തീർപ്പാക്കുന്നതുമായ പരാതികളുടെ എണ്ണം അതനുസരിച്ചുള്ള മറ്റ് ജോലികളും ഏതാണ്ട് ഇരട്ടിയായി, 2012 വർഷത്തിൽ ഫയൽ ചെയ്തിട്ടുള്ള പരാതികൾ 7489 ആണ്. പഴയ കേസുകൾ ഉൾപ്പെടെ തീർപ്പാക്കിയത് പതിനായിരത്തോളം പരാതികളാണ്. 2013 സെപ്റ്റംബർ മാസം 12 വരെ ഈ കമ്മീഷനിൽ ഫയൽ ചെയ്തിട്ടുള്ളത് 6200 പരാതികളാണ്.

നിയമം അനുസരിച്ച് ശുപാർശ ചെയ്യാനേ കമ്മീഷന് അധികാരമുള്ളുവെങ്കിലും കമ്മീഷന്റെ മിക്ക ശുപാർശകളും ഇപ്പോൾ സർക്കാർ നടപ്പാക്കുന്നുണ്ട്. പത്ര ദൃശ്യ മാധ്യമങ്ങളുടെ സഹായവും കമ്മീഷന് ധാരാളമായി ലഭിക്കുന്നുണ്ട്. കസ്റ്റഡി മരണം സംഭവിച്ച ആറു കേസുകളിൽ കമ്മീഷൻ നഷ്ടപരിഹാരം ശുപാർശ ചെയ്തതിൽ അഞ്ചു കേസിലും കമ്മീഷന്റെ ശുപാർശ അനുസരിച്ച് സർക്കാർ നഷ്ടപരിഹാരം കൊടുക്കുകയുണ്ടായി. പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പല കേസുകളിലും ശുപാർശകളിൽ ഡിപ്പാർട്ടുമെന്റ് തല നടപടികളും നഷ്ടപരിഹാരവും സർക്കാർ എടുക്കുന്നുണ്ട്. ചില ഓഫീസർമാർ കമ്മീഷന്റെ ഉത്തരവ് കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ട്. കമ്മീഷന് കിട്ടുന്ന 40% പരാതികളും ആദ്യത്തെ നോട്ടീസ് അയക്കുമ്പോൾ അല്ലെങ്കിൽ ഒന്നോ രണ്ടോ സിറ്റിംഗിനുള്ളിലോ പരിഹരിക്കപ്പെടാറുണ്ട്. പാലക്കാട് ജില്ലയിലെയും പത്തനംതിട്ട ജില്ലയിലെയും ആദിവാസികൾക്ക് എ.പി.എൽ. കാർഡ് കൊടുത്തിരുന്നത് കമ്മീഷന്റെ നടപടിമൂലം ബി.പി.എൽ. കാർഡ് ആക്കി മാറ്റിക്കൊടുത്തു. അനധികൃതമായി പോലീസ് കസ്റ്റഡിയിൽ വെക്കുക, കസ്റ്റഡിയിൽ വെച്ച് പോലീസ് ഉപദ്രവിക്കുക തുടങ്ങിയ പരാതികളിൽ ഉടനടി നടപടിയെടുക്കുന്നതുകൊണ്ട് ചില പോലീസ് ഉദ്യോഗസ്ഥർ അസംതൃപ്തരാണ്. പല പാറമടകൾക്കെതിരെയും ബ്ലേഡ്, റിയൽ എസ്റ്റേറ്റ്, മണൽവാരൽ മാഫിയാകൾക്കെതിരെയും കമ്മീഷൻ നോട്ടീസ് അയക്കുകയും ജില്ലാ ഭരണാധികാരികൾ, ജിയോളജിസ്റ്റ്, പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ അധികാരികളെക്കൊണ്ട് നടപടികൾ എടുപ്പിക്കുകയും ചെയ്തിട്ടുള്ളതിനാൽ പലരും കമ്മീഷന് നേരെ ഒളിയമ്പെയ്യാറുണ്ട്. കമ്മീഷന്റെ നിർദ്ദേശാനുസരണം ബന്ധപ്പെട്ട അധികാരികൾ പരിശോധന നടത്തി ധാരാളം പാറമട

Kerala State Human Rights Commission Bulletin

Hon'ble Chairperson
**Justice J.B Koshy**
Hon'ble Member
**Adv. K. E. Gangadharan**
Hon'ble Member
**Sri. R. Natarajan**
Secretary
**Sri. C.K.Padmakaran**
Registrar
**Smt. R. Bhageerathi Devi**
Administrative Officer
**Sri. C.G. Pradeep Kumar**
Finance Officer
**Sri. Samson John**

Vol.2 Issue :20
July - Nov 2013

Chief Editor
**C.K.Padmakaran**
Secretary, KSHRC

Editor
**P.M. Binukumar**
Public Relations Officer

Editorial Board
**R. Santhosh**
Under Secretary
**G. Sathish Kumar**
Court Officer

Printed and published by
C.K.Padmakaran, Secretary,
KSHRC on behalf of KSHRC

Printed at C-APT, Trivandrum
(For private circulation only)

Postal Address
KSHRC, Turbo plus Tower,
PMG Junction,
Thiruvananthapuram 33

Tel: 0471 2307263
Fax: 0471 2307490

hrckeralatvm@gmail.com
www.kshrc.kerala.gov.in

ലേഖനങ്ങളുടെ ഉത്തരവാദിത്വം ലേഖകർക്കാണ്.

കളുടെയും മലിനീകരണമുണ്ടാക്കുന്ന സ്ഥാപനങ്ങളുടെയും പ്രവർത്തനം നിർത്തിവയ്പ്പിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾക്ക് സമ്മതപത്രം കൊടുക്കരുതെന്ന് ബോർഡിനോട് പറയുകും ബോർഡിന്റെ സമ്മതപത്രം ഇല്ലാതെ ലൈസൻസ് കൊടുക്കരുതെന്ന് പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷനുകൾക്ക് കമ്മീഷൻ നിർദ്ദേശം കൊടുക്കാറുമുണ്ട്. സർക്കാരിനോട് ശുപാർശ ചെയ്തുകൊണ്ട് മാത്രമല്ല, ബന്ധപ്പെട്ട അധികാരികൾക്ക് നേരിട്ട് നിർദ്ദേശം കൊടുത്തുകൊണ്ടാണ് കമ്മീഷൻ ഇതെല്ലാം ചെയ്യുന്നത്.

ജില്ലാ ഭരണാധികാരികളോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടും അവർക്ക് ചില നിർദ്ദേശങ്ങൾ കൊടുത്തുകൊണ്ടും മനുഷ്യാവകാശ ലംഘനങ്ങൾ ഇല്ലാതാക്കിയിട്ടുണ്ട്. വില്ലേജാഫീസിൽ നിന്നും മറ്റും പാവപ്പെട്ട ആൾക്കാർക്ക് സർട്ടിഫിക്കേറ്റും മറ്റും നിഷേധിക്കുന്നത് സംബന്ധിച്ച് പരാതികൾ കമ്മീഷന്റെ നോട്ടീസ് കിട്ടുമ്പോൾ തന്നെ പരിഹരിക്കപ്പെടാറുണ്ട്. തന്നെയുമല്ല ചില കേസുകളിൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് റവന്യൂ അധികാരികളും, പോലീസും, മുനിസിപ്പാലിറ്റി/പഞ്ചായത്ത് അധികാരികളും ഇടപെട്ട് പരാതികൾ പരിഹരിച്ച് വിവരത്തിന് കമ്മീഷന് റിപ്പോർട്ട് നൽകാറുണ്ട്. കമ്മീഷന്റെ ഇടപെടൽ മൂലം വർഷങ്ങളോളം മുടങ്ങിക്കിടന്ന പെൻഷനുകൾ പല പരാതിക്കാർക്കും കിട്ടിയിട്ടുണ്ട്. വൈദ്യുതി, വാട്ടർ അഥോറിറ്റി മുതലായ പൊതുമേഖലാ സ്ഥാപനങ്ങളിലെ മനുഷ്യാവകാശ ലംഘനങ്ങൾ ഇല്ലാതാക്കാൻ കമ്മീഷൻ പരിശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലുണ്ടായിരുന്ന ഒരു മോട്ടോർ ആക്സിഡന്റ് കേസിൽ മെഡിക്കൽ ബോർഡ് നൽകിയ ഡിസെബിലിറ്റി സർട്ടിഫിക്കേറ്റ് അഭിഭാഷകൻ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നതിനാൽ അറുപതിനായിരം രൂപ മാത്രം നഷ്ടപരിഹാരം അനുവദിച്ചു അപകടത്തിൽപ്പെട്ട ശ്രീ ശശി ഈ കമ്മീഷനിൽ പരാതി നൽകിയതിനെത്തുടർന്ന് കോടതിയുടെ ഉത്തരവ് റീവ്യൂ ചെയ്യേണ്ടതാണെന്നുള്ള കമ്മീഷന്റെ അഭിപ്രായം ഡിസെബിലിറ്റി സർട്ടിഫിക്കേറ്റിന്റെ പകർപ്പ് സഹിതം ബഹുമാനപ്പെട്ട ജഡ്ജിമാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി രജിസ്ട്രാർക്ക് അയച്ചുകൊടുക്കുകയും അതു പരിഗണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ആദ്യ വിധി റദ്ദു ചെയ്യുകയും ശ്രീ ശശിക്ക് അഞ്ചു ലക്ഷം രൂപാ നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് പുനർ വിധി പുറപ്പെടുവിക്കുകയുമുണ്ടായി. ഈ കമ്മീഷന്റെ ഇടപെടൽ മൂലം പരാതി പരിഹരിച്ചുകിട്ടിയതിന് നന്ദി അറിയിച്ചുകൊണ്ട് ധാരാളം എഴുത്തുകൾ കമ്മീഷന് കിട്ടുന്നുണ്ട്.

കമ്മീഷനിലേക്ക് പരാതികളയക്കുമ്പോൾ പരാതിക്കാരുടെ വ്യക്തമായ വിലാസം എഴുതേണ്ടതാണ്. പരാതിക്കാരന്റെ താമസസ്ഥലം ഏത് പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷന്റെ പരിധിയിലാണെന്നും പ്രത്യേകം കാണിച്ചിരിക്കണം. പരാതി പോലീസിനെതിരെ ആണെങ്കിൽ പോലീസ് സ്റ്റേഷൻ ഏതാണെന്നും പ്രത്യേകം പറഞ്ഞിരിക്കണം. അതുപോലെതന്നെ പരാതി ഫയൽ ചെയ്യുമ്പോൾ എത്ര എതിർകക്ഷികളുണ്ടോ അത്രയും പകർപ്പുകളും കൂടാതെ ഒരു പകർപ്പ് അധികവും ഫയൽ ചെയ്യേണ്ടതാണ്. പരാതി വ്യക്തമായിരിക്കണം.

ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയ ഡിസംബർ 10-ാം തീയതി ഈ വർഷവും മനുഷ്യാവകാശ ദിനമായി ആചരിക്കുന്നു. 65 വർഷം മുൻപ് ഐക്യരാഷ്ട്രസഭ നടത്തിയ മനുഷ്യാവകാശ പ്രഖ്യാപനം പരിപൂർണ്ണമായി നടപ്പാക്കുവാൻ സർക്കാരിന്റെയും, പൊതുപ്രവർത്തകരുടെയും, പൊതുജനങ്ങളുടെയും കൂട്ടായ പ്രത്നം ആവശ്യമാണ്. ഈ മനുഷ്യാവകാശ ദിനത്തിൽ നമുക്കോരോരുത്തർക്കും മനുഷ്യാവകാശ സംരക്ഷണത്തിനായി പ്രതിജ്ഞ ചെയ്യാം.

# മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടു; സർക്കാർ നിരസിച്ച ശമ്പളം കിട്ടി

**പ**ത്തനംതിട്ട : സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി ദിവസവേതന അടിസ്ഥാനത്തിൽ ആറുമാസം എയ്ഡഡ് സ്കൂളിൽ ജോലി ചെയ്ത അധ്യാപികക്ക് ശമ്പളം കിട്ടി. കൈപ്പട്ടൂർ സെന്റ് ജോർജ്ജ് മോണ്ട് ഹൈസ്ക്കൂളിൽ ഫിസിക്കൽ സയൻസ് അധ്യാപികയായി ജോലി ചെയ്ത ഇലന്തൂർ സ്വദേശിനി സുമക്കാണ് ശമ്പളം ലഭിച്ചത്.

ശമ്പളം നൽകണമെന്ന് ആവശ്യപ്പെട്ട് സുമ മേലധികാരികൾക്ക് നിരവധി തവണ നിവേദനങ്ങൾ നൽകിയിരുന്നു. എന്നാൽ രണ്ട് അധ്യാപകുടെ നിയമനം അംഗീകരിച്ച ശേഷം മാത്രമേ സുമയുടെ ശമ്പളം ലഭിക്കുകയുള്ളൂവെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചു. ഇതിനിടയിൽ നിയമനാംഗീകാരത്തിനായി കാത്തുനിന്ന അധ്യാപകരുടെ നിയമനം സർക്കാർ റദ്ദ് ചെയ്തു.

തുടർന്ന് പത്തനംതിട്ട ഡി.ഇ.ഒ.യെ സമീപിച്ചെങ്കിലും ശമ്പളം മാറി നൽകേണ്ടത് മാനേജരാണെന്ന് പറഞ്ഞു. ഒമ്പതിൽ പഠിക്കുന്ന മകനുള്ള, വിധവയായ, സ്വന്തമായി വീടില്ലാത്ത സുമ തന്റെ ശമ്പളം ലഭിക്കാൻ മുട്ടാത്ത വാതിലുകളില്ല. തനിക്ക് ലക്ഷങ്ങൾ നൽകി സ്ഥിര നിയമനം വാങ്ങാൻ കഴിവില്ലെന്നും അതിനാൽ നാലു മാസത്തെ ശമ്പളം നൽകണമെന്നും അധികൃതർക്ക് തുടർച്ചയായി നൽകിയ നിവേദനത്തിൽ അഭ്യർത്ഥിച്ചെങ്കിലും ഫലമുണ്ടായില്ലെന്ന് സുമ മനുഷ്യാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതിയിൽ പറഞ്ഞു.

കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി പത്തനംതിട്ട, വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറോടും ജില്ലാ വിദ്യാഭ്യാസ ഓഫീസറോടും വിശദീകരണം സമർപ്പിക്കാൻ നോട്ടീസയച്ചു.

വിദ്യാഭ്യാസ വകുപ്പ് അധികൃതർ കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ സ്കൂൾ മാനേജരുടെ ഭാഗത്ത് വീഴ്ചയുണ്ടെന്ന് ചൂണ്ടിക്കാണിച്ചു. എന്നാൽ പരാതിക്കാരി സ്കൂളിൽ ജോലി ചെയ്ത കാലയളവിലെ ശമ്പളം നൽകണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി സർക്കാരിന് നിർദ്ദേശം നൽകി. തുടർന്ന് സർക്കാർ ഇടപെട്ട് ശമ്പളം നൽകുകയായിരുന്നു. തന്റെ പരാതി പരിഹരിച്ചതായി സുമ കമ്മീഷനെ അറിയിച്ചു.

# ഡിസംബർ10
# മനുഷ്യാവകാശദിനം

എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുന്നു. പദവിയിലും അവകാശത്തിലും തുല്യത പുലർത്തുകയും ചെയ്യുന്നു. അവർ ബുദ്ധിയും മനഃസാക്ഷിയും കൊണ്ട് അനുഗ്രഹീതരും പരസ്പര സാഹോദര്യം പുലർത്താൻ നിർബന്ധിതരുമാണ്.

മനുഷ്യചരിത്രത്തിലെ പുതുയുഗ പിറവിക്ക് തുടക്കമിട്ട സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ വാക്യങ്ങളാണിത്. 1948 ഡിസംബർ പത്തിനാണ് ഐക്യരാഷ്ട്രസഭ സംഘടന ഈ പ്രഖ്യാപനം അംഗീകരിച്ചത്. എല്ലാ വർഷവും ഡിസംബർ പത്ത് മനുഷ്യാവകാശദിനമായി ആചരിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഷ്ടപ്പാടും അവഗണനയും അടിച്ചമർത്തലും നിറഞ്ഞ ജീവിതങ്ങളുണ്ട്. മനുഷ്യനായി ജീവിക്കാൻ നടത്തിയ എണ്ണമറ്റ പോരാട്ടങ്ങളുടെ വിജയമായിരുന്നു മനുഷ്യാവകാശ പ്രഖ്യാപനം. മാനുഷികമായ അന്തസ്സ് കൂടുതൽ വിലമതിക്കപ്പെടുന്ന പുതിയ ലോകത്തിലേക്കുള്ള ചരിത്രപരമായ ഈ വാതിൽ തുറക്കലിന്റെ ഓർമ്മകളുമായാണ് ഓരോ മനുഷ്യാവകാശദിനവും കടന്നുവരുന്നത്.

രാഷ്ട്രത്തിന്റെ നിയമാനുസൃത വിധി കൂടാതെ ഒരു വ്യക്തിയെ തടഞ്ഞുവയ്ക്കാനോ, കാരാഗൃഹത്തിലിടാനോ, നാടുകടത്താനോ, വകവരുത്താനോ പാടില്ല എന്ന് 1215-ൽ മാഗ്നാകാർട്ടയിൽ എഴുതിച്ചേർത്തതിനെ മനുഷ്യാവകാശങ്ങൾ അംഗീകരിക്കുന്നതിന്റെ തുടക്കമായി കാണാം. 1776-ൽ അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം നടന്നപ്പോൾ മനുഷ്യാവകാശം നിഷേധിക്കുന്ന ഭരണകൂടത്തിനെ ഇല്ലാതാക്കാൻ ജനങ്ങൾക്കുള്ള അവകാശത്തെ അംഗീകരിച്ചു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയ ഫ്രഞ്ചുവിപ്ലവം മനുഷ്യാവകാശങ്ങളുടെ ചരിത്രത്തിലെ ഏറ്റവും വലിയ പോരാട്ടമാണ്. രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പേ മനുഷ്യാവകാശങ്ങൾ ഭരണഘടനാ നിയമത്തിന്റെ ഭാഗമായി തീർക്കുവാൻ പല രാഷ്ട്രങ്ങൾക്കും കഴിഞ്ഞു. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചപ്പോൾ മനുഷ്യാവകാശങ്ങളോടുള്ള ആദരവാകണം സമാധാനത്തിന്റെ അടിത്തറ എന്ന ചിന്ത ലോകവ്യാപകമായി അംഗീകരിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങളായി സമാധാനവും മനുഷ്യാവകാശ സംരക്ഷണവും അംഗീകരിക്കപ്പെട്ടു.

### എന്താണ് മനുഷ്യാവകാശം

മനുഷ്യന്റെ ജീവിതത്തിനും അവന്റെ വ്യക്തിപരവും സാമൂഹ്യവുമായ വികസനത്തിനും അനിവാര്യമായ അവകാശങ്ങളെയാണ് മനുഷ്യാവകാശങ്ങൾ എന്നു പറയുന്നത്. ആരോഗ്യകരമായ പരിസരം , കുടിവെള്ളം, ശുദ്ധവായു, വിദ്യാഭ്യാസം, വീട്, തൊഴിൽ, ആവശ്യത്തിനുള്ള ആഹാരം, മരുന്ന്, വസ്ത്രം ഇവയെല്ലാം അവകാശത്തിൽപ്പെടുന്നു. സമത്വവും സ്വാതന്ത്ര്യവും സ്വാഭാവിക മനുഷ്യാവകാശങ്ങളാണ്. കസ്റ്റഡി മരണം മുതൽ ഭവനമില്ലായ്മ വരെയുള്ള നിരവധി വിഷയങ്ങളിൽ ശക്തമായ പൗരാനുകൂല നിലപാട് സർക്കാരുകളുടെ ഭാഗത്തു നിന്ന് ഉണ്ടാവണം. അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങൾ അനുവദിക്കേണ്ടത് ഭരണകൂടങ്ങളാണ്. മനുഷ്യാവകാശ പ്രഖ്യാപനത്തിന് ശേഷം ലോകമെമ്പാടും ഇതിനനുകൂലമായ നിയമനിർമ്മാണങ്ങളും പ്രചരണം പ്രവർത്തനങ്ങളും നടക്കുന്നു.



### മനുഷ്യാവകാശപ്രഖ്യാപനം

മനുഷ്യാവകാശങ്ങൾ നിർണ്ണയിക്കുന്നതിന് ഐക്യരാഷ്ട്ര സംഘടന 1946 ഫെബ്രുവരിയിൽ ഒരു കമ്മീഷനെ നിയമിച്ചു. ഈ കമ്മീഷൻ അന്താരാഷ്ട്ര തലത്തിലുള്ള അവകാശ പത്രികയ്ക്ക് രൂപം നല്കി. 1948 ഡിസംബർ പത്തിന് യു. എൻ. ജനറൽ അസംബ്ലി ഈ അവകാശ പത്രികയും ഒന്നാം ഭാഗം 'മനുഷ്യാവകാശ സാർവ്വത്രിക പ്രഖ്യാപനം' എന്ന പേരിൽ അംഗീകരിച്ചു. സർവ്വവിധ വിഭാഗീയതകൾക്കുമതീതമായി മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കാൻ പ്രേരിപ്പിക്കുകയും വ്യക്തിവൈശിഷ്ട്യം വിലമതിക്കുകയും ചെയ്യുന്നതാണ് മനുഷ്യാവകാശ പ്രഖ്യാപനം. ജനലക്ഷങ്ങളുടെ സഹകരണത്തിനും സഹവർത്തിത്വത്തിനും മനുഷ്യാവകാശ പ്രഖ്യാപനം ക്രിയാത്മക പശ്ചാത്തലമൊരുക്കുന്നു. അന്നുവരെ നിലവിലുണ്ടായിരുന്ന നിയമവ്യവസ്ഥകളിൽനിന്നും മനുഷ്യാവകാശ പ്രഖ്യാപനത്തെ വേറിട്ടതാക്കിയത് മനുഷ്യന്റെ സാമ്പത്തിക സാമൂഹിക അവകാശങ്ങൾ അംഗീകരിച്ചുവെന്നുള്ളതാണ്.

# ഡോ. രജത് കുമാർ കേസ് : പ്രഭാഷണം നടത്തുമ്പോൾ ഔചിത്യം വേണം

**തി**രു: പെൺകുട്ടികളുള്ള സദസ്സിൽ പ്രഭാഷണം നടത്തുമ്പോൾ ശാസ്ത്ര സത്യങ്ങൾ പോലും ഔചിത്യത്തോടെ മാത്രം ഉപയോഗിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി. തിരുവനന്തപുരം വിമൺസ് കോളേജിൽ വിദ്യാഭ്യാസ വകുപ്പ് നടത്തിയ മൂല്യ ബോധന യാത്രയുടെ സമാപന ചടങ്ങിൽ ജാഥാ ക്യാപ്റ്റൻ ഡോ. രജത് കുമാർ സ്ത്രീകളെ മോശമായി ചിത്രീകരിച്ചെന്ന പരാതി തീർപ്പാക്കിക്കൊണ്ടാണ് ഉത്തരവ്. മുൻ എം.എൽ.എ. ശോഭനാ ജോർജാണ് പരാതി സമർപ്പിച്ചത്.

സ്ത്രീകൾ അന്തസായി വസ്ത്രം ധരിക്കണമെന്ന് പറയുന്നതും ഡോ. രജത് കുമാർ പ്രസംഗത്തിൽ പറഞ്ഞതും തമ്മിൽ വ്യത്യാസമുണ്ടെന്ന് കമ്മീഷൻ നിരീക്ഷിച്ചു. പുരുഷന്റെ ബീജം ഗർഭപാത്രത്തിലെത്താൻ 10 മിനിറ്റ് മതിയെന്ന് പറയുന്നത് ശാസ്ത്രീയമായി ശരിയായിരിക്കാം. എന്നാൽ ഒരു ബയോളജി ക്ലാസിലല്ല രജത് കുമാർ ഇത് പറഞ്ഞത്, പ്രഭാഷണത്തിലാണ്. അതിനോട് പ്രതികരിച്ച കുട്ടിയോട് ജീനിന്റെ കുഴപ്പമാണെന്നും പറഞ്ഞു. ഡോ. രജത് കുമാർ ഉപയോഗിച്ച ഭാഷ പരുഷമാണ്. 4000ത്തോളം വർഷങ്ങൾക്ക് മുമ്പുള്ള വസ്ത്ര ധാരണ രീതിക്കും ആവർത്തന പുസ്തകത്തിലെ വാക്കുകൾക്കും 21-ാം നൂറ്റാണ്ടിൽ എന്ത് സ്ഥാനമുണ്ടെന്ന് ആലോചിക്കണം.



ഇന്നത്തെ കുട്ടികൾക്ക് ജീൻസാണ് സൗകര്യമെങ്കിൽ അത് ധരിക്കരുത് എന്ന് പറയാൻ സമൂഹത്തിന് അവകാശമില്ല. ആൺകുട്ടികൾ പെൺകുട്ടികളെക്കാൾ പാവങ്ങളാണെന്ന് രജത് കുമാർ പ്രസംഗത്തിൽ പറഞ്ഞതും ശരിയായില്ല. പെൺകുട്ടികളെ താഴ്ത്തിക്കെട്ടണമെന്ന ഉദ്ദേശം തനിക്കില്ലെന്നും ചില വാചകങ്ങൾ പ്രസംഗത്തിന്റെ ആവേശത്തിൽ പറഞ്ഞതാണെന്നുമുള്ള വസ്തുത കണക്കിലെടുത്ത് കമ്മീഷൻ മറ്റ് നടപടികളിലേക്ക് പ്രവേശിക്കുന്നില്ലെന്ന് ഉത്തരവിൽ പറയുന്നു.

എന്നാൽ ജനപ്രതിനിധിയായിരുന്ന പരാതിക്കാരിയുടെ അഭിപ്രായം തള്ളിക്കളയാനാവില്ലെന്നും ഉത്തരവിലുണ്ട്. ഋഷിതുല്യർക്കും ഋഷികൾക്കും തെറ്റ് പറ്റാം. കോളേജ് വിദ്യാർത്ഥികൾക്ക് മൂല്യബോധനം നൽകേണ്ട യോഗത്തിൽ സ്ത്രീ സമൂഹത്തെ താഴ്ത്തി കെട്ടുന്ന വാചകങ്ങൾ ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും ഉത്തരവിൽ പറയുന്നു. വിദ്യാഭ്യാസ വകുപ്പ് ഭാവിയിൽ നടത്തുന്ന സെമിനാറുകളിൽ ഡോ. രജത് കുമാറിനെ വിളിക്കരുതെന്ന ആവശ്യം സംഘാടകരാണ് പരിഗണിക്കേണ്ടതെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

വളച്ചൊടിച്ച വാർത്തകളാണ് വിവാദത്തിന് കാരണമായതെന്ന് ഡോ. രജത് കുമാർ സത്യവാങ്മൂലത്തിൽ പറഞ്ഞു. വിമൺസ് കോളേജ് കൗൺസിൽ പ്രസംഗത്തെ അപലപിച്ച് അച്ചടക്ക നടപടി ശുപാർശ ചെയ്തതായി കോളേജ് പ്രിൻസിപ്പൽ ഡോ. പ്രേമലത കമ്മീഷനെ അറിയിച്ചു. ഡോ. രജത് കുമാർ മൂല്യബോധനമല്ല നടത്തിയതെന്ന് എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ ഷെർളി വാലന്തറ അറിയിച്ചു. പെൺകുട്ടികൾ മാന്യമായി വസ്ത്രം ധരിക്കാറില്ലെന്ന് രജത്കുമാർ പറഞ്ഞതായി അവര് പറഞ്ഞു.

ഡോ. രജത് കുമാറിന്റെ ലക്ഷ്യം ശ്രോതാക്കളിലെ ശുദ്ധീകരണമാണെന്നും ഋഷിതുല്യനായ അദ്ദേഹത്തിന്റെ പ്രസംഗം മറ്റൊരുതരത്തിൽ വ്യാഖ്യാനിക്കരുതെന്നും കമ്മീഷനു വേണ്ടി അന്വേഷണം നടത്തിയ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പ്രൊഫ. പി.കെ. ഗിരിജാദേവി അറിയിച്ചു.

# മൂത്രപ്പുര വൃത്തിഹീനം: ജില്ലാ കോടതി നടപടിയെടുക്കണം

**തി**രുവനന്തപുരം: ജില്ലാ കോടതി വളപ്പിലുള്ള പുതിയ കോടതി സമുച്ചയത്തിലെ മൂത്രപ്പുര വൃത്തിഹീനമായി സൂക്ഷിക്കുന്നതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.

വിഷയം ജില്ലാ കോടതി ശിരസ്തദാർ ജില്ലാ ജഡ്ജിയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി ഉത്തരവിട്ടു. പരാതി ഹൈക്കോടതിയുടെ ശ്രദ്ധയിലും കൊണ്ടുവരും.

രണ്ട് വർഷം മാത്രം പഴക്കമുള്ള പുതിയ കോടതി കെട്ടിടത്തിന്റെ തെക്ക് -കിഴക്ക് മൂലയിലുള്ള മൂത്രപ്പുരയിൽ നിന്ന് അസഹനീയമാം വിധം ദുർഗന്ധം വമിക്കുന്നുവെന്നാണ് പരാതി. ഇതുകാരണം കോടതി ജീവനക്കാർക്കും അഭിഭാഷകർക്കും പ്രവർത്തിക്കാനുള്ള സാഹചര്യമില്ലെന്നും അഡ്വ. എം. വിജയശങ്കർ സമർപ്പിച്ച പരാതിയിൽ പറയുന്നു. ദിവസവും മൂത്രപ്പുര വൃത്തിയാക്കാൻ പ്രതിമാസം 22, 000 ശമ്പളത്തിൽ ജോലിക്കാരനുണ്ടെങ്കിലും ദിവസം ഒരു നേരം പോലും വൃത്തിയാക്കുന്നില്ലെന്ന് പരാതിയൽ പറയുന്നു. ജോലിക്കാരൻ ജോലിയിൽ വീഴ്ച വരുത്തിയാൽ അയാൾക്കെതിരെ നടപടിയെടുക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

# കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ റഫ്രിജറേറ്റർ നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണം

**പ**ത്തനംതിട്ട : കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ രക്തം സൂക്ഷിക്കുന്നതിനാവശ്യമായ പുതിയ റഫ്രിജറേറ്റർ വാങ്ങാൻ ഒന്നരലക്ഷത്തോളം രൂപ നൽകിയിട്ടും റഫ്രിജറേറ്റർ നൽകാത്ത മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി സർക്കാരിന് നിർദ്ദേശം നല്കി.

പുതിയ കോർപ്പറേഷനുകൾ ഉണ്ടാക്കി ശമ്പള ചെലവ് കൂട്ടുമ്പോൾ അത്തരം കോർപ്പറേഷനുകൾ ഉദ്ദേശ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് സർക്കാർ പരിശോധിക്കണമെന്നും ഉത്തരവിലുണ്ട്.

ഡിസംബർ 30-നകം ജില്ലാ മെഡിക്കൽ ഓഫീസർ പുതിയ റെഫ്രിജറേറ്റർ സ്ഥാപിക്കണമെന്നും പഴയത് നന്നാക്കണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കണം. ഉത്തരവിന്റെ പകർപ്പ് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എം.ഡി.ക്കും ജില്ലാ മെഡിക്കൽ ഓഫീസർക്കുമയച്ചു.

കേരള ജനവേദി പ്രസിഡന്റ് സി. റഷീദ് സമർപ്പിച്ച പരാതിയിലാണ് നടപടി.

പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായാലുടൻ സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക വാർഡുകൾ നൽകുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ കമ്മീഷനെ അറിയിച്ചു.

150 ലിറ്റർ കപ്പാസിറ്റിയിലുള്ള റഫ്രിജറേറ്ററിന് 1,33,694 രൂപയുടെ ഡി.ഡി. ഫെബ്രുവരി 5-ന് നൽകിയിട്ടും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയില്ലെന്നും വിശദീകരണത്തിലുണ്ട്.

ജനങ്ങളുടെ ആരോഗ്യം പരമപ്രധാനമായതിനാൽ ബ്ലഡ് ബാങ്ക് ജില്ലാ ആശുപത്രിക്ക് അത്യന്താപേക്ഷിതമാണെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

# നികുതി പിരിക്കൽ മാത്രമല്ല നഗരസഭയുടെ ജോലി

**തി**രുവനന്തപുരം: കെട്ടിട നികുതിയും തൊഴിൽ നികുതിയും കൃത്യസമയത്ത് പിരിക്കുന്നതു മാത്രമല്ല നഗരസഭയുടെ ജോലിയെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുമ്പോൾ പരിഹരിക്കുന്നതിനാവണം പ്രധാന പരിഗണനയെന്നും കമ്മീഷൻ.

അമ്പലത്തറ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന കുമരിച്ചന്തയിൽ നിന്നുള്ള മാലിന്യം സമീപത്തെ തോട്ടിലേക്ക് ഒഴുകുന്നതിനാൽ പ്രദേശത്ത് പകർച്ചവ്യാധികൾ പടരുന്നു എന്ന പരാതിയിലുള്ള നടപടിക്രമത്തിലാണ് നഗരസഭയുടെ പ്രവർത്തനങ്ങളെ കമ്മീഷൻ നിശിതമായി വിമർശിച്ചത്. കാരുണ്യ റസിഡൻസ് അസോസിയേഷനാണ് പരാതിക്കാർ.

കമ്മീഷൻ ആവശ്യപ്പെട്ട വിശദീകരണം സമർപ്പിക്കാത്ത നഗരസഭ സെക്രട്ടറിയുടെ നടപടിയെയും കമ്മീഷൻ വിമർശിച്ചു. മലിനീകരണം കാരണം



ആരെങ്കിലും രോഗാതുരരായാൽ നഗരസഭയ്ക്ക് ഒഴിഞ്ഞുമാറാനാവില്ലെന്നും ജസ്റ്റിസ്. ജെ.ബി. കോശി മുന്നറിയിപ്പ് നൽകി.

നാട്ടുകാർ പരാതി നൽകിയിട്ടും നഗരസഭ നടപടിയെടുത്തില്ല. കുമരിച്ചന്തയിലെ മാലിന്യം നാട്ടുകാർക്ക് ആരോഗ്യപ്രശ്നമായി മാറുന്നതായി പൂന്തുറ ഹെൽത്ത് ഇൻസ്പെക്ടർ കമ്മീഷനെ അറിയിച്ചു. ജില്ലാ മെഡിക്കൽ ഓഫീസറും മലിനീകരണ നിയന്ത്രണബോർഡും ഇക്കാര്യം സമ്മതിച്ചിട്ടുണ്ട്. കാരുണ്യ റസിഡൻസ് അസോസിയേഷനിലെ 60 കുടുംബങ്ങൾ പകർച്ച വ്യാധി ഭീഷണിയിലാണ്.

മാർക്കറ്റ് മതിലിൽ മലിനജലം തോട്ടിലേക്ക് ഒഴുകുന്ന ദ്വാരം അടയ്ക്കണമെന്നും കെട്ടിക്കിടക്കുന്ന മലിനജലം തടസമില്ലാതെ ഒഴുകാൻ നടപടിയെടുക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടു.

മാർക്കറ്റിന് ലൈസൻസുണ്ടോ എന്ന് നഗരസഭ അറിയിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു മലിനീകരണ നിയന്ത്രണ ബോർഡും ഡി.എം.ഒ.യും സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നും നഗരസഭ സെക്രട്ടറി അറിയിക്കണം. തോടിന്റെ ഒഴുക്ക് സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ഇറിഗേഷൻ വകുപ്പും അറിയിക്കണം.

# ലോക്കപ്പില്ലാതെ 46 സ്റ്റേഷനുകൾ; ആഭ്യന്തര സെക്രട്ടറിക്കും ഡി.ജി.പി.ക്കും നോട്ടീസ്

**തി**രുവനന്തപുരം : സംസ്ഥാനത്തെ 46 പോലീസ് സ്റ്റേഷനുകളിൽ ലോക്കപ്പ് സൗകര്യം ഇല്ലാത്തതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി കേസെടുത്തു. ആഭ്യന്തരസെക്രട്ടറിയും സംസ്ഥാന പോലീസ് മേധാവിയും ഇത് സംബന്ധിച്ച് അന്വേഷണം നടത്തി വിശദീകരണം സമർപ്പിക്കണമെന്നും ഉത്തരവിലുണ്ട്.

കേരളത്തിലുള്ള 500 ഓളം പോലീസ് സ്റ്റേഷനുകളിൽ നാൽപ്പത്തിയാറെണ്ണത്തിലാണ് ലോക്കപ്പ് സൗകര്യം ഇല്ലാത്തതെന്ന് കെ.ജെ. ജോസ്പ്രകാശ് സമർപ്പിച്ച പരാതിയിൽ പറയുന്നു. ഏറ്റവും കൂടുതൽ തിരുവനന്തപുരത്ത്.

ലോക്കപ്പ് സൗകര്യമില്ലാത്ത പോലീസ് സ്റ്റേഷനുകളെ കുറിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽ കണക്കുകളില്ലെന്നും പരാതിക്കാരൻ ബോധിപ്പിച്ചു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷക്ക് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസ് നൽകിയ മറുപടിയിലാണ് ലോക്കപ്പ് സൗകര്യമില്ലാത്ത സ്റ്റേഷനുകളെ കുറിച്ച് വിശദാംശങ്ങൾ ലഭ്യമല്ലെന്ന് അറിയിച്ചത്.

ലോക്കപ്പ് സൗകര്യമില്ലാത്ത സ്റ്റേഷനുകൾ: തിരുവനന്തപുരം — ചിറയിൻകീഴ്, അഞ്ചുതെങ്ങ്, നെടുമങ്ങാട്, അരുവിക്കര, പൊൻമുടി, വിളപ്പിൽ, മാറനല്ലൂർ, തമ്പാനൂർ, കരമന, ശ്രീകാര്യം, തുമ്പ, കൊല്ലം-ഇരവിപുരം, ശക്തികുളങ്ങര, പള്ളിത്തോട്ടം, ഐരൂർ, തെന്മല. പത്തനംതിട്ട - പെരിനാട്, പുളിക്കീഴ്, മൂഴിയാർ. ആലപ്പുഴ - വീയപുരം, അരൂർ, മണ്ണാംചേരി, കുറത്തികാട്. കോട്ടയം - കാഞ്ഞിരപ്പള്ളി, പള്ളിക്കത്തോട്. ഇടുക്കി - കുളമാവ്. എറണാകുളം - മുളവുകാട്, ആലുവ വെസ്റ്റ്, ചോറ്റാനിക്കര, തടിയിട്ടപറമ്പ്. മലപ്പുറം - കരിപ്പൂർ, വയനാട് - തലപ്പുഴ, പനമരം. കോഴിക്കോട് - ചോമ്പാല, മേപ്പയ്യൂർ, തൊട്ടിൽപ്പാലം, പെരുവണ്ണാമൂഴി, വെള്ളയിൽ. പാലക്കാട് - ശ്രീകൃഷ്ണപുരം. കണ്ണൂർ - ചക്കരക്കൽ, മയ്യിൽ, അഴീക്കൽ, കണ്ണവനം, ന്യൂ മാഹി, പരിയാരം, പയ്യാവൂർ.

ലോക്കപ്പില്ലാത്ത സ്റ്റേഷനുകളിൽ കുറ്റവാളികളെ കൂച്ചുവിലങ്ങ് ഇടുകയോ മേശക്കാലിലോ തൂണിലോ ബന്ധിക്കുകയാണ് പതിവെന്ന് പരാതിയിൽ പറയുന്നു.

# അറബിക്കല്യാണം: അനാഥാലയങ്ങളെക്കുറിച്ച് അന്വേഷിക്കും

**തി**രുവനന്തപുരം : അറബിക്കല്യാണം, മൈസൂർകല്യാണം, അനാഥാലയങ്ങളിലെ പീഡനങ്ങൾ തുടങ്ങിയവ വർദ്ധിക്കുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളെയും അഗതിമന്ദിരങ്ങളെയും കുറിച്ച് വിശദമായ അന്വേഷണം നടത്താൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

കമ്മീഷന്റെ അന്വേഷണവിഭാഗം മേധാവി ഡി.ഐ.ജി. എസ്. ശ്രീജിത്തിനാണ് അന്വേഷണ ചുമതല.

കേരളത്തിൽ എത്ര അനാഥാലയങ്ങൾ ആരാധനാലയ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്, രജിസ്ട്രേഷനുള്ള അനാഥാലയങ്ങൾ നിയമാനുസരണമാണോ പ്രവർത്തിക്കുന്നത്, ഇത്തരം സ്ഥാപനങ്ങളിൽ നിയമാനുസൃതമായ പരിശോധനകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്നുണ്ടോ, രജിസ്റ്റർ ചെയ്യാത്ത സ്ഥാപന നടത്തിപ്പുകാർക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോ, രജിസ്റ്റർ ചെയ്യാത്ത എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്, അനാഥാലയങ്ങളുടെ പേരിൽ വൻ തോതിൽ പണപ്പിരിവ് നടക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കാനാണ് നിർദ്ദേശം.

സന്മനസ്സുള്ളവർ പാവപ്പെട്ട കുട്ടികളുടെ നന്മയ്ക്കുവേണ്ടി നൽകുന്ന പണം മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടോ, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് പാവപ്പെട്ട കുട്ടികളെ കൊണ്ടുവന്ന് വിദേശത്തുനിന്നും കണക്കുപറഞ്ഞ് പണം സമ്പാദിക്കുന്നുണ്ടോ, ഇത്തരം സ്ഥാപനങ്ങളിൽ അനാശാസ്യപ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ, ലൈംഗീകപീഡനം നടക്കുന്നുണ്ടോ, അനാഥാലയങ്ങളിലെ താമസത്തിനുശേഷം പുറത്തുപോകുന്ന കുട്ടികൾ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളും അന്വേഷിക്കും. സംസ്ഥാനത്തെ മുഴുവൻ അനാഥാലയങ്ങളും അഗതിമന്ദിരങ്ങളും അന്വേഷണപരിധിയിൽ വരും.

സർക്കാർ, പോലീസ്, ശിശുക്ഷേമ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെ അന്വേഷണം നടത്തണമെന്നും ഉത്തരവിലുണ്ട്. വിവരാവകാശനിയമപ്രകാരം തെളിവുകൾ ശേഖരിക്കാവുന്നതാണ്.

ജില്ലാ പോലീസ് മേധാവിയും ജില്ലാ കളക്ടറും എസ്.ഐ., എ.എസ്.ഐ. റാങ്കിലുള്ള രണ്ട് ഉദ്യോഗസ്ഥരെ അന്വേഷണത്തിന് നിയമിക്കണം. അഞ്ചു മാസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണം.

അനാഥാലയങ്ങളെക്കുറിച്ചുള്ള ഇപ്പോഴത്തെ നിയമങ്ങൾ അപര്യാപ്തമാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി നിരീക്ഷിച്ചു. അന്വേഷണത്തിനുശേഷം മനുഷ്യാവകാശസംരക്ഷണനിയമം അനുസരിച്ച് നിയമമുണ്ടാക്കാൻ കമ്മീഷൻ സർക്കാരിന് മാർഗ്ഗനിർദ്ദേശം നല്കും. 21-ാം നൂറ്റാണ്ടിന്റെ പുതിയ സാഹചര്യത്തിൽ അനാഥാലയങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

# വയോധികയുടെ വീടിന് സർക്കാർ സംരക്ഷണഭിത്തി നിർമ്മിക്കും

**കൊ**ച്ചി : സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി റോഡ് വികസനത്തിനായി സ്ഥലം ഏറ്റെടുത്തപ്പോൾ ബലക്ഷയം സംഭവിച്ച വീടിന് സംരക്ഷണഭിത്തിയും നടപ്പാതയും പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ചു നൽകും. ചെമ്പകമറ്റം റെജു നിവാസിൽ സി.പി. ശാന്താദേവി എന്ന എഴുപതുകാരിയുടെ പരാതിയാണ് പരിഹരിച്ചത്.

മൂവാറ്റുപുഴ റോഡിന്റെ വികസനത്തിനുവേണ്ടിയാണ് സർക്കാർ 1.21 ഏക്കർ ഏറ്റെടുത്തത്. റോഡ് വികസനത്തിനായി മണ്ണ് മാറ്റിയപ്പോൾ പതിനഞ്ച് അടി ഉയരമുള്ള പരാതിക്കാരിയുടെ വീടിന് ബലക്ഷയം സംഭവിച്ചു. സെപ്റ്റിക് ടാങ്കും കക്കൂസും തകർന്നു. നടപ്പാതയും ഇല്ലാതായി. പരസഹായമില്ലാതെ വീടിന് പുറത്തിറങ്ങാൻ കഴിയാത്ത ശാന്താദേവി തുടർന്ന് കമ്മീഷനെ സമീപിക്കുകയായിരുന്നു. കമ്മീഷൻ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നോട്ടീസയച്ചു.

എന്നാൽ പരാതിക്കാരിക്ക് കോൺക്രീറ്റ് നടപ്പാത നിർമ്മിച്ച് നൽകിയെന്ന് പൊതുമരാമത്ത് വകുപ്പ് കമ്മീഷനെ അറിയിച്ചു. പ്രസ്തുത വാദം ശരിയല്ലെന്ന് ശാന്താദേവി കമ്മീഷനെ അറിയിച്ചു. പരാതിക്കാരിയുടെ വീടിന് സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകാൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിടുകയായിരുന്നു.

റോഡ് വീതി കൂട്ടുമ്പോൾ സമീപത്തെ വീടുകൾക്ക് കേടുപാടു സംഭവിക്കാതിരിക്കാനുള്ള ഉത്തരവാദിത്വം എഞ്ചിനീയർമാർക്കാണെന്നും ഇല്ലെങ്കിൽ നാശനഷ്ടങ്ങൾക്ക് ഇവർ വ്യക്തിപരമായി ഉത്തരവാദികളായിരിക്കുമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ ചൂണ്ടിക്കാണിച്ചു. പരാതിക്കാരിയുടെ സ്ഥലം എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് പരിശോധിക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

ഇതിനെത്തുടർന്ന് ശാന്താദേവിയുടെ സ്ഥലത്തിന് സംരക്ഷണഭിത്തിയും നടപ്പാതയും നിർമ്മിച്ചു നൽകാൻ പൊതുമരാമത്ത് വകുപ്പ് തീരുമാനിച്ചു. ഇക്കൊല്ലം ഡിസംബർ 31-ന് മുമ്പ് ഇവ പൂർത്തിയാക്കുമെന്നും ഇതിനായി ടെണ്ടർ വിളിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ കമ്മീഷനിൽ നേരിട്ട് ഹാജരായി വിശദീകരിച്ചു. കേസ് തീർപ്പാക്കി.

# നിർമ്മൽ മാധവൻ സംഭവം : അസി. കമ്മീഷണറെ ക്രമസമാധാന രംഗത്ത് നിന്നും മാറ്റിനിർത്തണം

**തി**രുവനന്തപുരം : നിർമ്മൽ മാധവൻ എന്ന വിദ്യാർത്ഥിയുടെ പ്രവേശനവുമായി ബന്ധപ്പെട്ട് 2011 ഒക്ടോബർ 10-ന് കോഴിക്കോട് ഗവ. എഞ്ചിനീയറിംഗ് കോളേജിലുണ്ടായ വെടിവയ്പ്പിൽ അന്ന് നോർത്ത് അസി. കമ്മീഷണറായിരുന്ന രാധാകൃഷ്ണപിള്ളയ്ക്കെതിരെ വകുപ്പുതല അന്വേഷണം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനംഗം കെ.ഇ. ഗംഗാധരൻ ഉത്തരവിട്ടു. അദ്ദേഹത്തെ ക്രമസമാധാനരംഗത്ത് ഭാവിയിൽ നിയമിക്കരുതെന്നും ഉത്തരവിലുണ്ട്.

രാധാകൃഷ്ണപിള്ളയുടെ അവിവേകമാണ് പ്രശ്നങ്ങൾക്കു കാരണമായതെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ക്രമസമാധാനം ഉറപ്പുവരുത്തേണ്ട ഉദ്യോഗസ്ഥൻ പ്രത്യേകിച്ച് ഒരു കാരണവുമില്ലാതെ പ്രകോപിതനാവുകയായിരുന്നു. സംഭവത്തെക്കുറിച്ച് മനസ്സിലാക്കാതെയും വരുംവരായ്കകളെക്കുറിച്ച് ആലോചിക്കാതെയുമാണ് അദ്ദേഹം സർവ്വീസ് റിവോൾവർ ഉപയോഗിച്ച്



നാലു തവണ വെടിയുതിർത്തത്.

ഇത് സംബന്ധിച്ച് ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന കെ.ജയകുമാർ നടത്തിയ അന്വേഷണത്തിലും രാധാകൃഷ്ണപിള്ള കുറ്റക്കാരനാണെന്ന് തെളിഞ്ഞിരുന്നു. പ്രസ്തുത റിപ്പോർട്ട് സർക്കാർ ഗൗരവത്തോടെ കാണണമെന്ന് കമ്മീഷൻ നിരീക്ഷിച്ചു. മുതിർന്ന ഒരു ഉദ്യോഗസ്ഥനിൽ നിന്നും ഭാവിയിൽ ഇത്തരം ഒരു എടുത്തുചാട്ടം ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സർക്കാർ കൈക്കൊള്ളണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

പഠിച്ച കോളേജിൽ റാഗിങ്ങിന് വിധേയനായതിനെ തുടർന്ന് സർക്കാരിന്റെ നിർദ്ദേശ പ്രകാരമാണ് നിർമ്മൽ മാധവൻ കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിൽ പ്രവേശനം നേടിയത്. പ്രവേശനത്തെ വിദ്യാർത്ഥി സംഘടനകൾ എതിർത്തു. ഒക്ടോബർ 10-ന് നിർമ്മൽ മാധവൻ കോളേജിലെത്തിയതോടെ പ്രതിഷേധം ശക്തമാകുകയും നിരവധി വിദ്യാർത്ഥികൾക്കും പോലീസുകാർക്കും പരിക്കേൽക്കുകയും ചെയ്തു. തുടർന്ന് പ്രകോപിതനായ അസി. കമ്മീഷണർ രാധാകൃഷ്ണപിള്ള മുന്നറിയിപ്പ് കൂടാതെ വെടിവയ്ക്കുകയായിരുന്നു.

# കമ്മീഷൻ ഉത്തരവ്;
## ചികിത്സാപിഴവിന് സർക്കാർ 4 ലക്ഷം നൽകും

തിരുവനന്തപുരം: തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സാപിഴവ് കാരണം മരിച്ചയാളുടെ കുടുംബത്തിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാലുലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ സർക്കാർ തീരുമാനിച്ചു.

2005 ജൂലൈ 18 നാണ് മുകുന്ദപുരം അടുപ്പശേരിൽ ജോർജ് മരിച്ചത്. ഡെങ്കിപ്പനിയാണെന്ന സംശയത്തിൽ ഇരിങ്ങാലക്കുട സർക്കാർ ആശുപത്രിയിൽ നിന്നും ജോർജിനെ തൃശൂർ മെഡിക്കൽകോളേജിലെത്തിക്കുകയായിരുന്നു. ജോർജിന്റെ രോഗം കണ്ടെത്താനോ ആവശ്യമായ മരുന്നുകൾ നൽകാനോ മെഡിക്കൽകോളേജ് ആശുപത്രി അധികൃതർ ശ്രമിച്ചില്ല. പനിക്ക് നൽകുന്ന പാരസിറ്റമോൾ മാത്രം കൊടുത്തുകൊണ്ടിരുന്നു. അവധിക്ക് ആശുപത്രിയിലെ ലാബ് പ്രവർത്തിക്കാത്തതിനാൽ രോഗ പരിശോധന നടത്തിയില്ല. ഇതിനിടയിൽ ജോർജിന് ബോധക്ഷയം ഉണ്ടാവുകയും തുടർന്ന് നടത്തിയ പരിശോധനയിൽ സെറിബറൽ മലേറിയയാണെന്ന് കണ്ടെത്തുകയും ചെയ്തു. മലേറിയക്കുള്ള മരുന്ന് മെഡിക്കൽകോളേജിൽ ലഭ്യമല്ലാത്തതിനാൽ സ്വകാര്യ ആശുപത്രിയെ ആശ്രയിക്കേണ്ടി വന്നു. ഇതിനിടയിൽ ജോർജ് മരിച്ചു.

ജോർജിന്റെ മരണകാരണത്തെക്കുറിച്ച് അന്വേഷിച്ച കമ്മിറ്റി യഥാസമയം ലാബ് പരിശോധന നടത്തി രോഗം കണ്ടെത്തിയില്ലെന്നും ജോർജിന് ഫലപ്രദമായ ചികിത്സ ലഭിച്ചില്ലെന്നും കണ്ടെത്തി.

മലേറിയക്കുള്ള മരുന്ന് മെഡിക്കൽകോളേജ് ആശുപത്രിയിൽ ലഭ്യമല്ലാത്തത് അത്ഭുതമാണെന്ന് കമ്മീഷൻ ഉത്തരവിൽ ചൂണ്ടിക്കാണിച്ചിരുന്നു. അവധി ദിവസം ലാബ് തുറക്കാത്തതിന് ന്യായീകരണമില്ലെന്നും ചികിത്സാപിഴവിന് നാലുലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നും കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടിരുന്നു.

നഷ്ടപരിഹാരം നൽകാൻ തീരുമാനിച്ച് ഉത്തരവ് പുറത്തിറക്കിയതായി ആരോഗ്യവകുപ്പ് കമ്മീഷനെ അറിയിച്ചു.

# കമ്മീഷൻ ഇടപെട്ടു; എ.പി.എൽ കാർഡ് ബി.പി.എല്ലായി

പത്തനംതിട്ട: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി നിത്യവൃത്തിക്ക് വകയില്ലാത്തയാളുടെ കുടുംബത്തിന്റെ എ.പി.എൽ കാർഡ് ബി.പി.എല്ലായി.

കൊടുമൺ അങ്ങാടിക്കൽ ദിവ്യാഭവനത്തിൽ 63 വയസ്സുള്ള എൻ ദേവരാജന്റെ നാലുവർഷത്തെ കാത്തിരിപ്പിനാണ് അറുതിയായത്. റേഷൻകാർഡ് എ.പി.എൽ ആയതിനാൽ കൂലിവേലക്കാരനായ ദേവരാജന്റെ കുടുംബത്തിന് ചികിത്സാ ആനുകൂല്യങ്ങൾ പോലും ലഭിക്കുന്നില്ല. റേഷൻകാർഡ് ബി.പി.എൽ ആക്കാൻ 2009-ൽ ഗ്രാമസഭയിൽ അപേക്ഷ നൽകിയെങ്കിലും ഫലമുണ്ടായില്ല. ദേവരാജന്റെ ഭാര്യ മൂന്നു വർഷമായി തളർവാതം ബാധിച്ച് കിടപ്പിലാണ്. ചികിത്സാ ചിലവിലേക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആയിരം രൂപ സഹായം കിട്ടിയെങ്കിലും കാർഡ് എ.പി.എൽ. ആയതിനാൽ തുടർസഹായം കിട്ടിയില്ല.

മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ. ബി. കോശിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടൂർ താലൂക്ക് സപ്ലൈ ഓഫീസറും, കൊടുമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും നടപടികൾ സ്വീകരിക്കുകയും ദേവരാജന്റെ റേഷൻ കാർഡ് ബി.പി.എൽ. ആക്കുകയും ചെയ്തു.

# മുരിക്കുംപാടം-ബെൽബോ റോഡ് പൊതുമരാമത്തിന്

കൊച്ചി: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി മുരിക്കുംപാടം-ബെൽബോ റോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ തീരുമാനമായി.

മുരിക്കുംപാടം സ്നേഹദീപം റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് ഷൈലജാ വിജയൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

മുരിക്കുംപാടം ബെൽബോ യൂണിവേഴ്സിറ്റി റോഡ് ചതുപ്പിലാണ് നിർമ്മിച്ചിരിക്കുന്നതെന്ന് പരാതിയിൽ പറയുന്നു. ഭാരത് പെട്രോളിയത്തിന്റെയും എൽ.എ.ജി. യുടെയും സാധനങ്ങൾ കയറ്റിവരുന്ന കൂറ്റൻ ട്രയിലറുകൾ കാരണം റോഡ് തകർന്നു തരിപ്പണമായി. തകർന്ന വീടുകൾക്ക് ഭാരത് പെട്രോളിയം നഷ്ടപരിഹാരം നൽകിയെങ്കിലും റോഡ് പുനർനിർമ്മിച്ചില്ല. ഇതിനിടയിൽ സ്വകാര്യവ്യക്തി കണ്ടെയ്നർ യാർഡ് സ്ഥാപിച്ചു. എളങ്കുന്നപുഴ പഞ്ചായത്ത് റോഡ് നന്നാക്കാൻ നടപടി സ്വീകരിക്കുന്നില്ലെന്നും പരാതിയിൽ പറയുന്നു.

കമ്മീഷൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടപ്പോൾ എളങ്കുന്നപുഴ പഞ്ചായത്ത്, സ്ഥലം പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടില്ലെന്ന് അറിയിച്ചു. ഭാരം താങ്ങാൻ റോഡിന് കഴിയില്ലെന്നും പുനർനിർമ്മിക്കാൻ ഒരു കോടി രൂപ ആവശ്യമാണെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചു.

റോഡ് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കാത്തത് സർക്കാരിന്റെ ഉത്തരവാദിത്വകുറവാണെന്ന് ജസ്റ്റിസ് ജെ. ബി. കോശി ഇടക്കാല ഉത്തരവിൽ നിരീക്ഷിച്ചു.

തുടർന്ന് എളങ്കുന്നപുഴ ഗ്രാമപഞ്ചായത്ത് യോഗം ചേർന്ന് റോഡ് ഞാറക്കൽ പൊതുമരാമത്ത് സെക്ഷന് കൈമാറാൻ തീരുമാനിച്ചു. റോഡിന്റെ ശോചനീയാവസ്ഥ പരിഹരിച്ചതായും കമ്മീഷനെ അറിയിച്ചു. പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി നിർദ്ദേശിച്ചു.

# മൂന്നിഞ്ച് പൈപ്പ് മാറ്റാൻ തർക്കം; കമ്മീഷന്റെ രൂക്ഷവിമർശനം

തിരുവനന്തപുരം: 120 മീറ്റർ നീളമുള്ള മൂന്നിഞ്ച് പൈപ്പിട്ടാൽ തീർക്കാവുന്ന പ്ലാമൂട്ടിലെ പൈപ്പ് തകരാർ രണ്ട് സർക്കാർ വകുപ്പുകൾ തമ്മിൽ മാസങ്ങളായി നീളുന്ന തർക്കം കാരണം പരിഹരിക്കാത്തതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശിയുടെ രൂക്ഷവിമർശനം.

കുടിവെള്ളം മനുഷ്യാവകാശ പ്രശ്നമാണെന്നും സെപ്തംബർ 15 നകം ജല അതോറിറ്റി എം.ഡി. നേരിട്ട് ഇടപെട്ട് കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നും ജസ്റ്റിസ്. ജെ.ബി. കോശി ഉത്തരവിട്ടു. മുതിർന്ന പൗരന്മാരും രോഗികളും ധാരാളം താമസിക്കുന്ന സ്ഥലത്താണ് ഇതെന്നും ഇവർക്ക് കുടിവെള്ളം നിഷേധിക്കുന്നത് ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണെന്നും ഉത്തരവിലുണ്ട്.

നഗരഹൃദയത്തിൽ പട്ടം പ്ലാമൂട് ജംഗ്ഷൻ പരിസരത്ത് എം.എൻ.ലെയിൻ, പുഷ്പ നഗർ എന്നിവിടങ്ങളിലാണ് കഴിഞ്ഞ മേയ് മുതൽ കുടിവെള്ളം കിട്ടാത്തത്. പ്ലാമൂട് തേക്കുമൂട് ലൈനിൽ ചോർച്ചയുണ്ടെന്ന് ജൂണിൽ കണ്ടുപിടിച്ചെങ്കിലും ഇതുവരെ നന്നാക്കിയില്ല. നിസാരതകരാർ നന്നാക്കാനുള്ള ചെലവ് ആരു വഹിക്കണം എന്നത് സംബന്ധിച്ച് പൊതുമരാമത്ത്, ജല അതോറിറ്റി എന്നിവർ തമ്മിൽ തർക്കമുണ്ടെന്നാണ് പരാതി. ആഗസ്റ്റ് 5 മുതൽ ചില സ്ഥലങ്ങളിൽ നൂലുപോലെ വെള്ളം കിട്ടി തുടങ്ങി. എന്നാൽ ഉയർന്ന ഭാഗങ്ങളിലെ വീടുകളിൽ വെള്ളം കയറുന്നില്ല. ഫ്ളാറ്റുകളും ആശുപത്രികളും ചേർന്ന് വെള്ളം ചോർത്തുന്നതാവാം കാരണമെന്നും നാട്ടുകാർക്ക് പരാതിയുണ്ട്.

തകരാർ സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് ജല അതോറിറ്റി എം.ഡി. സമർപ്പിക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചു. എം.എൻ. ലൈൻ, പുഷ്പ നഗർ റസിഡൻസ് അസോസിയേഷൻ ഭാരവാഹികളാണ് പരാതി സമർപ്പിച്ചത്.

# മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടു; ജയിലുകളിൽ ഉപദേശക സമിതികളായി

തിരുവനന്തപുരം: മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി സംസ്ഥാനത്തെ ജയിലുകളിൽ ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ച് ആഭ്യന്തര വകുപ്പ് ഉത്തരവായി.

കേരളത്തിലെ ജയിലുകളിൽ ജയിൽ ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ചിട്ട് വർഷങ്ങളായി. ജയിൽ നടപടികളും പരാതികളും പരിഗണിക്കേണ്ടതും തടവുകാർക്ക് ജയിൽമോചനം ശുപാർശ ചെയ്യേണ്ടതും ഇത്തരം സമിതികളാണ്. സമിതി പുനഃസംഘടിപ്പിക്കാത്തതു കാരണം തടവുകാർക്ക് ഏറെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും അടിയന്തിരമായി പുനഃസംഘടിപ്പിക്കണമെന്നും ജസ്റ്റിസ്. ജെ.ബി. കോശി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് നടപടി.

തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ, നെട്ടുകാൽത്തേരി, ചീമേനി ജയിലുകളിലും തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ വനിതാ ജയിലുകളിലുമാണ് ഉപദേശക സമിതികൾ പുനഃസംഘടിപ്പിച്ചിട്ടുള്ളത്.

പുനഃസംഘടിപ്പിച്ച ജയിൽ ഉപദേശകസമിതികൾ കൃത്യമായി സിറ്റിങ്ങുകൾ നടത്തി നിയമപ്രകാരം നടപടികൾ നിറവേറ്റണമെന്ന് ജസ്റ്റിസ്. ജെ.ബി. കോശി സർക്കാരിന് നിർദ്ദേശം നൽകി. നടപടിയുടെ അടിസ്ഥാനത്തിൽ അഡ്വ. ജെ. സന്ധ്യ സമർപ്പിച്ച പരാതി കമ്മീഷൻ തീർപ്പാക്കി.

# പന്തെടുക്കവേ പുഴയിൽ വീണ് വിദ്യാർത്ഥിയുടെ മരണം; സഹായ ധനം അനുവദിക്കണം

ഇടുക്കി : സ്കൂൾ മൈതാനത്തെ കളിക്കിടയിൽ പന്തെടുക്കാൻ അരുവിയിലേക്ക് ഇറങ്ങുമ്പോൾ വെള്ളത്തിൽ വീണ് മരിച്ച അടിമാലി വിശ്വദീപ്തി ഇംഗ്ലീഷ് മീഡിയം സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയായിരുന്ന വിശാഖിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആവശ്യമായ ധനസഹായം നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു. വിശാഖിന്റെ പിതാവ് ഉടുമ്പൻചോല സ്വദേശി വി. ശശി സമർപ്പിച്ച പരാതിയിലാണ് നടപടി.

സ്കൂൾ ഗ്രൗണ്ടിൽ കളിച്ചുകൊണ്ടിരിക്കെയാണ് അരുവിയിൽ വീണ പന്തെടുക്കാൻ വിശാഖും കൂട്ടുകാരനും ഇറങ്ങിയത്. രണ്ട് ദിവസങ്ങൾക്ക് ശേഷം വിശാഖിന്റെ കൂടെയുണ്ടായിരുന്ന അരുണിന്റെ ജഡം കിട്ടി. വിശാഖിന്റെ ജഡം കിട്ടിയതുമില്ല. മകന്റെ വിയോഗത്തിനു ശേഷം ഭാര്യ രോഗിയായെന്നും സർക്കാരും സ്കൂൾ അധികൃതരും ധനസഹായം നൽകിയില്ലെന്നും വി. ശശി പരാതിയിൽ പറയുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 30,000 രൂപ അനുവദിച്ചെങ്കിലും പരാതിക്കാർ കൈപ്പറ്റിയില്ലെന്ന് ജില്ലാ കളക്ടർ കമ്മീഷനെ അറിയിച്ചു. 30,000 രൂപ അപര്യാപ്തമായതിനാലാണ് പരാതിക്കാരൻ കൈപ്പറ്റാത്തതെന്ന് കമ്മീഷൻ നിരീക്ഷിച്ചു. പരാതിക്കാരന്റെയും കുടുംബത്തിന്റെയും പരാധീനതകൾ മനസിലാക്കി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാതിക്കാരന് അർഹമായ സാമ്പത്തിക സഹായം നൽകണമെന്ന് കമ്മീഷൻ അംഗം. ആർ. നടരാജൻ പറഞ്ഞു.

# അപകടത്തിൽമരിച്ചയാളുടെ കുടുംബത്തിന് 50, 000 രൂപ നൽകും

തിരുവനന്തപുരം: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കവടിയാർ ടോൾ ജംഗ്ഷനിൽ പോലീസിന്റെ വാഹന പരിശോധനയ്ക്കിടയിൽ അപകടത്തിൽ മരിച്ച പ്രദീപിന്റെ കുടുംബത്തിന് 50, 000 രൂപ സഹായം നൽകാൻ സർക്കാർ തീരുമാനിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകാനാണ് സർക്കാർ തീരുമാനിച്ചത്.

2011 നവംബർ നാലിനായിരുന്നു സംഭവം. വാഹന പരിശോധനക്കിടയിൽ ഓടിക്കൊണ്ടിരുന്ന ബൈക്കിന്റെ ഹാൻഡിലിൽ പോലീസ് പിടിക്കവേ പ്രദീപ് അപകടത്തിൽപ്പെട്ടന്നായിരുന്നു പത്രവാർത്തകൾ. ദൂരദർശൻ ഉദ്യോഗസ്ഥനായ കുരുവിള ജോർജ് ഇതിനെക്കുറിച്ച് കമ്മീഷനിൽ പരാതി നൽകിയിരുന്നു.

സംഭവ ദിവസം കവടിയാറിൽ വാഹന പരിശോധന നടത്തിയിട്ടില്ലെന്ന് പോലീസ് അറിയിച്ചു. പത്രവാർത്തകൾ നിഷേധിച്ച പേരൂർക്കട പോലീസ് അജ്ഞാത വാഹനമിടിച്ചാണ് പ്രദീപ് വീണതെന്നും അറിയിച്ചു. പോലീസാണ് പ്രദീപിനെ ആശുപത്രിയിൽ എത്തിച്ചതെന്നും ഇടിച്ച വാഹനം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും പോലീസ് റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

വാഹനം ഇടിച്ചു നിർത്താതെ പോകുന്ന കേസുകൾ വർധിക്കുന്ന പശ്ചാത്തലത്തിൽ വാഹനകുറ്റകൃത്യങ്ങളിൽ നിന്നും ഈടാക്കുന്ന പിഴയുടെ ഒരു ഭാഗം ഇത്തരം കേസുകളിൽ മരിക്കുന്നവരുടെ ആശ്രിതർക്ക് നൽകാൻ ഫണ്ട് രൂപീകരിക്കണമെന്നും കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

പ്രദീപിന്റെ മക്കൾ മാർ ഇവാനിയോസിൽ ബി.എസ്.സി. ക്കും പേരൂർക്കട കേന്ദ്രീയ വിദ്യാലയത്തിൽ ഒൻപതിലും പഠിക്കുന്നു. ഭാര്യ ബീനക്ക് ജോലിയില്ല സ്വന്തമായി വീടുമില്ല. നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സഹായം നൽകാൻ വ്യവസ്ഥയില്ലെങ്കിലും മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് അനുസരിക്കുകയാണെന്ന് റവന്യൂ സെക്രട്ടറി കമ്മീഷനെ അറിയിച്ചു. പ്രദീപിന്റെ ബൈക്കിൽ ഇടിച്ച വാഹനത്തെ ഊർജിതമായ അന്വേഷണം നടത്തി കണ്ടെത്തണമെന്ന് കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി സർക്കാരിന് നിർദ്ദേശം നൽകി.

# ബാങ്ക് മാനേജർ നാടുവിട്ട സംഭവത്തിൽ കേസെടുത്തു

കണ്ണൂർ: ബാങ്ക് അധികൃതരുടെ പീഡനം കാരണം എച്ച്.ഡി.എഫ്.സി. ബാങ്ക് മാനേജരായിരുന്ന മകൻ നാടുവിട്ടതിനെ തുടർന്ന് പിതാവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ. ഇ. ഗംഗാധരൻ സ്വമേധയാ കേസെടുത്തു. കണ്ണൂർ ജില്ലാപോലീസ് സൂപ്രണ്ട് വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ നോട്ടീസിൽ ആവശ്യപ്പെട്ടു.

ഉദ്ഘാടനം കഴിഞ്ഞിട്ടും തലശ്ശേരി ജനറൽ ആശുപത്രിയിലെ ജെറിയാട്രിക് വാർഡ് അടഞ്ഞുകിടക്കുന്ന സംഭവത്തിലും കമ്മീഷൻ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും വിശദീകരണം തേടി.

വീൽചെയറിൽ ജീവിതം തളച്ചിട്ട മകനും വിവാഹ പ്രായം കഴിഞ്ഞ മകളും തൊഴിൽരഹിതനായ മകനുമായി നിത്യജീവിതത്തിന് പരാശ്രയം തേടിയ കുടുംബം കനത്ത മഴയിൽ വീട് തകർന്ന് പെരുവഴിയിലായ സംഭവത്തിലും കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ കേസെടുത്തു. കൂത്തുപറമ്പ് എരുവെട്ടി വെണ്ടുട്ടായി സി. പങ്കജാക്ഷിയുടെ കുടുംബത്തിന്റെ ദുരിതമാണ് കേസിന് ആധാരമായത്. കണ്ണൂർ സാമൂഹ്യ നീതിവകുപ്പ് ജില്ലാ അധികാരി രണ്ടാഴ്ചക്കകം വിശദീകരണം സമർപ്പിക്കണം. മാധ്യമവാർത്തകളുടെ അടിസ്ഥാനത്തിലാണ് നടപടി.

# നിയമം പഠിക്കുന്നത് വരെ എസ്.ഐ.യെ സ്റ്റേഷൻ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന് കമ്മീഷൻ

തിരുവനന്തപുരം : നിയമം അറിയാത്ത സബ് ഇൻസ്പെക്ടർക്ക് നിയമപരിജ്ഞാനം നൽകണമെന്നും അതുവരെ സ്റ്റേഷൻ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്നും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ.

ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്ട്-1956 അറിയാത്ത കണ്ണൂർ ടൗൺ സബ് ഇൻസ്പെക്ടർ മനോജിന് നിയമപരിജ്ഞാനം നൽകണമെന്നാണ് കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്നത്. കണ്ണൂർ സ്വദേശി വി.പി. ശങ്കരൻ നമ്പൂതിരി സമർപ്പിച്ച പരാതിയിലാണ് നടപടി.

തയ്യൽകടയിൽ അനാശാസ്യ പ്രവർത്തനം നടക്കുകയാണെന്ന് ആരോപിച്ച് വികലാംഗനായ തന്റെ കടയിൽ കണ്ണൂർ ടൗൺ എസ്.ഐ.യുടെ നേതൃത്വത്തിൽ പരിശോധന നടത്തിയെന്നാണ് ശങ്കരൻ നമ്പൂതിരിയുടെ പരാതി. 2012 നവംബർ 6നായിരുന്നു സംഭവം. തന്നെ അപമാനിക്കാനുള്ള ശ്രമമാണ് ഇതിന് പിന്നിലെന്നും നമ്പൂതിരി ആരോപിച്ചു. കട പരിശോധിച്ചെങ്കിലും ഒന്നും കണ്ടെത്താനായില്ല.

കമ്മീഷൻ നടത്തിയ വിസ്താരത്തിലാണ് ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്ട് എന്താണെന്ന് അറിയില്ലെന്ന് എസ്.ഐ. അറിയിച്ചത്. ഇതേ നിയമം നടപ്പിലാക്കുന്നതിന് മുമ്പ് സ്വീകരിക്കേണ്ട മുൻകരുതലുകളെ കുറിച്ച് തനിക്ക് അറിയില്ലെന്നും

എസ്.ഐ. കമ്മീഷനെ അറിയിച്ചു. പരാതിക്കാരനുണ്ടായ മാനഹാനിക്ക് നഷ്ടപരിഹാരമായി 25,000 രൂപ സർക്കാർ നൽകണമെന്നും കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ ഉത്തരവായി.

# പുനലൂർ നഗരസഭയുടെ അറവുശാല അടച്ചുപൂട്ടണം

**കൊ**ല്ലം: പുനലൂർ മാർക്കറ്റിൽ നഗരസഭ നടത്തുന്ന അറവുശാല അടിയന്തിരമായി അടച്ചുപൂട്ടണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.

അറവുമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാത്തതു കാരണം കല്ലടയാറ്റിൽ പതിക്കുന്നതായും ശുദ്ധജലവും ശുദ്ധവായുവും ഉപയോഗിച്ച് ജീവിക്കാനുള്ള മനുഷ്യന്റെ അവകാശത്തെ ഹനിക്കുന്നതായും കണ്ടെത്തിയ പശ്ചാത്തലത്തിലാണ് ഉത്തരവ്.

കഴിഞ്ഞ വർഷം ഡിസംബറിൽ അറവുശാല പൂട്ടണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ നിർദ്ദേശം നഗരസഭ അംഗീകരിച്ചിട്ടില്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നു. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നില്ലെന്നും ടാങ്കർ ലോറികളിൽ മാലിന്യം നീക്കം ചെയ്യുന്നത് ശാസ്ത്രീയമായല്ലെ ന്നും വിശദീകരണത്തിലുണ്ട്.

എന്നാൽ താല്ക്കാലികമായി പ്രശ്നം പരിഹരിച്ചെന്നാണ് പുനലൂർ നഗരസഭ കമ്മീഷനിൽ വിശദീകരിച്ചത്. നിലവിലുള്ള അറവുശാല പൊളിച്ചുമാറ്റി പുതിയത് സ്ഥാപിക്കുന്നതിന് ഒരു കോടിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ശുചിത്വമിഷന് സമർപ്പിച്ചതായും നഗരസഭ അറിയിച്ചു. തുറസായ സ്ഥലത്താണ് ഉരുക്കളുടെ തൊലിയുരിക്കുന്നതെന്നും മാംസം ഭക്ഷ്യയോഗ്യമല്ലെന്നും കൊല്ലം ജില്ലാ കളക്ടർ കമ്മീഷനെ അറിയിച്ചു.

മലിനീകരണ നിയന്ത്രണ ബോർഡ് ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിച്ച് അവരുടെ അനുവാദപ്രകാരം മാത്രം അറവുശാലയുടെ പ്രവർത്തനം തുടരണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ഉത്തരവ് നടപ്പിലാക്കിയ കാര്യം കമ്മീഷനെ രേഖാമൂലം അറിയിക്കണമെന്നും ഉത്തരവിലുണ്ട്. എ.കെ. നസീർ കമ്മീഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി.

# പോലീസ് ജീപ്പിൽ നിന്നും വീണ് മരിച്ച യുവാവിന്റെ കുടുംബത്തിന് 10 ലക്ഷം നൽകണം

**ആ**ലപ്പുഴ: വണ്ടാനം ജംഗ്ഷനിൽ വാഹന പരിശോധനക്കിടയിൽ കസ്റ്റഡിയിലെടുത്ത അഖിലേഷ് പോലീസ് ജീപ്പിൽ നിന്നും വീണ് ഗുരുതരമായി പരിക്കേറ്റ് മരിക്കാനിടയായ സംഭവത്തിൽ അഖിലേഷിന്റെ കുടുംബത്തിന് പത്തു ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടു.

കഴിഞ്ഞ മാർച്ച് 16 നാണ് അഖിലേഷ് ജീപ്പിൽ നിന്നും വീണത്. അമൃത ആശുപത്രിയിൽ ചികിത്സയിലിരിക്കെ മാർച്ച് 25 ന് മരിച്ചു. അഖിലേഷിനെ മർദ്ദിച്ച് റോഡിൽ തള്ളിയെന്നാണ് ആരോപണം. എന്നാൽ പോലീസുകാർ ആരോപണം നിഷേധിച്ചു. അത്തരം കാര്യങ്ങൾ ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ വ്യക്തമാകുമെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. എന്നാൽ നിസാരമായ ട്രാഫിക് കുറ്റകൃത്യത്തിന് ഇത്രയും നടപടി വേണമായിരുന്നോ എന്ന് കമ്മീഷൻ ചോദിച്ചു.

പോലീസ് കസ്റ്റഡിയിലിരിക്കെയാണ് അഖിലേഷ് അപകടത്തിൽപ്പെട്ടതെന്ന് കമ്മീഷൻ ഉത്തരവിൽ പറഞ്ഞു. കസ്റ്റഡിയിലെടുത്ത പ്രതിയെ സൂക്ഷിക്കേണ്ട ബാധ്യത പോലീസിനാണ്. മതിയായ സുരക്ഷിതത്വം ഇല്ലാതെയാണ് പുന്നപ്ര പോലീസ് യുവാവിനെ കൊണ്ടുപോയതെന്ന് ഡി.വൈ.എസ്.പി. കമ്മീഷനെ അറിയിച്ചു. പ്രതിയുടെ സംരക്ഷണം കസ്റ്റഡിയിലെടുത്ത ഉദ്യോഗസ്ഥന്റെ ചുമതലയാണെന്നും കമ്മീഷൻ നിരീക്ഷിച്ചു. കസ്റ്റഡിയിലെടുത്ത പ്രതി രക്ഷപ്പെടുമെന്നുള്ള സാധ്യത ഒരിക്കലും പോലീസ് തള്ളിക്കളയരുത്. എസ്.ഐയുടെ നടപടി നിയമം കൈകാര്യം ചെയ്യുന്ന ഒരാളിൽ നിന്നും ഉണ്ടാകാൻ പാടില്ലാത്ത ഉത്തരവാദിത്വമില്ലായ്മയാണ്.

അഖിലേഷിന്റെ മരണം സംബന്ധിച്ച് പുന്നപ്ര പോലീസ് രജിസ്റ്റർ ചെയ്ത 261/13 കേസിന്റെ അന്വേഷണം ഉടൻ പൂർത്തിയാക്കണമെന്ന് കമ്മീഷൻ ക്രൈംബ്രാഞ്ചിന് നിർദ്ദേശം നൽകി. സ്വീകരിച്ച നടപടികൾ ആഭ്യന്തര സെക്രട്ടറി ഒരു മാസത്തിനകം കമ്മീഷനെ അറിയിക്കണം.

# ഇടതുകാലിന് പകരം വലതുകാലിന് ശസ്ത്രക്രിയ; ഒരു ലക്ഷം നഷ്ടപരിഹാരം നൽകണം

**കോ**ഴിക്കോട്: ഇടതുകാലിന് പകരം വലതുകാലിന് ശസ്ത്രക്രിയ നടത്തിയ രോഗിക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ ഉത്തരവിട്ടു.

കോഴിക്കോട് മെഡിക്കൽ കോളേജിലാണ് സംഭവമുണ്ടായത്. മാനന്തവാടി സ്വദേശി സി.എച്ച്. റഫീക്കിന്റെ കാലാണ് ഡോക്ടർക്ക് മാറിപ്പോയത്. പത്രവാർത്തകളെ തുടർന്ന് കമ്മീഷൻ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

2005-ൽ റഫീക്ക് അടയ്ക്കാമരത്തിൽ നിന്നും വീണു പരുക്കേറ്റിരുന്നു. ശസ്ത്രക്രിയക്ക് ശേഷം കാലിൽ കമ്പിയിട്ടിരുന്നു. കമ്പി മാറ്റുന്നതിനായി 2009-ൽ മെഡിക്കൽ കോളേജിൽ വീണ്ടും പ്രവേശിച്ചപ്പോഴാണ് ജൂനിയർ ഡോക്ടർക്ക് അബദ്ധം സംഭവിച്ചത്. ശസ്ത്രക്രിയ നടത്തേണ്ട കാൽ മാറിപ്പോയെന്ന് മനസ്സിലാക്കിയപ്പോൾ വലതുകാലിനൊപ്പം ഇടതുകാലിലും ശസ്ത്രക്രിയ നടത്തി.

കാലു മാറി ശസ്ത്രക്രിയ നടത്തിയത് പിഴവാണെങ്കിലും മനുഷ്യസഹജമായ അബദ്ധമാണെന്ന് ആരോഗ്യവിദ്യാഭ്യാസ ഡയറക്ടർ കമ്മീഷനെ അറിയിച്ചു. എന്നാൽ ജൂനിയർ ഡോക്ടറുടെ ഭാഗത്ത് നിന്നുണ്ടായത് ഗുരുതരമായ വീഴ്ചയാണെന്ന് കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ ഉത്തരവിൽ പറഞ്ഞു. മുതിർന്ന ഡോക്ടർമാർക്കും പിഴവിൽ നിന്നും ഒഴിയാനാവില്ലെന്നും കമ്മീഷൻ നിരീക്ഷിച്ചു. ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഉത്തരവിന്റെ പകർപ്പയച്ചു.

## ദേവസ്വം ബോർഡ്: റാങ്ക് ലിസ്റ്റ് ഉള്ളപ്പോൾ താല്ക്കാലിക നിയമനം അരുത്

തിരുവനന്തപുരം: റാങ്ക് ലിസ്റ്റ് നിലവിലുള്ള സമയത്ത് താല്ക്കാലിക ജോലിക്കാരെ വേണ്ടപ്പോൾ റാങ്ക് ലിസ്റ്റിലുള്ളവരെ പരിഗണിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

റാങ്ക് ലിസ്റ്റിനെ നോക്കുകുത്തിയാക്കി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ താല്ക്കാലികക്കാരെ നിയമിച്ച് അഴിമതി നടത്തുന്നതായി കഴകം, തളി, റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന് വേണ്ടി കെ. ഷിജുലാൽ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. ദേവസ്വം ബോർഡ് സെക്രട്ടറി വിശദീകരണം സമർപ്പിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

വാച്ചർ, കഴകം, തളി തസ്തികയിലേക്ക് എൽ.ബി.എസ്. വഴി പരീക്ഷ നടത്തി കഴിഞ്ഞ വർഷം ജൂലൈ 10 ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതായി പരാതിയിൽ പറയുന്നു. എന്നാൽ മുഴുവൻ ഒഴിവുകളിലേക്കും നിയമനം നടത്തിയില്ല. ലിസ്റ്റിലുള്ളവരുടെ പ്രായപരിധി അവസാനിക്കാറായി. അതേ സമയം ഇപ്പോഴുള്ള ഒഴിവുകളിൽ താല്ക്കാലികക്കാരെ നിയമിക്കുന്നതായും പരാതിയിൽ പറയുന്നു.

ഇക്കൊല്ലം ഫെബ്രുവരി 14 ന് നിയമസഭയിൽ നൽകിയ മറുപടിയിൽ വാച്ചർ, തളി, കഴകം ഒഴിവുകളിൽ യഥാക്രമം 33, 187, 137 ഒഴിവുകളുണ്ടെന്ന് പറഞ്ഞിട്ടുണ്ട്.

എന്നാൽ വിവരാവകാശപ്രകാരം ദേവസ്വം ബോർഡ് നൽകിയ മറുപടിയിൽ തസ്തികകളുടെ എണ്ണം കുറച്ചു കാണിച്ചു. ഉദ്യോഗ പുനർവിന്യാസം പൂർത്തിയാകാത്തതു കൊണ്ടാണ് ഒഴിവുകൾ നികത്താത്തതെന്നും പരാതിയിൽ പറയുന്നു. എന്നാൽ പുനർവിന്യാസം 2012 ഒക്ടോബറിൽ തുടങ്ങി 2013 ഫെബ്രുവരിയിൽ അവസാനിച്ചിരുന്നു.

നിയമവിരുദ്ധമായി താല്ക്കാലികക്കാരെ നിയമിച്ചശേഷം പിന്നീട് സ്ഥിരപ്പെടുത്തുന്നത് ശരിയല്ലെന്ന് ജസ്റ്റിസ് ജെ.ബി.കോശി ഉത്തരവിൽ ചൂണ്ടിക്കാണിച്ചു. താല്ക്കാലിക ഒഴിവുകളിലും റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിച്ച് പിന്നീട് റഗുലറൈസ് ചെയ്യണമെന്നും കമ്മീഷൻ അഭിപ്രായപ്പെട്ടു.

## വെച്ചൂച്ചിറ സ്കൂളിന് എന്തെങ്കിലും സംഭവിച്ചാൽ സർക്കാർ മറുപടി പറയേണ്ടിവരും

പത്തനംതിട്ട: അറുപതു വർഷം പഴക്കമുള്ള വെച്ചൂച്ചിറ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന് എന്തെങ്കിലും സംഭവിച്ചാൽ സർക്കാർ ഉത്തരം പറയേണ്ടി വരുമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി. അപകടമുണ്ടായാൽ നഷ്ടപരിഹാരവും നൽകേണ്ടി വരുമെന്ന് കമ്മീഷൻ ഉത്തരവിട്ടു.

സ്കൂളിലെ വിദ്യാർത്ഥികൾ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

സ്കൂളിലെ ശോചനീയാവസ്ഥയെ കുറിച്ച് ഒരു മാസത്തിനകം വിശദീകരണം സമർപ്പിക്കാനും കമ്മീഷൻ വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

സ്കൂളിലെത്താൻ ബസ് സൗകര്യമില്ലെന്ന് വിദ്യാർത്ഥികൾ പരാതിയിൽ പറയുന്നു. മഴക്കാലത്ത് ക്ലാസ്മുറികൾ ചോർന്നൊലിക്കുന്നു. ഓടുകൾ പൊട്ടി, പലകകൾ ദ്രവിച്ചു. സ്കൂൾ കെട്ടിടം നന്നാക്കണമെന്നാവശ്യപ്പെട്ട് അധികൃതർ പഞ്ചായത്തിനെ സമീപിച്ചിട്ടും നടപടിയില്ല. വിദ്യാഭ്യാസ, ധനമന്ത്രിമാർക്ക് നിവേദനം നൽകിയിട്ടും ഫലമുണ്ടായില്ല. ജൂൺ 27 ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്കൂൾ സന്ദർശിച്ച് ശോചനീയാവസ്ഥ നേരിൽ ബോദ്ധ്യപ്പെട്ടിട്ടും നടപടി ഉണ്ടായില്ല.

ഇഴജന്തുക്കളുടെ ശല്യം കാരണം കക്കൂസ് ഉപയോഗിക്കാനാവുന്നില്ല. രക്ഷിതാക്കൾ കുട്ടികളെ അയക്കാൻ മടിക്കുന്നു. ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത കാരണം സ്കൂൾ അടച്ചുപൂട്ടലിന്റെ വക്കിലാണെന്നും വിദ്യാർത്ഥികൾ സമർപ്പിച്ച പരാതിയിൽ പറയുന്നു.

## വ്യാജ കേസിൽ വികലാംഗന് പീഡനം, 50, 000 രൂപ സർക്കാർ നൽകും

കോഴിക്കോട്: യഥാർത്ഥ ഭാഗ്യക്കുറി വിറ്റ വികലാംഗനെ വ്യാജ ഭാഗ്യക്കുറി വിറ്റെന്ന പേരിൽ അറസ്റ്റ് ചെയ്ത് പീഡിപ്പിച്ച സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50, 000 രൂപ സർക്കാർ നഷ്ടപരിഹാരം നൽകും. നഷ്ടപരിഹാര തുകയായ അൻപതിനായിരം രൂപ എസ്.ഐ., ടി. സജീവനിൽ നിന്നും ഈടാക്കുമെന്നും ആഭ്യന്തരവകുപ്പ് കമ്മീഷനെ അറിയിച്ചു.

കോഴിക്കോട് കരുവശേരി പാണക്കാട്ടുപറമ്പിൽ സതീശനാണ്. കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50, 000 രൂപ നൽകാൻ ആഭ്യന്തര വകുപ്പ് തീരുമാനിച്ചത്.

2008 നവംബർ 30 നായിരുന്നു സംഭവം. അന്നത്തെ ചേവായൂർ എസ്.ഐ. ടി. സജീവനാണ് സതീശനെ കസ്റ്റഡിയിലെടുത്ത് വ്യാജ ലോട്ടറി കേസ് ചാർജ് ചെയ്തത്.

രണ്ടു കൈകൾക്കും വൈകല്യമുള്ള സതീശൻ ഭാഗ്യക്കുറി വിറ്റാണ് ഉപജീവനം നടത്തുന്നത്. സതീശൻ വിറ്റ ഒരു ടിക്കറ്റിൽ ഭാഗ്യക്കുറി ഡയറക്ടറുടെ ഒപ്പോ സീലോ ഉണ്ടായിരുന്നില്ല. ഇതിനെ തുടർന്നാണ് കേസായത്. കോടതി ആറ് ദിവസം റിമാന്റ് ചെയ്തു തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ടിക്കറ്റ് വ്യാജമല്ലെന്ന് സർക്കാർ കണ്ടെത്തിയത്.

ലോകവികലാംഗ ദിനമായ ഡിസംബർ ഒന്നിനാണ് വികലാംഗനായ സതീശനെ ചെയ്യാത്ത കുറ്റത്തിന് ജയിലിൽ അടച്ചത്. തുടർന്നാണ് സജീവൻ മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചതും 2012 ഒക്ടോബർ 20 ന് 50, 000 രൂപ നൽകാൻ കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ ഉത്തരവിട്ടതും.

# ആദിവാസികൾക്ക് വേണ്ടിയുള്ളത് വാചകമടി മാത്രം

തിരുവനന്തപുരം: ആദിവാസികളുടെ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് വാചാലമാവുകയും അതേസമയം അവർക്കുവേണ്ടി ചിലവാക്കുന്ന കോടികൾ പാഴാക്കുകയും ചെയ്യുന്നതാണ് കേരളത്തിന്റെ ശൈലിയെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

അട്ടപ്പാടി കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ ദയനീയാവസ്ഥയെ കുറിച്ചുള്ള ഉത്തരവിലാണ് കമ്മീഷന്റെ നിരീക്ഷണം. ആദിവാസികൾക്ക് വേണ്ടി കോടികൾ മുടക്കി നിർമ്മിച്ച കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രി പൂട്ടലിന്റെ വക്കിലാണെന്ന് പരാതിക്കാരനായ വി. എസ്. മുരുകൻ പറഞ്ഞു.

കമ്മീഷൻ ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും വിശദീകരണം തേടിയിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച വിശദീകരണം ഞെട്ടിക്കുന്നതാണെന്ന് കമ്മീഷൻ ഉത്തരവിൽ ചൂണ്ടിക്കാണിച്ചു.

അഞ്ച് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികയുണ്ടെങ്കിലും ഒരു കണ്ണുരോഗ വിദഗ്ധൻ മാത്രമാണുള്ളത്. സിവിൽ സർജന്റെ തസ്തിക ഒഴിഞ്ഞു



കിടക്കുന്നു. 2007-ൽ ആരംഭിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെ തസ്തിക പോലും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ലാബ് ടെക്നീഷ്യന്റെ തസ്തിക ഉണ്ടെങ്കിലും ആളില്ല. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരി പ്രസവാവധിയിൽ പ്രവേശിച്ചതോടെ പകരം ആളില്ലാതായി. എക്സ്റേ മെഷീൻ പ്രവർത്തനരഹിതമാണ്. ഗൈനക്കോളജിസ്റ്റ് ഇല്ലാത്തതിനാൽ സൂപ്പർ സ്പെഷ്യാലിറ്റിയിൽ പ്രസവം നടക്കാറില്ല.

500 കോടി മുടക്കി നിർമ്മിച്ച ആശുപത്രിയിൽ ഉപയോഗയോഗ്യമായ ആംബുലൻസില്ല. തൊട്ടതിനും പിടിച്ചതിനും സമരപ്രഖ്യാപനം നടത്തുന്ന ഡോക്ടർമാർ ആദിവാസി മേഖലയിൽ ജോലി ചെയ്യാൻ വിമുഖരാണെന്ന് ഉത്തരവിൽ പറയുന്നു. ക്യാന്റീൻ പ്രവർത്തിക്കുന്നില്ല. മാലിന്യം സംസ്കരിക്കാൻ സംവിധാനമില്ല. രക്ത ബാങ്ക് ആരംഭിക്കാൻ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ അംഗീകാരം കിട്ടിയിട്ടില്ല. സ്ഥിരമായി സൂപ്രണ്ടില്ല.

ആദിവാസികളോട് കേരളം പുലർത്തുന്ന നിഷേധാത്മക നിലപാടിന്റെ ഉദാഹരണമാണ് കോട്ടത്തറ ആശുപത്രിയെന്ന് കമ്മീഷൻ പറഞ്ഞു. ആരോഗ്യവകുപ്പും പട്ടികവർഗ വികസന വകുപ്പും കൂടിയാലോചിച്ച് കോട്ടത്തറ ആശുപത്രിയിലെ അപര്യാപ്തതകൾ പരിഹരിക്കാൻ നടപടിയെടുക്കുന്നതിനായി ഉത്തരവ് ചീഫ് സെക്രട്ടറിക്കും ആരോഗ്യ സെക്രട്ടറിക്കും പട്ടികവകുപ്പ് സെക്രട്ടറിക്കും അയച്ചു. അടിയന്തിരമായി പ്രശ്നങ്ങൾ പരിഹരിച്ച് വിശദീകരണം സമർപ്പിക്കണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ ആവശ്യപ്പെട്ടു.

# പീരുമേട് ഹോപ് പ്ലാന്റേഷനിലെ മനുഷ്യാവകാശ ലംഘനങ്ങൾ അവസാനിപ്പിച്ചില്ലെങ്കിൽ നടപടി

ഇടുക്കി: പീരുമേട് ഹോപ് പ്ലാന്റേഷനിലെ തൊഴിലാളികൾ നേരിടുന്ന മനുഷ്യാവകാശ ലംഘനങ്ങൾ അടിയന്തിരമായി പരിഹരിച്ചില്ലെങ്കിൽ ഉടമകൾക്കെതിരെ പ്ലാന്റേഷൻ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ ലേബർ കമ്മീഷണർക്കും പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർക്കും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ നിർദ്ദേശം നൽകി.

പ്ലാന്റേഷൻ കോപ്പറേഷൻ യൂണിയൻ പ്രസിഡന്റ് എം.എ. റഷീദ് സമർപ്പിച്ച പരാതി തീർപ്പാക്കി കൊണ്ടാണ് ഉത്തരവ്.

4 മുതൽ 6 വരെ തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്ന ഓരോ കെട്ടിടങ്ങളാണ് ലയങ്ങൾ. 75 വർഷത്തിനു മുമ്പ് നിർമ്മിച്ചവയാണ് ഇവ. അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ഇടിഞ്ഞു വീഴാറായ അവസ്ഥയിലാണ് പല ലയങ്ങളും. ഏതു നേരവും നിലം പൊത്തും. 15 ശതമാനം ലയങ്ങൾക്കും കക്കൂസില്ല. ഗ്ലെൻ മേരി എസ്റ്റേറ്റിലെ വുഡ് ലാന്റ് ഡിവിഷനിൽ പ്രവർത്തിക്കുന്ന ഏക ആശുപത്രിയിൽ ഡോക്ടറില്ല. ഡ്രൈനേജ് അടഞ്ഞുകിടന്നിട്ട് നാളുകളേറെയായി. തോട്ടം നടത്തുന്നത് കൊൽക്കത്തയിലെ സ്ഥാപനമാണെങ്കിലും ഇവിടത്തെ മനുഷ്യാവകാശ ലംഘനങ്ങൾ പരിഹരിക്കാൻ സർക്കാരിന് ബാധ്യതയുണ്ട്. സർക്കാർ കമ്മീഷനിൽ സമർപ്പിച്ച വിശദീകരണത്തിൽ തൊഴിലാളികൾ അനുഭവിക്കുന്നത് ക്രൂരമായ മനുഷ്യാവകാശ ലംഘനങ്ങളാണെന്ന് സമ്മതിക്കുന്നുണ്ട്- കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ പറഞ്ഞു.

# കമ്മീഷൻ ഇടപെട്ടപ്പോൾ ഒഴിമുറി കിട്ടി

**തി**രുവനന്തപുരം: ഭവന വായ്പ യുടെ തിരിച്ചടവിന് ശേഷവും ജീവന ക്കാരന് തിരികെ നൽകാത്ത ഒഴിമുറി (റീലീസ് ഡീഡ്) സംസ്ഥാന മനുഷ്യാ വകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് മെഡിക്കൽ കോളേജ് മടക്കി നൽകി. മകളുടെ വിവാഹത്തോട് അനു ബന്ധിച്ച് ഭവന പുനരുദ്ധാരണ വായ്പ യെടുക്കുന്നതിനായി ഒഴിമുറി തിരികെ ആവശ്യപ്പെട്ടപ്പോഴാണ് ഉദ്യോഗസ്ഥർ തടസവാദം ഉന്നയിച്ചത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 34 വർഷം ആർട്ടിസ്റ്റായി പ്രവർത്തിച്ച് സർവീസിൽ നിന്നും വിര മിച്ച ജെ. രാജശേഖരൻ നായരുടെ വസ്തുവിന്റെ ഒഴിമുറിയാണ് നിസാരകാ ര്യങ്ങൾ ചൂണ്ടിക്കാണിച്ച് മെഡിക്കൽ കോളേജ് ഉദ്യോഗസ്ഥർ തടഞ്ഞുവച്ചത്.

ഭവനവായ്പ തിരിച്ചടച്ചതായി അക്കൗണ്ടന്റ് ജനറൽ എൻ.ഒ.സിയുടെ അടിസ്ഥാനത്തിൽ രാജശേഖരൻ നായർ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ഒഴിമുറി രജിസ്റ്റർ ചെയ്ത് പ്രിൻസിപ്പാളിന് സമർപ്പിച്ചു. എന്നാൽ വസ്തുവിന്റെ ആധാരം മാത്രം ഉദ്യോ ഗസ്ഥർ മടക്കി നൽകി ഒഴിമുറി കിട്ടാ ത്തതിനെ തുടർന്ന് പ്രിൻസിപ്പലിനെ കണ്ടെങ്കിലും ഫലമുണ്ടായില്ല. ഒഴിമുറി യുടെ പകർപ്പ് നൽകാൻ മാത്രം ഉദ്യോ ഗസ്ഥർ തയ്യാറായി. ബാങ്ക്, പകർപ്പ് സ്വീകരിക്കുകയില്ല.

തുടർന്നാണ് രാജശേഖരൻ നായർ മനുഷ്യാവകാശ കമ്മീഷനെ സമീപിച്ച ത്. കമ്മീഷൻ പ്രിൻസിപ്പാളിൽ നിന്നും വിശദീകരണം തേടി. ജസ്റ്റിസ്. ജെ.ബി. കോശിയുടെ ഉത്തരവിന്റെ അടിസ്ഥാന ത്തിൽ പ്രിൻസിപ്പാൾ ഒഴിമുറിയുടെ ഒറി ജിനൽ, രജിസ്റ്റേഡ് തപാലിൽ രാജശേ ഖരൻ നായർക്ക് അയച്ചുകൊടുത്തു.

## കമ്മീഷൻ ഇടപെട്ടു: അധ്യാപകന് ആനുകൂല്യം ലഭിച്ചു

കൊച്ചി: സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി സർവീസിൽ നിന്നും വിരമിച്ച അധ്യാപ കന് രണ്ടു വർഷം കഴിഞ്ഞിട്ടും കിട്ടാത്ത ഫാമിലി ബെനിഫിറ്റ് സ്കീമിലെ തുക ലഭിച്ചു.

2011 മാർച്ച് 31 ന് തൃപ്പൂണിത്തുറ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂളിൽ നിന്നും എഞ്ചിനീയറിംഗ് ഇൻസ്ട്രക്റ്റ റായി വിരമിച്ച കെ.കെ അബ്ദുൾ റസാ ഖിനാണ് ആശ്വാസം ലഭിച്ചത്. സ്കൂളിലെ പ്രധാനാദ്ധ്യാപിക ആനു കൂല്യം തടഞ്ഞുവെച്ചന്നായിരുന്നു പരാതി.

പരിസ്ഥിതി, ഊർജ്ജ സംരക്ഷണ മേഖലകളിൽ സ്കൂളിന് നിരവധി നേട്ട ങ്ങൾ ലഭിക്കാൻ അബ്ദുൾ റസാഖിന്റെ പ്രവർത്തനം വഴി സാധിച്ചിരുന്നു. സ്കൂൾ അധികൃതർ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഉത്തരവിനെ തുടർന്ന് മാർച്ച് 23 ന് തുക കൈമാറിയതായി കമ്മീഷനെ അറിയിച്ചു.

## റോഡ് വികസനം; വകുപ്പുകൾ പരസ്പരം പഴിക്കുന്നു

തിരുവനന്തപുരം: അശാസ്ത്രീയ മായ റോഡ് വികസനം വഴി മനുഷ്യാവ കാശ ലംഘനമുണ്ടാകുമ്പോൾ സർക്കാർ വകുപ്പുകൾ പരസ്പരം പഴി ചാരി ഉത്തരവാദിത്വത്തിൽ നിന്നും രക്ഷപ്പെടുകയാണെന്ന് സംസ്ഥാന മനു ഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി.കോശി.

റോഡ് വികസിപ്പിക്കുമ്പോൾ വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനം ഉണ്ടാ ക്കേണ്ടത് റോഡ് നിർമ്മിക്കുന്നവരുടെ ചുമതലയാണ്. വസ്തു നികുതിയും മറ്റും പിരിച്ച് കൂട്ടുന്ന നഗരസഭയ്ക്ക് ഓട നിർമ്മിക്കാനുള്ള ചുമതലയിൽ നിന്നും ഒഴിയാനുമാകില്ലെന്ന് കമ്മീഷൻ ഉത്തര വിൽ പറഞ്ഞു.

പൗഡിക്കോണം - മണ്ണന്തല റോഡ് നവീകരണവുമായി ബന്ധപ്പെട്ട് പൗഡി ക്കോണം നിവാസികൾ സമർപ്പിച്ച ഹർജിയിലാണ് കമ്മീഷന്റെ നിരീക്ഷ ണം. പൊതുമരാമത്ത്, നഗരസഭ, ഹൈവേ അതോറിറ്റി എന്നിവർ സമർപ്പിച്ച വിശദീകരണങ്ങളിൽ പര സ്പരം പഴിചാരുകയായിരുന്നു.

മലിനജലവും മഴവെള്ളവും പ്രദേശ വാസികളുടെ ജീവനും കൃഷിക്കും ഭീഷ ണിയായി തീർന്നിരിക്കുകയാണെന്ന് ഉത്തരവിൽ പറയുന്നു. റോഡ് പുനരു ദ്ധരിക്കുമ്പോൾ വശങ്ങളിലുള്ള ഓട യിൽ നിന്നും വെള്ളം വീടുകളിലേക്ക് കയറാതിരിക്കാൻ ശ്രദ്ധിക്കണമായി രുന്നു. വിവിധ വകുപ്പുകളുടെ ഇടപെടൽ ആവശ്യമാണ്. വെള്ളക്കെട്ട് ഒഴിവാ ക്കാൻ സാധ്യമായതെല്ലാം ചെയ്യണം. ഇതിനാവശ്യമായ ഫണ്ട് സർക്കാർ ലഭ്യ

## സ്കൂളിലേക്ക് മാലിന്യം: മലിനീകരണ നിയന്ത്രണബോർഡ് ഇടപെടണം

**കോ**ട്ടയം: ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിലേക്ക് മാലിന്യം ഒഴുക്കുന്ന സ്വകാര്യ ഹോട്ടലിന്റെ നടപടി മലിനീകരണ നിയന്ത്രണ ബോർഡ് ഇടപെട്ട് അവസാനിപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീ ഷൻ അധ്യക്ഷൻ ജസ്റ്റിസ്. ജെ.ബി. കോശി ഉത്തരവിട്ടു.

സ്കൂളിന് സമീപം പ്രവർത്തിക്കുന്ന ഫുഡ് വില്ലേജ് ഹോട്ടലിലെ മാലിന്യ ങ്ങൾ സ്കൂളിലേക്ക് ഒഴുകുന്നതായി പരാതിപ്പെട്ട് പ്രിൻസിപ്പൽ സമർപ്പിച്ച ഹർജി യിലാണ് നടപടി.

മലിനീകരണ നിയന്ത്രണബോർഡ് നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ അനുസരിച്ചില്ലെങ്കിൽ ഹോട്ടലിന്റെ ലൈസൻസ് നിയമാനുസൃതമായ രീതി യിൽ റദ്ദ് ചെയ്യണമെന്നും കമ്മീഷൻ ഭരണങ്ങാനം പഞ്ചായത്തിന് നിർദ്ദേശം നൽകി. കുട്ടികൾക്കും അധ്യാപകർക്കും പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ സ്കൂൾ മാനേജർ എന്ന നിലയിൽ പള്ളി വികാരി ശ്രദ്ധിക്കേണ്ടതാണെന്നും ഉത്തരവിൽ പറയുന്നു.

മാക്കണം. മൂന്നു മാസത്തിനകം നടപടി സ്വീകരിച്ച് കമ്മീഷനെ അറിയിക്കണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

## നിസ്കാരം കഴിഞ്ഞ് മടങ്ങിയ വ്യാപാരിക്ക് പോലീസ് അധിക്ഷേപം; കമ്മീഷൻ കേസെടുത്തു

തിരുവനന്തപുരം: മണക്കാട് പള്ളിയിൽ നിസ്കാരം കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങിയ വ്യാപാരിയെ അമ്പലമുക്കിനും പേരൂർക്കടയ്ക്കുമിടയിൽ പോലീസ് തടഞ്ഞു നിർത്തി അപമാനിച്ച സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്തു.

കൺടോൾമെന്റ് അസിസ്റ്റന്റ് കമ്മീഷണർ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി നോട്ടീസിൽ ആവശ്യപ്പെട്ടു.

കുടപ്പനക്കുന്ന് സ്വദേശിയും ചാലയിൽ വ്യാപാരിയുമായ എ. സലീം സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

ഇക്കഴിഞ്ഞ 20 ന് രാത്രി 11നാണ് സംഭവം. റോഡിൽ തടഞ്ഞു നിർത്തി മദ്യപിച്ചിട്ടുണ്ടോ എന്ന് ചോദിച്ച് അധിക്ഷേപിച്ചതായാണ് പരാതി. യന്ത്രത്തിലൂടെ ഊതാൻ ആവശ്യപ്പെട്ടപ്പോൾ മെഡിക്കൽ പരിശോധനയ്ക്ക് സമ്മതിക്കാമെന്ന് പറഞ്ഞ സലീമിനെ എ.എസ്.ഐ. കൈയ്യേറ്റം ചെയ്യാൻ ശ്രമിച്ചു. ഭാര്യയെയും മക്കളെയും സംഭവസ്ഥലത്തേക്ക് വിളിച്ചു വരുത്തി. തുടർന്ന് പ്രിൻസിപ്പൽ എസ്. ഐ. സ്ഥലത്തെത്തി വാഹനത്തിന്റെ രേഖകൾ പരിശോധിച്ച ശേഷം സലീമിനെ വിട്ടയച്ചു. സലീമിനെ അധിക്ഷേപിച്ചത് എ.എസ്.ഐ. ശിവൻകുട്ടിയാണെന്ന് പരാതിയിലുണ്ട്.

## ഹമ്പുകളിൽ അപകടം: ഉദ്യോഗസ്ഥർ നഷ്ടപരിഹാരം നൽകണം

തിരുവനന്തപുരം: റോഡുകളിൽ അശാസ്ത്രീയമായി നിർമ്മിച്ചിരിക്കുന്ന ഹമ്പുകൾ കാരണം അപകടമുണ്ടായാൽ നിർമ്മിച്ച ഉദ്യോഗസ്ഥർ നഷ്ടപരിഹാരം നൽകാൻ ബാദ്ധ്യസ്ഥരാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി. ജിൻസൺ ലൂയിസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

ഹമ്പുണ്ടെന്ന മുന്നറിയിപ്പില്ലാതെ അശാസ്ത്രീയമായി സ്ഥാപിച്ച ഹമ്പുകൾ ഗുണത്തേക്കാളേറെ ദോഷമുണ്ടാക്കുന്നതാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ശാസ്ത്രീയമായി നിർമ്മിച്ചവയെ കുറിച്ച് വാഹനമോടിക്കുന്നവർക്ക് മുന്നറിയിപ്പ് സിഗ്നലുകൾ നൽകണം. ഇക്കാര്യം സർക്കാരും ഗതാഗത - പൊതുമരാമത്ത് വകുപ്പുകളും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറയുന്നു.

## തൃശ്ശൂർ- പാലക്കാട് ദേശീയപാതയുടെ ശോചനീയാവസ്ഥ; സ്വമേധയാ കേസെടുത്തു

തൃശ്ശൂർ : തൃശ്ശൂർ- പാലക്കാട് ദേശീയപാതയുടെ ശോചനീയാവസ്ഥ പരിഹരിക്കാത്തതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ സ്വമേധയാ കേസെടുത്തു.

ഇൻഡ്യൻ എക്സ്പ്രസ് വാർത്തയുടെ അടിസ്ഥാനത്തിലാണ് നടപടി.

നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ, തൃശൂർ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ ജില്ലാ കളക്ടർ എന്നിവർ രണ്ടാഴ്ചയ്ക്കകം വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ നോട്ടീസിൽ ആവശ്യപ്പെട്ടു.

## വ്യാജകേസ്;സർക്കാർ 50,000 രൂപ നൽകും

കോഴിക്കോട്: ഹൈക്കോടതിയിൽ വ്യാജരേഖ സമർപ്പിച്ചു എന്ന പരാതിയിൽ നിരപരാധിയെ അറസ്റ്റ് ചെയ്ത് അഞ്ചു ദിവസം കസ്റ്റഡിയിൽ പാർപ്പിച്ച സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50,000 രൂപ നഷ്ടപരിഹാരം നൽകാൻ സർക്കാർ തീരുമാനിച്ചു.

കോഴിക്കോട് അരീക്കോട് കല്ലുരുട്ടി സ്വദേശി സുജനപാലിനാണ് 50, 000 രൂപ നഷ്ടപരിഹാരം നൽകാൻ ആഭ്യന്തരവകുപ്പ് തീരുമാനിച്ചത്. തുക എതിർകക്ഷിയായ സബ് ഇൻസ്പെക്ടർ രാജഗോപാലിൽ നിന്നും ഈടാക്കുമെന്നും സർക്കാർ ഉത്തരവിൽ പറയുന്നു.

വൈദ്യരങ്ങാടി സ്വദേശി ഷാഹുൽഹമീദിന്റെ പരാതിയിലാണ് അന്നത്തെ കൊച്ചി സെൻട്രൽ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ രാജഗോപാൽ സുജനപാലിനെ അറസ്റ്റ് ചെയ്തത്. ടെലിഫോൺ ബില്ലിന്റെ വ്യാജരേഖയുണ്ടാക്കി ഹൈക്കോടതിയിൽ സമർപ്പിച്ചെന്നായിരുന്നു കേസ്. എന്നാൽ വ്യാജരേഖ സമർപ്പിച്ചതായി ഹൈക്കോടതി കണ്ടെത്തിയില്ല. അറസ്റ്റിനെതിരെ സുജനപാൽ ഹൈക്കോടതിയെ സമീപിച്ചിരുന്നു. ഹൈക്കോടതി എഫ്.ഐ.ആർ. റദ്ദാക്കി. തുടർന്ന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് സുജനപാൽ മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചു. പരാതിക്കാരനുണ്ടായ മാനസികാവസ്ഥയും പീഡനവും കണക്കിലെടുത്ത് 50,000 രൂപ നഷ്ടപരിഹാരം നൽകാൻ കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ ഉത്തരവിട്ടു.

## നവജാത ശിശുവിന്റെ ശരീരത്തിൽ ബൾബ് വീണു; 10,000 രൂപ നൽകും

തിരുവനന്തപുരം : കോഴിക്കോട് കോട്ടപ്പറമ്പ ആശുപത്രിയിലെ ബേബി വാമറിൽ കത്തിക്കൊണ്ടിരുന്ന ബൾബ് പൊട്ടി നവജാത ശിശുവിന് പരിക്കേറ്റ സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ പതിനായിരം രൂപ നഷ്ടപരിഹാരം നൽകും.

കുഞ്ഞിന്റെ പിതാവ് ഫറോക്ക് സ്വദേശി റ്റി. മുഹമ്മദ്ഷാഫിയുടെ പരാ

## പൊതുപ്രവർത്തകന് ക്രിമിനൽ പ്രതിക്കൊപ്പം കൈവിലങ്ങ്: കമ്മീഷൻ കേസെടുത്തു

തിരുവനന്തപുരം: സോളാർ വിഷയത്തിൽ പ്രകടനം നടത്തിയ മുൻ ആലപ്പുഴ നഗരസഭാ കൗൺസിലർ കെ.ജെ. പ്രവീണിനെ ക്രിമിനൽ കേസ്സിലെ പ്രതിക്കൊപ്പം കൈവിലങ്ങണിയിച്ച് ആശുപത്രിയിൽ കൊണ്ടുപോയ സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ കേസെടുത്തു.

ഡോ. ടി.എം. തോമസ് ഐസക് എം.എൽ.എ. യുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് നടപടി. ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടും സബ്ജയിൽ സൂപ്രണ്ടും സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തി അടിയന്തിരമായി വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ നോട്ടീസിൽ ആവശ്യപ്പെട്ടു.

ജൂലൈ പതിനൊന്നിനാണ് പ്രവീണിനെ അറസ്റ്റുചെയ്ത് ക്രൂര മർദ്ദനത്തിന് വിധേയനാക്കിയത്. പന്ത്രണ്ടിന് സബ്ജയിലിൽ റിമാന്റ് ചെയ്തു. പിറ്റേന്ന് ശ്വാസതടസ്സം അനുഭവപ്പെട്ട പ്രവീണിനെ ആലപ്പുഴ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആലപ്പുഴ ക്യാമ്പിലെ സിവിൽ പോലീസ് ഓഫീസർ നിഷാദ് ജയിലിൽ വെച്ച് പ്രവീണിനോട് മോശമായി പെരുമാറുകയും ക്രിമിനൽ കേസ് പ്രതിക്കൊപ്പം കൈവിലങ്ങ് അണിയിച്ച് ആശുപത്രിയിൽ കൊണ്ടുപോകുകയും ചെയ്തു. കസ്റ്റഡിയിൽ പ്രവീണിനെ മർദ്ദിച്ച പോലീസുകാരെയും ക്രിമിനൽ പ്രതിക്കൊപ്പം കൈവിലങ്ങ് അണിയിച്ചവർക്ക് എതിരെയും അന്വേഷണം നടത്തി ശിക്ഷ നൽകണമെന്നാണ് ആവശ്യം.

തിയുടെ അടിസ്ഥാനത്തിലാണ് പതിനായിരം രൂപ നൽകാൻ കമ്മീഷൻ ഉത്തരവിട്ടത്. തുക നൽകാൻ തീരുമാനിച്ച് ആരോഗ്യവകുപ്പ് ഉത്തരവിറക്കി.

2011 ഒക്ടോബർ ഒന്നിനായിരുന്നു സംഭവം. പ്രസവിച്ച ഉടനെയാണ് കുഞ്ഞിന്റെ ശരീരത്തിൽ ബൾബ് പൊട്ടി വീണത്.

## കുറ്റം ചെയ്തവനെ കണ്ടില്ലെങ്കിൽ കണ്ടവനെ പിടിച്ചുപദ്രവിക്കുന്നത് ശരിയല്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: കുറ്റം ചെയ്തവനെ കണ്ടില്ലെങ്കിൽ കണ്ടവനെ പിടിച്ചുപദ്രവിക്കുക എന്ന പോലീസ് രീതി ശരിയല്ലെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി. വീട്ടിൽ കിടന്നുറങ്ങുന്ന വികലാംഗനെ കസ്റ്റഡിയിലെടുക്കുന്നതും വിക്രിയകൾ കാണിക്കുന്നതും അപലപനീയമാണെന്നും കമ്മീഷൻ.

വികലാംഗനായ മാതാപിതാക്കളുടെ ജന്മനാ വികലാംഗനായ മകൻ, അരുൺ ഗോപി എന്ന എം.ജി. കോളേജ് വിദ്യാർത്ഥിയെ രാത്രി 12 ന് വീടിന്റെ മതിൽചാടി കടന്ന് പോലീസ് പിടിച്ചു കൊണ്ടു പോയ കേസിലാണ് കമ്മീഷന്റെ നിരീക്ഷണം.

സംഭവത്തെ കുറിച്ച് വിശദമായ അന്വേഷണം നടത്തി വിശദീകരണം സമർപ്പിക്കാൻ കമ്മീഷൻ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറെ ജസ്റ്റിസ് ജെ. ബി. കോശി ചുമതലപ്പെടുത്തി.

എം. ജി. കോളേജിൽ നടന്ന സംഘർഷവുമായി ബന്ധപ്പെട്ടാണ് അരുൺഗോപിയെ കസ്റ്റഡിയിലെടുത്തത്. വീട്ടിൽ ഉറങ്ങിക്കിടക്കുകയായിരുന്ന വാതിൽ തകർത്ത് അകത്തു കയറിയ പോലീസ് സംഘമാണ് അരുണിനെ അറസ്റ്റ് ചെയ്തത്. ലാത്തികൊണ്ട് കുത്തുകയും മാതാപിതാക്കളെ മർദ്ദിക്കുകയും ചെയ്തു. അരുണിന്റെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റും ചികിത്സാ രേഖകളും 5400 രൂപയും പോലീസ് എടുത്തുകൊണ്ടുപോയി.

എന്നാൽ എം.ജി. കോളേജിലുണ്ടായ അക്രമത്തിന് കാരണക്കാരായവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. അറസ്റ്റ് രേഖപ്പെടുത്തിയാലും ഇല്ലെങ്കിലും കസ്റ്റഡിയിലെടുക്കുന്നതിനു മുമ്പ് കാരണം അറിയിക്കുകയും അഭിഭാഷകനെ കാണാൻ അവസരം നൽകുകയും വേണം. 24 മണിക്കൂറിനുള്ളിൽ കോടതിയിൽ ഹാജരാക്കണം. ഇല്ലെങ്കിൽ അന്യായ തടങ്കലിലാവും – കമ്മീഷൻ നിരീക്ഷിച്ചു.

അരുണിനെ കസ്റ്റഡിയിലെടുത്തതും കോടതിയിൽ ഹാജരാക്കിയതുമായ സമയം, വീട് പൊളിച്ച് പോലീസ് കയറിയോ തുടങ്ങിയ കാര്യങ്ങൾ കമ്മീഷൻ അന്വേഷിക്കും. എതിർകക്ഷികളായ സിറ്റി പോലീസ് കമ്മീഷണർ, പേരൂർക്കട സി.ഐ., എസ്.ഐ., എന്നിവർക്ക് വിശദീകരണം സമർപ്പിക്കാൻ സമയം നൽകി. അരുണിന്റെ പിതാവ് ഗോപിനാഥൻ നായരാണ് പരാതി സമർപ്പിച്ചത്.

## ബിഗ്ബസാറിൽ യുവാവിന് മർദ്ദനം; അന്തിമ റിപ്പോർട്ട് സമർപ്പിക്കണം

തിരുവനന്തപുരം: പഴവങ്ങാടി ബിഗ്ബസാറിൽ ഷർട്ട് വാങ്ങാനെത്തിയ യുവാവിനെ ജീവനക്കാർ മർദ്ദിച്ച സംഭവത്തിൽ പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള ക്രിമിനൽ കേസ് നിഷ്പക്ഷവും ഊർജിതവുമായി അന്വേഷിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഫോർട്ട് പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്ക് നിർദ്ദേശം നൽകി.

വൈക്കം സ്വദേശി വിഷ്ണുദത്തൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

പരാതിക്കാരൻ ബിഗ്ബസാറിൽ ഷർട്ട് വാങ്ങാൻ ചെന്നപ്പോൾ ജോലിക്കാർ മോശമായ വാക്കുകൾ ഉപയോഗിക്കുകയും കടയുടെ അണ്ടർഗ്രൗണ്ടിലുള്ള ഇടിമുറിയിൽ കൊണ്ടുപോയി മർദ്ദിച്ചെന്നുമാണ് പരാതി. മൊബൈൽ ഫോണും പഴ്സും പിടിച്ചു വാങ്ങിയെന്നും പരാതിയുണ്ട്.

പരാതി ലഭിച്ചതിനെ തുടർന്ന് കമ്മീഷന്റെ അന്വേഷണവിഭാഗത്തിലുള്ള പോലീസ് സൂപ്രണ്ടിനെ കൊണ്ട് അന്വേഷിപ്പിച്ചു. പരാതിയിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് റിപ്പോർട്ട് ചെയ്തു.

പരാതിയിലുള്ള കാര്യങ്ങൾ ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. സാധനം വാങ്ങാൻ കടയിൽ വരുന്ന ഉപഭോക്താവിനെ തടഞ്ഞുവയ്ക്കുന്നതും ഉപദ്രവിക്കുന്നതും ഗുരുതരമായ കുറ്റമാണ്. എന്നാൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തതിനാൽ അനുകൂലമായും പ്രതികൂലമായും തീരുമാനം എടുക്കുന്നില്ലെന്ന് ഉത്തരവിൽ പറഞ്ഞു. പരാതിക്കാരന് നഷ്ടപരിഹാര കേസ് ഫയൽ ചെയ്യണമെങ്കിൽ കോടതിയുടെ തീരുമാനത്തിനുശേഷം ഫയൽ ചെയ്യാമെന്നും കമ്മീഷൻ അറിയിച്ചു.

## ജനറൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം

കൊച്ചി: എറണാകുളം ജനറൽ ആശുപത്രിയിൽ തെരുവിൽ നിന്ന് എത്തിക്കുന്നവരെയും അഗതികളെയും ചികിത്സിക്കുന്ന ഐസൊലേഷൻ വാർഡിൽ രോഗികളുടെ തിരക്ക് ഒഴിവാക്കാനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി നിർദ്ദേശം നൽകി.

പത്ത് പുരുഷന്മാരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമാണ് വാർഡിലുള്ളതെങ്കിലും 56 പേരുണ്ട്, ക്ഷയം, സോറിയാസിസ്, കുഷ്ഠം, എയ്ഡ്സ് തുടങ്ങിയ രോഗങ്ങളുള്ളവരെ ഒരേമുറിയിൽ അടുത്തടുത്ത് പാർപ്പിച്ചിരിക്കുന്നു. വാർഡിൽ സ്ഥലമില്ലാത്തതാണ് പ്രധാന പ്രശ്നമെന്ന് കമ്മീഷൻ നിരിക്ഷിച്ചു. സന്നദ്ധസംഘടനകൾ കഴിയുന്നതെല്ലാം ചെയ്യുന്നുണ്ട്. പകർച്ചവ്യാധി ഉള്ളവരെയും ഇല്ലാത്തവരെയും ഒരിടത്ത് പാർപ്പിച്ചാൽ രോഗം വ്യാപിക്കാൻ ഇടയുണ്ടെന്ന് ഉത്തരവിൽ പറയുന്നു.

പള്ളുരുത്തി സെറ്റിൽമെന്റിൽ 300 പേരെ പ്രവേശിപ്പിക്കാൻ സൗകര്യമുണ്ടെങ്കിലും 200 പേരാണുള്ളതെന്ന് സന്നദ്ധ പ്രവർത്തകർ കമ്മീഷനെ അറിയിച്ചു. സാംക്രമിക രോഗമില്ലാത്തവരെ അങ്ങോട്ട് മാറ്റി പാർപ്പിക്കാവുന്നതാണ്. ഇല്ലെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കണമെന്നും ഉത്തരവിൽ പറയുന്നു.

ഇപ്പോഴത്തെ സ്ഥിതി ദയനീയമാണെന്നും ഇതിൽ അടിയന്തിരമായി മാറ്റമുണ്ടാകണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. ആരോഗ്യ ഡയറക്ടറും ആരോഗ്യ സെക്രട്ടറിയും ചീഫ് സെക്രട്ടറിയും സെപ്റ്റംബർ 15 നകം വിശദീകരണം സമർപ്പിക്കണമെന്ന് ഉത്തരവിൽ പറയുന്നു.

## മാധ്യമപ്രവർത്തകന് മർദ്ദനം: അഞ്ച് പേർക്കെതിരെ നടപടി

തിരുവനന്തപുരം: മ്യൂസിയം പോലീസ് സ്റ്റേഷനിൽ മാധ്യമപ്രവർത്തകരെ മർദ്ദിച്ച സംഭവത്തിൽ ഉത്തരവാദികളായ മൂന്നു പോലീസുകാരെ സസ്പെന്റ് ചെയ്തതായും രണ്ടുപേർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചതായും സർക്കാർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

ജൂൺ 9ന് മ്യൂസിയം പോലീസ് സ്റ്റേഷനിൽ മാധ്യമപ്രവർത്തകരെ മർദ്ദിച്ചവർക്കെതിരെ നടപടിയെടുക്കണമെന്നും അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ. ബി. കോശി നൽകിയ ഉത്തരവിന്റെ തുടർ നടപടിയായി സർക്കാർ കമ്മീഷനെ അറിയിച്ചതാണ് ഇക്കാര്യം.

പോലീസുദ്യോഗസ്ഥനായ ആനന്ദക്കുട്ടൻ, ശ്രീകുമാർ, ഇനായത്ത് അലിഖാൻ എന്നിവരുടെ ഭാഗത്ത് വീഴ്ച കണ്ടെത്തിയെന്നും ഇവരെ സസ്പെന്റ് ചെയ്തെന്നും സർക്കാർ അറിയിച്ചു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ സിവിൽ പോലീസ് ഓഫീസർമാരായ അനിൽകുമാറിന്റെയും രതീഷിന്റെയും ഭാഗത്ത് നിന്ന് പെരുമാറ്റദൂഷ്യവും അച്ചടക്കമില്ലായ്മയും കണ്ടതിനെ തുടർന്ന് ഇവർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചതായും സർക്കാർ വിശദീകരിച്ചു.

കനകക്കുന്നിന് സമീപം സ്വകാര്യ ബസ് ഡ്രൈവറെ അശ്രദ്ധമായി വാഹനം ഓടിച്ചതിന് കസ്റ്റഡിയിലെടുക്കുന്നതിനിടയിലാണ് മാധ്യമപ്രവർത്തകന് മർദ്ദനമേറ്റത്. ദൃശ്യങ്ങൾ പകർത്തിയ മാധ്യമപ്രവർത്തകനായ വിനീഷിനെ പോലീസ് മർദ്ദിക്കുകയായിരുന്നു. തുടർന്ന് മ്യൂസിയം സ്റ്റേഷനിലെത്തിയ മാധ്യമപ്രവർത്തകരോടും പോലീസുകാർ മോശമായി പെരുമാറി.

ഏതാനും പോലീസുകാരുടെ അസഹിഷ്ണതയും ക്രൂരതയും സംസ്ഥാനത്തെ മൊത്തം പോലീസ്സേനക്കും കളങ്കമുണ്ടാക്കിയതായി ഇത് സംബന്ധിച്ചുള്ള ഉത്തരവിൽ ജസ്റ്റിസ് ജെ.ബി. കോശി ചൂണ്ടിക്കാണിച്ചിരുന്നു.

## പരാതി അയയ്ക്കുമ്പോൾ പകർപ്പുമയക്കണം

തിരുവനന്തപുരം : സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ പരാതി സമർപ്പിക്കുമ്പോൾ പരാതിയുടെ ഒരു പകർപ്പും എതിർകക്ഷികളുടെ എണ്ണമനുസരിച്ച് അത്രയും പകർപ്പുകളും പരാതിക്കൊപ്പം അയക്കണമെന്ന് കമ്മീഷൻ അറിയിച്ചു.

പരാതിയുടെ ഒരു പകർപ്പ് അന്വേഷണ ഉദ്യോഗസ്ഥന് നൽകാനും എതിർകക്ഷികൾക്കുള്ള പകർപ്പുകൾ അവരിൽ നിന്നും ആക്ഷേപം ലഭ്യമാക്കുന്നതിന് അയക്കുന്നതിനും വേണ്ടിയാണ്.

എതിർകക്ഷികളും അന്വേഷണ ഉദ്യോഗസ്ഥരും ആക്ഷേപവും വിശദീകരണവും സമർപ്പിക്കുമ്പോൾ അവയുടെ ഒരു പകർപ്പ് പരാതിക്കാരന് നൽകുന്നതായി സമർപ്പിക്കേണ്ടതാണെന്നും കമ്മീഷൻ അറിയിച്ചു.

കമ്മീഷനിൽ ഫയൽ ചെയ്യുന്ന പരാതികളിൽ സ്റ്റാമ്പ് ഒട്ടിക്കേണ്ടതില്ല. മലയാളത്തിലും ഇംഗ്ലീഷിലും പരാതി എഴുതി അയക്കാവുന്നതാണ്. പരാതി വ്യക്തവും വായിക്കത്തക്കതുമായിരിക്കണം. പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വ്യക്തമായ മേൽവിലാസവും പരാതിക്കാരന്റെ ഒപ്പും ഉണ്ടായിരിക്കണമെന്നും കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു.

## മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടു; നിർദ്ദന കുടുംബത്തിന് വൈദ്യുതി കിട്ടി

തിരുവനന്തപുരം : വീട് വൈദ്യുതീകരിക്കുന്നതിന് ഏഴ് വർഷമായി കാത്തിരിക്കുന്ന രണ്ട് സ്ത്രീകൾ മാത്രമടങ്ങുന്ന ബി.പി.എൽ. കുടുംബത്തിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് വൈദ്യുതി കിട്ടി.

മീനാങ്കൽ സ്വദേശി വിജയകുമാരിയുടെ വീട്ടിലാണ് വൈദ്യുതി കിട്ടിയത്. വിജയകുമാരിയും ഭർത്താവിന്റെ അമ്മയും ഒരു വീട്ടിലാണ് താമസിക്കുന്നത്. ഭർത്താവിനെ ഒൻപതു വർഷമായി കാൺമാനില്ല. തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ലഭിക്കുന്ന വേതനമാണ് ഏക ആശ്രയം.

ഏഴ് വർഷങ്ങൾക്കു മുമ്പ് വീടിന്റെ വയറിംഗ് പൂർത്തിയാക്കി. തുടർന്ന് വിതുര കെ.എസ്.ഇ.ബി.യിൽ പരാതി നൽകിയതിനെ തുടർന്ന് പഞ്ചായത്ത് ഇടപെട്ടിട്ടും ഫലമുണ്ടായില്ല.

# രക്തം മാറ്റുന്നതിനിടയിൽ എച്ച്. ഐ.വി. ബാധിച്ച പെൺകുട്ടിക്ക് അഞ്ച് ലക്ഷം നൽകണം

**തി**രുവനന്തപുരം : രക്തം മാറ്റുന്നതിനിടയിൽ എച്ച്.ഐ.വി. ബാധിച്ച എട്ടുവയസ്സുകാരിക്ക് അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരവും പ്രതിമാസം 5000 രൂപ വീതം അലവൻസും സർക്കാർ നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ ഉത്തരവിട്ടു.

മാനന്തവാടി സ്വദേശിയായ പെൺകുട്ടിക്ക് ഭാവിയിൽ മരുന്നിനും വിദ്യാഭ്യാസത്തിനും ചെലവാകുന്ന പണവും സർക്കാർ നൽകണമെന്ന് കമ്മീഷൻ ഉത്തരവിട്ടു. രക്തം സ്വീകരിക്കുന്നവർക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നും സർക്കാർ ആശുപത്രികളിൽ ആധുനിക രക്ത പരിശോധന സംവിധാനം കൊണ്ടുവരണമെന്നും കമ്മീഷൻ ഉത്തരവിട്ടു.

മൂന്നു വയസു മുതൽ ചികിത്സയുടെ ഭാഗമായി പെൺകുട്ടിയുടെ രക്തം മാറ്റുന്നുണ്ട്. 2012 ജൂലൈ 20ന് എച്ച്. ഐ.വി. ബാധിതയാണെന്ന് തിരിച്ചറിയുന്നതിനു മുമ്പ് 44 തവണ രക്തം മാറ്റിയതായി ആരോഗ്യവകുപ്പ് കമ്മീഷനെ അറിയിച്ചു. 2007 മുതൽ സർക്കാർ ആശുപത്രിയിൽ നിന്നാണ് രക്തം മാറ്റുന്നത്. അതുകൊണ്ടു തന്നെ സർക്കാർ ഉദ്യോഗസ്ഥർക്ക് വീഴ്ചയിൽ നിന്നും ഒഴിഞ്ഞുമാറാനാവില്ലെന്നും കമ്മീഷൻ അംഗം കെ.ഇ. ഗംഗാധരൻ ചൂണ്ടിക്കാണിച്ചു.

കമ്മീഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും വിശദീകരണം തേടിയിരുന്നു. സ്പീക്കർ ജി. കാർത്തികേയന്റെ ആര്യനാട് നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീ കരണപദ്ധതിയിൽ ഉൾപ്പെടുത്തി കണക്ഷൻ നൽകാമെന്ന് കെ.എസ്.ഇ.ബി. കമ്മീഷനെ അറിയിച്ചു. പരാതിക്കാരി കമ്മീഷൻ മുമ്പാകെ ഹാജരായി കണക്ഷൻ കിട്ടിയതായി അറിയിച്ചു. തുടർന്ന് പരാതി തീർപ്പാക്കി.

## പൊട്ടക്കുഴി - തേക്കുംമൂട് റോഡ് ടാറിംഗ് പൂർത്തിയാക്കും

തിരുവനന്തപുരം : പൊട്ടക്കുഴി - തേക്കുംമൂട് റോഡിന്റെ ടാറിംഗ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് സംസ്ഥാന കമ്മീഷനെ അറിയിച്ചു.

പൊതുപ്രവർത്തകനായ പി.കെ. രാജുവും ടി.കെ. രാജുവും ടി.കെ. കാർത്തികേയനും സമർപ്പിച്ച പരാതിയിൽ റോഡിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തിയാക്കാൻ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

പൊട്ടക്കുഴി - തേക്കുംമൂട് റോഡിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി നടന്ന പൈപ്പിടൽ കാരണമുണ്ടായ മരാമത്ത് ജോലികൾ 2012 ഡിസംബറിൽ പൂർത്തിയാക്കിയതായി പൊതുമരാമത്ത് വകുപ്പ് കമ്മീഷനെ അറിയിച്ചു. മഴ കാരണമാണ് സർഫേസിംഗ് ജോലികൾ നീണ്ടുപോയത്.

## ഉത്തരവ് പുനപരിശോധിക്കണമെന്ന ഹർജി തള്ളി

തിരുവനന്തപുരം : കള്ള കേസിൽ കുടുക്കി അറസ്റ്റ് ചെയ്ത ടാപ്പിംഗ് തൊഴിലാളിയെ വനപാലകർ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ ഒന്നരലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന കമ്മീഷന്റെ മുൻ ഉത്തരവ് പുനഃപരിശോധിക്കാനാവില്ലെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

മർദ്ദനമേറ്റയാളിന് ഒന്നരലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ സർക്കാർ തീരുമാനിച്ചിരുന്നു. എതിർകക്ഷികളിൽ നിന്ന് തുക ഈടാക്കാനും സർക്കാർ തീരുമാനിച്ചു.

കേസിലെ എതിർകക്ഷിയും വനംവകുപ്പ് ഉദ്യോഗസ്ഥനുമായ വി.കെ. ആനന്ദൻ സമർപ്പിച്ച പുനഃപരിശോധന ഹർജിയിലാണ് ഉത്തരവ്.

കോന്നി കല്ലേലി ചെളിക്കുഴി ഷമീർ മൻസിലിൽ സൈനുദ്ദീനെ 2006 ഡിസംബർ 19 നാണ് വനത്തിൽ നിന്ന് ചന്ദനത്തടി മോഷ്ടിച്ചതായി ആരോപിച്ച് വനപാലകർ അറസ്റ്റ് ചെയ്ത് മർദ്ദിച്ചത്. സൈനുദ്ദീന് ഒന്നരലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നും എതിർകക്ഷികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകണമെന്നും ജസ്റ്റിസ് എ. ലക്ഷ്മിക്കുട്ടി 2008 ജനുവരി 14 ന് ഉത്തരവിട്ടിരുന്നു. എതിർകക്ഷികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും കമ്മീഷൻ ഉത്തരവിട്ടിരുന്നു.

കമ്മീഷൻ ഉത്തരവ് സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് എതിർകക്ഷികൾ ഹൈക്കോടതിയെയും സർക്കാരിനെയും സമീപിച്ചിരുന്നു. എന്നാൽ ഫലമുണ്ടായില്ല. എതിർകക്ഷികൾ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി പ്രവർത്തിച്ചുവെന്ന് കരുതാനാവില്ലെന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞു.

നാലുവർഷത്തിനു ശേഷം കമ്മീഷൻ ഉത്തരവ് റിവ്യൂ ചെയ്യാൻ കഴിയില്ലെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

## പൈപ്പ് പൊട്ടൽ വിജിലൻസ് അന്വേഷണത്തിന്

തിരുവനന്തപുരം : സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരത്തിൽ അടിക്കടിയുണ്ടാകുന്ന പൈപ്പ് പൊട്ടലിന് പിന്നിലുള്ള ദുരൂഹത പുറത്തുകൊണ്ടു വരുന്നതിനായി വിജിലൻസ് അന്വേഷണം നടത്താൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിന്റെ അനുമതി തേടി.

ശുദ്ധജല വിതരണ പൈപ്പുകൾ തുടരെതുടരെ പൊട്ടുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ നടത്തുന്ന ക്രമക്കേടുകൾ അന്വേഷിക്കേണ്ടതാണെന്ന് വിജിലൻസ് ഡയറക്ടർ, വിജിലൻസ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് എഴുതിയ കത്തിൽ പറയുന്നു.

പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ജസ്റ്റിസ് ജെ.ബി. കോശി വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടത്.

കരാറുകാർക്ക് പണമുണ്ടാക്കുന്നതിനും ടാങ്കർ ലോറികൾക്ക് ലാഭമുണ്ടാക്കുന്നതിനുമായി ജല അതോറിറ്റി ഉദ്യോ

## കമ്മീഷൻ ഇടപെട്ടു: വിദ്യാഭ്യാസ വായ്പ കിട്ടി

തിരുവനന്തപുരം : സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി നിർധനയായ നേഴ്സിംഗ് വിദ്യാർത്ഥിക്ക് ബാങ്ക് നിരസിച്ച വിദ്യാഭ്യാസ വായ്പയുടെ അവസാന ഗഡു വായ ഒരുലക്ഷം രൂപ ലഭിച്ചു.

തിരുവനന്തപുരം സ്വദേശി ബോബിരാജനാണ് വായ്പ ലഭിച്ചത്. മൂന്നുലക്ഷം രൂപ നൽകിയ ശേഷം ബാക്കി തുകയായ ഒരു ലക്ഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തടഞ്ഞുവയ്ക്കുകയായിരുന്നു. അടിയന്തിരമായി തുക അനുവദിക്കാൻ ജസ്റ്റിസ് ജെ.ബി. കോശി എസ്.ബി.റ്റി.യോട് ആവശ്യപ്പെട്ടിരുന്നു. അനുവദിക്കപ്പെട്ട വായ്പ നൽകാതിരിക്കുന്നത് മനുഷ്യാവകാശലംഘനമാണെന്ന് ബാങ്കിംഗ് ഓമ്പുഡ്സ്മാനെയും കമ്മീഷൻ അറിയിച്ചിരുന്നു.

നാലാംവർഷ നേഴ്സിംഗ് വിദ്യാർത്ഥിയായ ബോബി രാജന് അമ്മയും രണ്ട് സഹോദരിമാരും അമ്മൂമ്മയുമാണുള്ളത്. അച്ഛൻ 17 വർഷം മുമ്പ് മരിച്ചു. അവസാന വർഷ ഫീസിനുവേണ്ടി ബാങ്കിനെ സമീപിച്ചപ്പോൾ തരാൻ സാധ്യമല്ലെന്ന നിലപാടെടുത്തു. മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടും ഫലമുണ്ടായില്ല.

മുമ്പ് നൽകിയ ജാമ്യം പോരെന്നും ബാക്കിയുള്ള ഒരു ലക്ഷത്തിന് ഉദ്യോഗസ്ഥ ജാമ്യം വേണമെന്നും ബാങ്ക് ആവശ്യപ്പെട്ടതായി പരാതിയിൽ പറയുന്നു. ഉദ്യോഗസ്ഥജാമ്യവുമായി ബാങ്കിലെത്തിയപ്പോൾ വായ്പ അനുവദിക്കുന്നത് താല്ക്കാലികമായി നിർത്തിയിരിക്കുകയാണെന്ന് മറുപടി കിട്ടി. ഫീസ് അടയ്ക്കാത്തതിനാൽ ക്ലാസ്സിൽ നിന്നും ഇറക്കി വിട്ടു. ബാങ്കുകളുടെ ഇത്തരം നിഷേധാത്മക സമീപനമാണ് വിദ്യാർത്ഥികളെ ആത്മഹത്യക്ക് പ്രേരിപ്പിക്കുന്നതെന്ന് പരാതിയിൽ പറയുന്നു.

ഗസ്ഥർ സഹായിക്കുകയാണെന്ന് ഉത്തരവിൽ ചൂണ്ടിക്കാണിച്ചിരുന്നു.

## കമ്മീഷൻ ഉത്തരവ്; സർക്കാർ നാലുലക്ഷം അനുവദിച്ചു

കൊല്ലം: ജില്ലാ ആശുപത്രിയിൽ സെക്യൂരിറ്റി ജീവനക്കാരന്റെ മർദ്ദനത്തെ തുടർന്ന് മരിച്ച റ്റി.വി. യേശുദാസന്റെ കുടുംബത്തിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ നാലുലക്ഷം രൂപ നഷ്ടപരിഹാരം അനുവദിച്ചു.

കൊല്ലം ജില്ലാ സെഷൻസ് കോടതി ഇതേ കേസിൽ പ്രതി സെക്യൂരിറ്റി ജീവനക്കാരൻ സുദർശനൻപിള്ളയെ വെറുതേ വിട്ടിരുന്നു. മനുഷ്യാവകാശ പ്രവർത്തകനായ കെ.എൽ. ജോൺസൺ സമർപ്പിച്ച പരാതിയിൽ ഇക്കൊല്ലം ഏപ്രിലിലാണ്

നാലുലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിട്ടത്.

2005 ഡിസംബർ 3-നാണ് ജില്ലാ ആശുപത്രിയിൽ ചികിത്സയിലായിരുന്ന യേശുദാസനെ കള്ളനെന്ന് ആരോപിച്ച് സെക്യൂരിറ്റി ജീവനക്കാരൻ സുദർശനൻപിള്ള മർദ്ദിച്ചത്. മർദ്ദനത്തിൽ യേശുദാസന്റെ തലയ്ക്ക് പരിക്കേറ്റ് ആന്തരിക രക്തസ്രാവം ഉണ്ടായി.

ചികിത്സക്കെത്തുന്ന രോഗിയുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ട ബാധ്യത സർക്കാരിനുണ്ടെന്നും യേശുദാസന്റെ മരണത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ സർക്കാരിനാവില്ലെന്നും ആർ. നടരാജൻ ഉത്തരവിൽ ചൂണ്ടിക്കാണിച്ചിരുന്നു.

## പശ്ചിമ കൊച്ചിയിലെ കുടിവെള്ളം: വാട്ടർ അതോറിറ്റി എം.ഡിക്ക് നോട്ടീസ്

കൊച്ചി : പശ്ചിമകൊച്ചിയിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാത്തതിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, ഫോർട്ട് കൊച്ചി ആർ.ഡി.ഒ., സി.എം.ഒ., എന്നിവർക്ക് നോട്ടീസയച്ചു. ഒക്ടോബർ 30-നകം സംഭവത്തെ കുറിച്ച് അന്വേഷിച്ച് വിശദീകരണം സമർപ്പിക്കണം. നവംബർ 11-ന് എറണാകുളത്ത് കേസ് പരിഗണിക്കും.

കൊച്ചി നഗരസഭ കൗൺസിലർ തമ്പി സുബ്രഹ്മണ്യൻ സമർപ്പിച്ച പരാതിയിലാണ് നടപടി.

പള്ളുരുത്തി, പെരുമ്പടപ്പ്, ഇടക്കൊച്ചി എന്നിവിടങ്ങളിൽ മഴക്കാലത്ത് പോലും കുടിവെള്ളം ലഭിക്കുന്നില്ലെന്നാണ് പരാതി. പള്ളുരുത്തിയിൽ 9.5 എം.എൽ.റ്റി. വെള്ളം സംഭരിക്കാനുള്ള രണ്ട് ടാങ്കുകൾ ഉണ്ടെങ്കിലും പകുതി പോലും വെള്ളം സംഭരിക്കുന്നില്ല. പള്ളുരുത്തി മേഖലയിലേക്ക് അനുവദിച്ച വെള്ളം മറ്റ് മേഖലകളിലേക്ക് ഉദ്യോഗസ്ഥർ തിരിച്ചുവിടുന്നതായും പരാതിയിൽ പറയുന്നു. പള്ളുരുത്തിയിലെ രണ്ട് വാട്ടർ ടാങ്കുകളും ശുദ്ധീകരിച്ചിട്ടില്ല. പൈപ്പുകൾ കാലപ്പഴക്കത്താൽ പൊട്ടിത്തകർന്ന വാട്ടർ ടാങ്കുകൾ വൃത്തിയാക്കി, പഴയ പൈപ്പുകൾ പുനഃസ്ഥാപിക്കാമെന്ന് കഴിഞ്ഞ ജൂണിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ ഉറപ്പു നൽകിയെങ്കിലും നടപടിയെടുത്തില്ലെന്നും പരാതിയിലുണ്ട്

## പാവങ്ങളെ സഹായിക്കുമ്പോൾ സാങ്കേതികത തടസ്സമാകരുത്

തിരുവനന്തപുരം : പാവങ്ങളെ സഹായിക്കാനുള്ള സർക്കാർ നടപടികൾക്ക് സാങ്കേതികത തടസ്സമാകരുതെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

പാൽ കറന്ന് ജീവിക്കുന്ന കാഴ്ചയില്ലാത്ത ഇരട്ട സഹോദരങ്ങൾക്ക് എ.പി.എൽ. റേഷൻ കാർഡ് നൽകിയ നടപടിക്കെതിരെ പൊതുപ്രവർത്തകനായ ശാന്തിവിള പത്മകുമാർ സമർപ്പിച്ച പരാതി തീർപ്പാക്കിക്കൊണ്ടാണ് കമ്മീഷൻ ഉത്തരവ്.

കാഴ്ചയില്ലാത്ത സഹോദരങ്ങൾക്ക് ഡിസംബർ 30 ന് മുമ്പ് ബി.പി.എൽ. കാർഡ് നൽകിയ ശേഷം മനുഷ്യാവകാശ നിയമത്തിലെ 18 ഇ വകുപ്പ് പ്രകാരം നടപടി റിപ്പോർട്ട് കമ്മീഷനിൽ ഫയൽ ചെയ്യണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

ശാരീരിക വൈകല്യമുള്ളവർക്ക് ജില്ലാ കളക്ടർ ബി.പി.എൽ. കാർഡ് അനുവദിക്കാറുണ്ടെന്ന് ജില്ലാ സപ്ലൈ ഓഫീസർ കമ്മീഷനിൽ സമർപ്പിച്ച വിശ

ദീകരണത്തിൽ പറയുന്നു. ശാന്തിവിള പത്മകുമാർ കമ്മീഷനിൽ സമർപ്പിച്ച പരാതി കാഴ്ചയില്ലാത്ത സഹോദരങ്ങൾക്കുവേണ്ടിയുള്ള അപേക്ഷയായി പരിഗണിച്ച് ബി.പി.എൽ. കാർഡ് അനുവദിക്കണമെന്നും കമ്മീഷൻ ഉത്തരവിട്ടു.

ശാന്തിവിള സർവോദയം വള്ളത്തുവിളാകം വീട്ടിൽ ഇരട്ട സഹോദരങ്ങളായ രാജേന്ദ്രൻ നായരും സുരേന്ദ്രൻ നായരും ഭാര്യ ഗീതയും വിദ്യാർത്ഥികളായ രണ്ടു മക്കളും പാൽ കറന്നാണ് ഉപജീവനം കഴിക്കുന്നത്. പുലർച്ചയ്ക്കും വൈകിട്ടും രണ്ട് കിലോമീറ്റർ നഗരത്തിലൂടെ നടന്നാണ് 45 വയസ്സുള്ള ഇരട്ടകൾ പാലുമായി വീടുകളിലെത്തുന്നത്. പത്രവാർത്തകളെ തുടർന്ന് തോന്നയ്ക്കൽ സായിഗ്രാമം എക്സിക്യൂട്ടീവ് ഡയറക്ടർ കെ.എൻ. ആനന്ദകുമാർ ഒരു പശുവും കുട്ടിയും ഊന്നുവടിയും ഇവർക്ക് സംഭാവന നൽകി.

ജില്ലാ കളക്ടർ, ജില്ലാ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർ പ്രശ്നത്തിൽ അടിയന്തിരമായി ഇടപെടണമെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

## ജാമ്യമെടുക്കാൻ സാധിക്കാത്ത ആദിവാസികളെ ജയിൽമോചിതരാക്കണം

**തി**രുവനന്തപുരം : സംസ്ഥാനത്തെ സബ് ജയിലുകളിൽ ജാമ്യമെടുക്കാൻ സാധിക്കാതെ വിചാരണതടവുകാരായി കഴിയുന്ന ആദിവാസികളെ നിയമാനുസരണം വിട്ടയക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

ആദിവാസികൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടാൽ തന്നെ ലഭിക്കാവുന്ന പരമാവധി ശിക്ഷയുടെ കാലാവധി കഴിഞ്ഞ ആദിവാസികളെ മോചിപ്പിക്കണമെന്നാണ് ഉത്തരവ്. കമ്മീഷൻ ഉത്തരവിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ ആഭ്യന്തര വകുപ്പ് സെക്രട്ടറിയും ജയിൽവകുപ്പ് മേധാവിയും നവംബർ 31-നകം കമ്മീഷനെ അറിയിക്കണമെന്നും ജസ്റ്റിസ് ജെ.ബി കോശി ഉത്തരവിട്ടു.

കേരളത്തിലെ വിവിധ സബ് ജയിലുകളിൽ 878 ആദിവാസികൾ ജാമ്യമെടുക്കാൻ ആരുമില്ലാതെ വിചാരണ തടവുകാരായി കഴിയുന്നുവെന്ന ബോബി തോമസിന്റെ പരാതിയിലാണ് നടപടി. പലരും പെറ്റിക്കേസിൽ ശിക്ഷിക്കപ്പെട്ടവരാണ്. ആരോപിക്കപ്പെട്ട കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടാലും പരമാവധി ഒരാഴ്ച മാത്രം ശിക്ഷ കിട്ടും. എന്നാൽ ജാമ്യമെടുക്കുന്നതിനെകുറിച്ചുള്ള അറിവില്ലായ്മയും ജാമ്യമെടുക്കാൻ ആവശ്യമായ രേഖകൾ ഇല്ലാത്തതുകൊണ്ടുമാണ് ഇവർ വർഷങ്ങളായി തടവിൽ കഴിയുന്നത്. ജയിൽ ഡി.ജി.പി. അനുഭാവപൂർവ്വം പരിഗണിക്കേണ്ട വിഷയമാണ് ഇതെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

## വൈപ്പിൻ-എറണാകുളം ബോട്ട്: ജലഗതാഗതവകുപ്പിന് നോട്ടീസ്

കൊച്ചി : വൈപ്പിൻ ദ്വീപിൽ നിന്നും എറണാകുളത്തേക്കുള്ള ബോട്ട് സർവ്വീസ് ഫോർട്ട് കൊച്ചിയിലേക്ക് നീട്ടിയ ജലഗതാഗത വകുപ്പിന്റെ നടപടിക്കെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി കേസെടുത്തു.

ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറിയും ജലഗതാഗതവകുപ്പ് ഡയറക്ടറും നവംബർ 6-നകം വിശദീകരണം സമർപ്പിക്കണമെന്ന് കമ്മീഷൻ നോട്ടീസിൽ ആവശ്യപ്പെട്ടു. കേസ് നവംബർ 11-ന് എറണാകുളം സിറ്റിങ്ങിൽ പരിഗണിക്കും.

കൊച്ചിൻപോർട്ട് എംപ്ലോയീസ് ഓർഗനൈസേഷൻ (സി.ഐ.റ്റി.യു) സമർപ്പിച്ച പരാതിയിലാണ് നടപടി.

വൈപ്പിൻ ദ്വീപിൽ നിന്നും തിരിച്ച് എംബാർക്കേഷൻ വഴി എറണാകുളം ഫെറിയിലേക്ക് ഗതാഗതം നടത്തിയിരുന്ന ബോട്ടാണ് ഓഗസ്റ്റ് 19-ലെ ഉത്തരവ് പ്രകാരം ഫോർട്ട് കൊച്ചിയിലേക്ക് നീട്ടിയത്. ഫോർട്ട് കൊച്ചി വഴിയുള്ള ഗതാഗതം കാരണം രണ്ടിരട്ടിയിലധികം ആളുകളെ കയറ്റേണ്ടി വരുന്ന ബോട്ട് മുങ്ങിത്താഴാനുള്ള സാധ്യത ഏറെയാണെന്ന് പരാതിയിൽ ആരോപിക്കുന്നു. ഭൂരിപക്ഷം ബോട്ടുകളും കാലപ്പഴക്കം കാരണം നശിച്ച അവസ്ഥയിലാണ്. അടിയൊഴുക്ക് ശക്തമായ കപ്പൽ ചാലിലൂടെയാണ് ബോട്ട് സഞ്ചരിക്കുന്നതെന്നും പരാതിയിൽ പറയുന്നു.

## കമ്മീഷൻ ഇടപെട്ടപ്പോൾ കുടിവെള്ള കണക്ഷൻ നൽകി

തിരുവനന്തപുരം : പഞ്ചായത്ത് നിഷേധിച്ച കുടിവെള്ള കണക്ഷൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിനെ തുടർന്ന് പഞ്ചായത്ത് തന്നെ സ്ഥാപിച്ചു.

ചെങ്കൽ കുടുമ്പോട്ടുകോണം ഇന്ത്യൻ പെന്തക്കോസ്ത് ദൈവസഭ പള്ളിയിൽ പഞ്ചായത്ത് നിർമ്മിച്ച കുഴൽകിണറിൽ നിന്നുള്ള കുടിവെള്ള കണക്ഷനാണ് കീഴ്കൊല്ല സ്വദേശി എ. രവീന്ദ്രന് നിഷേധിച്ചത്. കുഴൽകിണറിൽ നിന്നും

90 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന എല്ലാവർക്കും കണക്ഷൻ നൽകിയെങ്കിലും പള്ളിയുടെ അടുത്തുള്ള തന്റെ വീട്ടിൽ മാത്രം കണക്ഷൻ നിഷേധിച്ചതായി രവീന്ദ്രൻ പരാതിയിൽ പറഞ്ഞു. സംഭവത്തിന് പിന്നിൽ വർഗീയതയാണെന്നും രവീന്ദ്രൻ ആരോപിച്ചു.

മനുഷ്യാവകാശ കമ്മീഷൻ ഇന്ത്യൻ പെന്തക്കോസ്തൽ സഭയിൽ നിന്നും ചെങ്കൽ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടു. തുടർന്ന് രവീന്ദ്രന്റെ വീടിന് മുൻവശം പൈപ്പ് കണക്ഷൻ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കിയതായി ചെങ്കൽ പഞ്ചായത്ത് സെക്രട്ടറി മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

## ജാതി സർട്ടിഫിക്കറ്റിൽ ഇല്ലാത്ത ജാതി; കമ്മീഷൻ ഇടപെട്ടപ്പോൾ തിരുത്തി

തിരുവനന്തപുരം : സ്കൂൾ പ്രവേശനത്തിന് നൽകിയ ജാതി സർട്ടിഫിക്കറ്റിൽ ഇല്ലാത്ത ജാതി എഴുതി ചേർത്ത നടപടി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശിയുടെ ഇടപെടലിന്റെ ഫലമായി അധികൃതർ തിരുത്തി.

ചേരമർ ക്രിസ്ത്യൻ വിഭാഗത്തിലുള്ള

കുട്ടിക്ക് ഒന്നാം ക്ലാസ് പ്രവേശനത്തിന് നൽകിയ സർട്ടിഫിക്കേറ്റിൽ ആദ്യം പെന്തക്കോസ്ത് എന്നും പിന്നീട് സി.എസ്.ഐ. എന്നും ജാതി എഴുതി നൽകി. അച്ഛന്റെ എസ്.എസ്.എൽ.സി. ബുക്കും മറ്റ് സർട്ടിഫിക്കറ്റുകളും ഹാജരാക്കിയെങ്കിലും വില്ലേജ് ഓഫീസർ അവ അവഗണിച്ച് സി.എസ്.ഐ., പെന്തക്കോസ്ത് തുടങ്ങി ഇല്ലാത്ത ജാതികൾ എഴുതി നൽകിയെന്നാണ് ആക്ഷേപം. ദളിത് സേന സംസ്ഥാന പ്രസിഡന്റ് ബി.എൽ. ജോസിന്റെ മകനാണ് കള്ളിക്കാട് വില്ലേജ് ഓഫീസർ തെറ്റായ ജാതി എഴുതി നൽകിയത്. അബദ്ധം ചൂണ്ടിക്കാണിച്ചപ്പോൾ അപമാനിച്ചതായും ജോസ് കമ്മീഷനിൽ നൽകിയ പരാതിയിൽ പറയുന്നു.

പെന്തക്കോസ്തും സി.എസ്.ഐ.യും ജാതികളല്ല, ക്രിസ്ത്യൻ വിഭാഗങ്ങളാണെന്ന് കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. ചേരമർ ക്രിസ്ത്യനെന്നോ ചേരമർ പരിവർത്തിത ക്രിസ്ത്യനെന്നോ സർട്ടിഫിക്കറ്റ് നൽകണമെന്നും കമ്മീഷൻ ഉത്തരവിട്ടു.

കമ്മീഷന്റെ നിർദ്ദേശാനുസരണം ജിബിൻ ജോസിന് ചേരമർ ക്രിസ്ത്യൻ സർട്ടിഫിക്കറ്റ് നൽകിയതായി ആർ.ഡി.ഒ. കമ്മീഷനെ അറിയിച്ചു.

## ഡി.ജി.പി.ക്കെതിരെ സമൻസും വാറന്റും പുറപ്പെടുവിക്കും

തിരുവനന്തപുരം : ഡി.വൈ.എഫ്.ഐ. പ്രവർത്തകന്റെ അടിവയറ്റിൽ സബ് ഇൻസ്പെക്ടർ ബൂട്ടിട്ട് ചവിട്ടിയ സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ട റിപ്പോർട്ട് ഒക്ടോബർ 30-നകം സമർപ്പിച്ചില്ലെങ്കിൽ സിവിൽ കോടതിയുടെ അധികാരം ഉപയോഗിച്ച് സംസ്ഥാന പോലീസ് മേധാവിക്കെതിരെ സമൻസും തുടർന്ന് വാറന്റും പുറപ്പെടുവിക്കുമെന്ന് കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

സെപ്തംബർ 4-ന് ആനയറ വേൾഡ് മാർക്കറ്റിൽ ഹോർട്ടികോർപ്പിന്റെ ചടങ്ങിനെത്തിയ മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ചതിനാണ് ഡി.വൈ.എഫ്.ഐ. പ്രവർത്തകൻ ജയപ്രസാദിനെ തുമ്പ ഗ്രേഡ് എസ്.ഐ. വിജയദാസും സംഘവും ബൂട്ടിട്ട് ജനനേന്ദ്രിയത്തിൽ ചവിട്ടിയത്. ഡി.വൈ.എഫ്.ഐ. സംസ്ഥാന ഭാരവാഹികളായ ടി.വി. രാജേഷ് എം.എൽ.എ.യും എം. സ്വരാജുമാണ് കമ്മീഷനിൽ പരാതി നൽകിയത്.

ഡി.ജി.പി.യോട് ഇതു സംബന്ധിച്ച് അന്വേഷണം നടത്തി മൂന്നാഴ്ചക്കുള്ളിൽ വിശദീകരണം സമർപ്പിക്കണമെന്ന് സെപ്തംബർ 5-ന് ജസ്റ്റിസ് ജെ.ബി. കോശി നിർദ്ദേശിച്ചിരുന്നു. എതിർകക്ഷി എസ്.ഐ. വിജയദാസിനോട് ആക്ഷേപം സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇരുവരും വിശദീകരണം സമർപ്പിച്ചില്ല.

ആക്ഷേപം സമർപ്പിക്കാത്ത സാഹചര്യത്തിൽ ആക്ഷേപമൊന്നുമില്ലെന്ന നിഗമനത്തിൽ വിജയദാസിനെതിരെ കമ്മീഷൻ നടപടി സ്വീകരിക്കുമെന്ന് ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു.

## കരുവേലിപ്പടി ആശുപത്രിയോടുള്ള അവഗണന സ്വകാര്യമേഖലയെ സഹായിക്കാൻ

കൊച്ചി : കരുവേലിപ്പടി സർക്കാർ മഹാരാജാസ് ആശുപത്രിയിൽ ഒഴിവുകൾ നികത്താത്തത് സ്വകാര്യാശുപത്രികളെ സഹായിക്കാനാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

പശ്ചിമകൊച്ചി മേഖലയിലെ നാലു ലക്ഷത്തിലധികം ജനങ്ങൾക്ക് സേവനം നൽകേണ്ട ആശുപത്രിയിൽ ആവശ്യാനുസരണം ഡോക്ടർമാരെ നിയമിച്ച ശേഷം മനുഷ്യാവകാശ കമ്മീഷനെ രേഖാമൂലം അറിയിക്കണമെന്നും ഉത്തരവിലുണ്ട്. മൂന്നു മാസത്തിനകം നടപടി പൂർത്തിയാക്കണമെന്നും ഉത്തരവിൽ പറയുന്നു.

ജനകീയ പ്രതികരണ സമിതി പ്രസിഡന്റ് വൈ. അബ്ദു സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

ഏപ്രിൽ 30 മുതൽ ഓർത്തോ ഡോക്ടറുടെ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടും ഫലമുണ്ടായില്ല. ത്വക്‌രോഗ വിദഗ്ദന്റെ തസ്തികയും ഒഴിഞ്ഞു കിടക്കുന്നു. മൂന്നു ഡോക്ടർമാർ വേണ്ടിടത്ത് വർക്ക് അറേഞ്ച്മെന്റിൽ ഒരാളാണ് ഉള്ളത്. ആഴ്ചയിൽ 3 ദിവസം സർജന്റെ സേവനം ലഭ്യമാണെന്ന് പറയുന്നുവെങ്കിലും രോഗികൾക്ക് പ്രയോജനം ലഭിക്കുന്നില്ല. ഓപ്പറേഷനുകൾ നടക്കുന്നില്ല.

പാവങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലമാണ് ഇത്. സാംക്രമിക രോഗങ്ങൾ പ്രദേശത്ത് സാധാരണവുമാണ്. 220 കിടക്കകളുള്ള ആശുപത്രിയിൽ ഡോക്ടർമാരില്ലാത്തതിനാൽ 44 രോഗികൾ മാത്രമാണുള്ളതെന്നും പരാതിയിൽ പറയുന്നു. രണ്ട് ഫിസിഷ്യൻമാരെയും നഴ്സുമാരെയും അടിയന്തിരമായി നിയമിക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു.

ഉത്തരവിന്റെ പകർപ്പ് ചീഫ് സെക്രട്ടറിക്കും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും ആരോഗ്യവകുപ്പ് ഡയറക്ടർക്കും അയച്ചു.

## മംഗലപുരം കംഫർട്ട് സ്റ്റേഷൻ ഒരു മാസത്തിനകം തുറക്കണം

തിരുവനന്തപുരം : ടെക്നോസിറ്റിയിൽ നൂറ് കണക്കിനാളുകൾക്ക് ആശ്രയമായ മംഗലപുരം പഞ്ചായത്ത് കംഫർട്ട് സ്റ്റേഷൻ ഒരു മാസത്തിനകം തുറന്നു പ്രവർത്തിപ്പിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അദ്ധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി.

ശൗചാലയം നടത്താൻ ടെണ്ടർ പിടിച്ചയാൾ ശൗചാലയം പൂട്ടി സ്ഥലം വിട്ടതായി ആരോപിച്ച് കുടവൂർ സ്വദേശി കെ. കൃഷ്ണകുമാർ സമർപ്പിച്ച പരാതിയിലാണ് നടപടി.

ശൗചാലയം സ്ഥിതി ചെയ്യുന്ന സ്ഥലം ബസ്സ്റ്റോപ്പാണ്. പെൻഷൻ വാങ്ങാനും ആധാർ രജിസ്ട്രേഷനുമെത്തുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് ആശ്രയമായ ശൗചാലയം തുറന്നു പ്രവർത്തിപ്പിക്കാത്തതു പഞ്ചായത്തിന്റെ വീഴ്ചയാണെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ശൗചാലയം തുറക്കാൻ

സബ് കമ്മിറ്റിക്ക് രൂപം കൊടുത്തതായി പഞ്ചായത്ത് കമ്മീഷനെ അറിയിച്ചു. ഇതുകൊണ്ട് പ്രശ്നപരിഹാരമാവില്ലെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ ചൂണ്ടിക്കാണിച്ചു.

## കുരൂർതോട്ടിലെ മലിനീകരണം; ആശുപത്രിക്ക് ലൈസൻസ് നൽകരുത്

കൊച്ചി : കോതമംഗലം നഗരത്തിലൂടെ ഒഴുകി മൂവാറ്റുപുഴയാറിൽ പതിക്കുന്ന കുരൂർ തോട് മലിനീകരിക്കുന്ന ഐശ്വര്യ ആശുപത്രിക്ക് മലിനീകരണ നിയന്ത്രണ ബോർഡും ജില്ലാ മെഡിക്കൽ ഓഫീസറും പറയുന്ന നിബന്ധനകൾ പാലിച്ച് മാത്രം ലൈസൻസ് നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് സെക്രട്ടറി ഡോ. വിന്നി വർഗ്ഗീസ് സമർപ്പിച്ച പരാതി തീർപ്പാക്കികൊണ്ടാണ് ഉത്തരവ്.

കോതമംഗലത്തെ ഫ്ളാറ്റുകളും മാർക്കറ്റുകളും ആശുപത്രികളും അറവുശാലകളും ചേർന്ന് കുരൂർ തോടിന്റെ സന്തുലിതാവസ്ഥയെ തകിടം മറിച്ചതായി നിയമസഭാസമിതി കണ്ടെത്തിയിരുന്നു കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ചതായും റിപ്പോർട്ടിലുണ്ട്.

കീരംപാറയിൽ പ്രവർത്തിക്കുന്ന ആശുപത്രിക്ക് പഞ്ചായത്തിന്റെ അനുമതിയില്ലെന്ന് പരാതിയിൽ പറയുന്നു. ആശുപത്രി മാലിന്യങ്ങൾ സംസ്ക്കരിക്കാതെ തോട്ടിലേക്ക് ഒഴുക്കുന്നതു കാരണം പകർച്ചവ്യാധികൾ പടരുന്നു. ഇതിനെതിരെ പഞ്ചായത്ത് വരെ രംഗത്തെത്തിയിട്ടുണ്ട്. താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സഹകരണത്തോടെ കോളേജ് അസോസിയേഷൻ കുരൂർതോട് ഏഴു വർഷമായി വൃത്തിയാക്കി വരികയാണെന്നും പരാതിയിൽ പറയുന്നു.

# കോർപ്പറേഷൻ അറവുശാല ഒക്ടോബർ 31 നകം അടച്ചുപൂട്ടണം



**കൊ**ല്ലം : ഒക്ടോബർ 31 നകം കൊല്ലം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള അറവുശാലയിലെ അപര്യാപ്തതകൾ പരിഹരിച്ചില്ലെങ്കിൽ അടച്ചുപൂട്ടാൻ മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗം ആർ. നടരാജൻ.

അഷ്ടമുടി കായലിനും ടി.എസ്. കനാലിനുമിടയിൽ സ്ഥിതി ചെയ്യുന്ന അറവുശാല പകർച്ചവ്യാധികൾക്ക് കാരണമാകുന്നതായി ആരോപിച്ച് എം.കെ. സലിം സമർപ്പിച്ച പരാതി തീർപ്പാക്കികൊണ്ടാണ് ഉത്തരവ്.

അറവുശാലയിൽ ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല. കായലും കനാലും മാംസാവശിഷ്ടങ്ങൾ കാരണം മലിനീകരിക്കപ്പെടുന്നു. 35 വർഷത്തിലേറെയായി പ്രവർത്തിക്കുന്ന അറവുശാലയിൽ ദിവസേന നൂറു കണക്കിന് മൃഗങ്ങളെ കശാപ്പു ചെയ്യുന്നുണ്ട്.

അറവുശാല നവീകരിക്കാൻ 54 ലക്ഷത്തിന്റെ പദ്ധതി തയ്യാറാക്കിയതായി കൊല്ലം കോർപ്പറേഷൻ കമ്മീഷനെ അറിയിച്ചു. എന്നാൽ അറവുശാലയിലെ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കാറില്ലെന്ന് ജില്ല മെഡിക്കൽ ഓഫീസർ കമ്മീഷനെ അറിയിച്ചു. അറവുശാലയുടെ പ്രവർത്തനം ആരോഗ്യകരമല്ലെന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ വിശദീകരണത്തിൽ പറയുന്നു.

സാങ്കേതികമായ കാരണങ്ങളാലാണ് ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കാത്തതെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്മീഷനെ അറിയിച്ചു. ബയോഗ്യാസ് ഉല്പ്പാദിപ്പിക്കാനുള്ള സാങ്കേതിക സൗകര്യം പ്ലാന്റിനില്ല. അറവുശാലയിലെ മാലിന്യം അഷ്ടമുടി കായലിലെ ബോട്ട് യാത്രക്കാർക്കും ഹാനികരമാണ്. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നവർക്ക് സാങ്കേതികജ്ഞാനമില്ല.


അറവുശാലയിലെ മാലിന്യം ജലത്തിനു അന്തരീക്ഷത്തിനും മലിനീകരണമുണ്ടാക്കുന്നതായി കമ്മീഷൻ അംഗം ആർ. നടരാജൻ ഉത്തരവിൽ പറഞ്ഞു. ഏപ്രലിൽ മലിനീകരണ നിയന്ത്രണ ബോർഡ് ചൂണ്ടിക്കാണിച്ച ന്യൂനതകൾ ആഗസ്റ്റ് കഴിഞ്ഞിട്ടും പരിഹരിച്ചില്ലെന്ന് ഉത്തരവിൽ പറയുന്നു.

# മലിനീകരണം നിർത്തിയില്ലെങ്കിൽ ലുലുവിന്റെ ലൈസൻസ് റദ്ദാക്കണം

**കൊ**ച്ചി : വിസർജ്യവസ്തുക്കൾ കലർന്ന മലിനജലം തുകലൻകുത്തിയ തോട്ടിലേക്ക് ഒഴുക്കുന്ന ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാൾ മലിനീകരണ നിയന്ത്രണ നിർദ്ദേശങ്ങൾ പാലിച്ചില്ലെങ്കിൽ സ്ഥാപനത്തിന്റെ ലൈസൻസ് റദ്ദാക്കി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു. സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാധീനമുണ്ടെന്ന് കരുതി ഒരു സ്ഥാപനവും മലിനീകരണം നടത്താൻ പാടില്ലെന്നും ഉത്തരവിൽ പറയുന്നു.

മലിനീകരണ നിയന്ത്രണ ബോർഡും ജില്ലാ കളക്ടറും കളമശ്ശേരി മുൻസിപ്പാലിറ്റിയും കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ കമ്മീഷനെ രേഖാമൂലം അറിയിക്കണം. ലുലു ഇന്റർനാഷണൽ ഷോപ്പിംഗ് മാളിനും ആക്ഷേപം സമർപ്പിക്കാം.

മണക്കുഴി റസിഡൻസ് അസോസിയേഷനു വേണ്ടി കെ.ജി. രാജേഷ് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. ലുലു ഇന്റർനാഷണലിൽ നിന്ന് മലിനജലം തോട്ടിലേക്ക് ഒഴുക്കാൻ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിലൂടെ വമിക്കുന്ന മലിനജലം തോട്ടിലേക്ക് പമ്പ് ചെയ്യുന്നുവെന്നുമാണ് പരാതി. കമ്മീഷൻ കളമശേരി മുൻസിപാലിറ്റി, ജില്ലാ



കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവരിൽ നിന്നും വിശദീകരണം തേടിയിരുന്നു. പരാതി ശരിയാണെന്ന് സർക്കാർ വൃത്തങ്ങൾ സമ്മതിച്ചു.

ലുലുമാളിന്റെ പടിഞ്ഞാറുഭാഗത്ത് 5 പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും പരിശോധനാവേളയിൽ രണ്ട് പൈപ്പുകളിലൂടെ ജലം ഒഴുകുന്നുണ്ടെന്നും മുനിസിപ്പാലിറ്റി കമ്മീഷനെ അറിയിച്ചു. ദുർഗന്ധം കാരണം ഭക്ഷണം കഴിക്കാൻ പോലുമാവുന്നില്ലെന്ന് തദ്ദേശവാസികൾ തങ്ങളെ അറിയിച്ചതായി വിശദീകരണത്തിലുണ്ട്. മലിനജലം പതിക്കുന്നത് ഇവരുടെ വീടിന്റെ പിൻഭാഗത്താണ്.

ദിവസം ഒരു ലക്ഷം പേർ എത്തുന്ന ലുലുമാളിൽ നിന്നും തോട്ടിലേക്ക് മാലിന്യം ഒഴുക്കാതിരിക്കാൻ ഇടപ്പള്ളി തോട്ടിൽ ഫെൻസിംഗ് അയൺ നെറ്റ് ജലസേചന വകുപ്പ് സ്ഥാപിക്കണമെന്നും മുനിസിപ്പാലിറ്റി കമ്മീഷനെ അറിയിച്ചു.

ലുലു മാളിന് ലൈസൻസ് നൽകിയപ്പോൾ മലിനീകരണ നിയന്ത്രണ ബോർഡ് മുന്നോട്ടു വച്ച ഉപാധികൾ അവർ പാലിക്കുന്നുണ്ടോ എന്ന് ബോർഡ് പരിശോധിക്കണമെന്നും ജസ്റ്റിസ് ജെ.ബി. കോശി നിർദ്ദേശിച്ചു.

പരാതിയിൽ പറയുന്ന കാര്യങ്ങൾ ശരിയാണെന്നും മലിനജലം ഒഴുക്കുന്നത് തടയാൻ ലുലുമാൾ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജില്ലാ മെഡിക്കൽ ഓഫീസറും കമ്മീഷനെ അറിയിച്ചു. രണ്ടാമത് നടത്തിയ പരിശോധനയിലും മലിനജലം തോട്ടിൽ ഒഴുക്കുന്നതായി കണ്ടെത്തി. ഇപ്പോൾ ലുലുവിൽ പ്രവർത്തിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റ് അപര്യാപ്തമാണെന്നും സി.എ.ഒ. വിശദീകരിക്കുന്നു.

ജില്ലാ കളക്ടർ വിശദീകരണം സമർപ്പിക്കാത്തതു നിർഭാഗ്യകരമാണെന്ന് ജസ്റ്റിസ് ജെ.ബി. കോശി നിരീക്ഷിച്ചു.

# പരുമല പാലത്തിലെ അനധികൃത പാർക്കിംഗ്: ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കണം

**പ**ത്തനംതിട്ട : മോട്ടോർ വാഹന നിയമങ്ങൾ കാറ്റിൽപ്പറത്തി പരുമല പാലത്തിൽ അനധികൃത പാർക്കിംഗ് നടത്തുന്ന ഓട്ടോ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കാനും ക്രിമിനൽ കേസെടുക്കാനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

അനധികൃത പാർക്കിംഗ് നടത്തുന്ന ഓട്ടോറിക്ഷകൾ പിടിച്ചെടുക്കണമെന്നും ഉത്തരവിലുണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണർക്കാണ് കമ്മീഷൻ നിർദ്ദേശം നൽകിയിരിക്കുന്നത്. ഉത്തരവിന്റെ പകർപ്പ് പത്തനംതിട്ട പൊതുമരാമത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും അയച്ചു.

പരുമല പാലത്തിൽ അപകടാവസ്ഥയിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്ന് തിരുവല്ല പോലീസ് മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു. അനധികൃത പാർക്കിങ്ങിനെതിരെ മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കണമെന്നും പോലീസ് റിപ്പോർട്ടിലുണ്ട്.

പരുമല പാലത്തിൽ ഓട്ടോകളുടെ നീണ്ട പാർക്കിംഗ് കാരണം പാലത്തിലൂടെ ഒരു വശത്തേക്ക് മാത്രമാണ് സുഗമമായ വാഹനഗതാഗതം നടക്കുന്നത്. പരുമലയിലെത്തുന്ന തീർത്ഥാടകരും കുരുക്കിൽപ്പെടാറുണ്ട്.

# മ്യൂസിയം സ്റ്റേഷനിൽ മോഷണം: 30,000 രൂപ നഷ്ടപരിഹാരം നൽകണം

തിരുവനന്തപുരം : മ്യൂസിയം പോലീസ് കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിൽ സൂക്ഷിച്ച ലോറിയിൽ നിന്നും ടയറും ബാറ്ററിയും മോഷണം പോയ സംഭവത്തിൽ സർക്കാർ 30,000 രൂപ നഷ്ടപരിഹാരം നൽകണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിട്ടു.

മോഷണത്തിൽ ഉദ്യോഗസ്ഥർ ഉത്തരവാദികളാണെങ്കിൽ തുക അവരിൽ നിന്നും ഈടാക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. മോഷ്ടാവിനെ കണ്ടെത്തിയാൽ അയാളിൽ നിന്നും ഈടാക്കണം. മോഷണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എന്നാൽ മോഷ്ടാവിനെ പിടിക്കാൻ കഴിഞ്ഞിട്ടില്ലെന്നുമുള്ള പോലീസിന്റെ വിശദീകരണം തൃപ്തികരമല്ലെന്നും ജസ്റ്റിസ് ജെ.ബി. കോശി ഉത്തരവിൽ പറഞ്ഞു. പാറശാല തളച്ചാൻവിള സ്വദേശി സനൽകുമാറാണ് പരാതിക്കാരൻ.

ഇക്കൊല്ലം ജൂലൈ 16 നാണ് സനൽകുമാറിന്റെ ടിപ്പർ ലോറി മ്യൂസിയം പോലീസ് പിടികൂടി സ്റ്റേഷനിൽ സൂക്ഷിച്ചത്. അഗസ്റ്റ് 19-ന് ലോറി വിട്ടുകൊടുക്കാനുള്ള കളക്ടറുടെ ഉത്തരവുമായി സനൽകുമാർ സ്റ്റേഷനിലെത്തിയപ്പോഴാണ് പുതിയ ബാറ്ററിയും 2,500 രൂപയുടെ ഡീസലും സ്റ്റെപ്പിനി ടയറും മോഷ്ടിക്കപ്പെട്ടതായി കണ്ടത്.



ഇതിനെ സനൽകുമാർ ചോദ്യം ചെയ്തെങ്കിലും പഴയ ബാറ്ററി സംഘടിപ്പിച്ച് ലോറി കൊണ്ടു പോകാനായിരുന്നു മ്യൂസിയം പോലീസിന്റെ നിർദ്ദേശം. എന്നാൽ ഓടുന്ന കണ്ടീഷനിൽ ലോറി തിരികെ വേണമെന്ന് പരാതിക്കാരൻ ആവശ്യപ്പെട്ടു. ഒരു ലക്ഷം രൂപയുടെ നഷ്ടമാണ് കണക്കാക്കപ്പെട്ടത്.

കമ്മീഷൻ അധ്യക്ഷന്റെ നിർദ്ദേശാനുസരണം കമ്മീഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ സെക്രട്ടറി സി.കെ. പത്മാകരനും കമ്മീഷൻ ഡി.വൈ.എസ്.പി., കെ.ബി. രവിയും മ്യൂസിയം സ്റ്റേഷനിലെത്തി വാഹനം പരിശോധിച്ചപ്പോൾ പരാതി സത്യമാണെന്ന് ബോദ്ധ്യമായി. രണ്ട് ദിവസത്തിനകം ലോറി പഴയ കണ്ടീഷനിൽ തിരിച്ചുകൊടുക്കണമെന്ന് കമ്മീഷൻ സ്റ്റേഷൻ അധികൃതരോട് ആവശ്യപ്പെട്ടെങ്കിലും പ്രതികരണമുണ്ടായില്ല. തുടർന്ന് കമ്മീഷന്റെ നിർദ്ദേശാനുസരണം സനൽകുമാർ പുതിയ ബാറ്ററിയും ഡീസലും സംഘടിപ്പിച്ച് ലോറി എടുത്തു.

ലോറി കസ്റ്റഡിയിലെടുത്തതുപോലെ തിരിച്ചു കൊടുത്തിരുന്നെങ്കിൽ പരാതിക്കാരന് വലിയ നഷ്ടം ഒഴിവാക്കാമായിരുന്നുവെന്ന് കമ്മീഷൻ നിരീക്ഷിച്ചു. ഇതു കാരണം ലോറിയുടെ വായ്പാ മാസതവണയായ 22,000 രൂപ മുടങ്ങി.

മോഷണം തടയേണ്ട പോലീസിന്റെ മൂക്കിനു താഴെ മോഷണം നടന്നത് ഖേദകരമാണെന്ന് ഉത്തരവിലുണ്ട്. കസ്റ്റഡിയിലെടുക്കുന്ന വാഹനം സൂക്ഷിക്കേണ്ടത് പോലീസിന്റെ കടമയാണ്.

നഷ്ടപരിഹാരം നൽകണമെന്ന ഉത്തരവിൽ എതിർകക്ഷികൾക്ക് ആക്ഷേപം സമർപ്പിക്കാൻ നവംബർ 18 വരെ സാവകാശം നൽകിയിട്ടുണ്ട്. കേസ് ഡിസംബർ 6-ന് കേൾക്കും. ഉത്തരവിന്റെ പകർപ്പ് ചീഫ് സെക്രട്ടറിക്കും ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും സംസ്ഥാന - ജില്ലാ പോലീസ് മേധാവികൾക്കും നൽകി.

# ഭിന്നമനോശേഷിയുള്ള കുട്ടിക്ക് പോലീസ് മർദ്ദനം; കമ്മീഷൻ കേസെടുത്തു

കൊച്ചി : ഭിന്നമനോശേഷിയുള്ള വിദ്യാർത്ഥിയെ കള്ളനെന്ന് ആരോപിച്ച് നാട്ടുകാരും പോലീസുകാരും ചേർന്ന് മർദ്ദിച്ച സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ജെ.ബി. കോശി കേസെടുത്തു. പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയായിരുന്നു.

മൂവാറ്റുപുഴ ഡി.വൈ.എസ്.പി. സംഭവത്തെ കുറിച്ച് അന്വേഷിച്ച് നവംബർ 3നകം

വിശദീകരണം സമർപ്പിക്കണം. കേസ് നവംബർ 11-ന് എറണാകുളം സിറ്റിങ്ങിൽ പരിഗണിക്കും.

മൂവാറ്റുപുഴ നിർമ്മലാ സദൻ സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥി മേക്കടമ്പ് കാക്കോട്ട് സ്വദേശി എൽദോസി (17)നാണ് മർദ്ദനമേറ്റത്.

എൽദോസിന്റെ പിതാവും സഹോദരിയും ഭിന്ന മനോശേഷിയുള്ളവരാണ്. കൂലിപണിക്കാരിയായ അമ്മയാണ് കുടുംബം പുലർത്തുന്നത്. സമീപത്തുള്ള വീടുപാലുകാച്ചിന് സൈക്കിളിൽ പോയി മടങ്ങവേ കുട്ടി വഴിതെറ്റി പോഞ്ഞാശേരിയിലെത്തുകയായിരുന്നു. നാട്ടുകാർ ചോദ്യം ചെയ്തപ്പോൾ ഭയന്നോടിയ കുട്ടിയെ കള്ളനാണെന്ന് കരുതി നാട്ടുകാർ പിന്തുടർന്ന് മർദ്ദിക്കുകയായിരുന്നു. തുടർന്ന് സ്ഥലത്തെത്തിയ പെരുമ്പാവൂർ പോലീസിനോടും കുട്ടി പരസ്പരവിരുദ്ധമായി സംസാരിച്ചു. ഇതോടെ കൈകൾ മുറുക്കി കെട്ടി പോലീസും മർദ്ദിച്ചു. കുട്ടി മൂവാറ്റുപുഴ താലൂക്കാശുപത്രിയിൽ ചികിത്സ തേടിയിരുന്നു.

# തപാൽ മുദ്രകളിലെ ബാപ്പു



ഗാന്ധിജിയെ അനുസ്മരിപ്പിച്ച് വിവിധ രാഷ്ട്രങ്ങൾ പുറത്തിറക്കിയ സ്റ്റാമ്പുകൾ ശേഖരിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും പൊതുഭരണവകുപ്പിൽ അഡീഷണൽ സെക്രട്ടറിയുമായ സി.ജി. പ്രദീപ്കുമാർ ശ്രദ്ധേയനാവുന്നു.

40 വർഷമായി സ്റ്റാമ്പ് ശേഖരണം വിനോദമാക്കിയ പ്രദീപ്കുമാറിന്റെ ആൽബത്തിൽ ലോകത്ത് ഗാന്ധിജിയുടെ പേരിൽ ഇറങ്ങിയ ഒട്ടുമിക്ക സ്റ്റാമ്പുകളുമുണ്ട്. 276 രാജ്യങ്ങൾ പുറത്തിറക്കിയ ഗാന്ധിചിത്രമുള്ള മൂന്നൂറോളം സ്റ്റാമ്പുകളും 80 ലധികം മിനിയേച്ചർ ഷീറ്റുകളും ഇതിനകം ശേഖരിച്ചുകഴിഞ്ഞു. ഓ രോ രാജ്യത്തിലും പുതിയ സ്റ്റാമ്പുകൾ ഇറങ്ങുന്ന ദിവസം പുറത്തിറക്കുന്ന ഗാന്ധിചിത്രമുള്ള 136 ലധികം പ്രഥമദിന കവറുകളും ശേഖരത്തിലുണ്ട്. 1948ൽ ഇന്ത്യ പുറത്തിറക്കിയ ഗാന്ധി ചിത്രമുള്ള നാല് സ്റ്റാമ്പുകൾ ഉൾക്കൊള്ളുന്ന സ്പെഷ്യൽ സെറ്റ് സ്റ്റാമ്പും പ്രദീപ്കുമാറിന്റെ പക്കലുണ്ട്. അന്ന് പത്ത് രൂപാ മാത്രം വിലയുണ്ടായിരുന്ന ഈ സ്റ്റാമ്പിന് ഇന്ന് 25000 രൂപയിലധികമാണ് വില കണക്കാക്കുന്നത്. ഇതിന്റെ പ്രഥമ ദിന കവറിന് 1, 46, 000 രൂപയും വിലവരും.




ഡാവർ ദ്വീപ് പുറത്തിറക്കിയ സ്വർണ ഫോയിലുള്ള ഗാന്ധി സ്റ്റാമ്പും ഘാനയിൽ നിന്നുള്ള ഗാന്ധി ചിത്രത്തോടുകൂടിയ പ്രഥമദിന കവറും സെന്റ് തോം ദ്വീപിന്റെ വെള്ളി ഫോയിലുള്ള ഗാന്ധി സ്റ്റാമ്പും ഭൂട്ടാന്റെ ത്രിഡിയിലുള്ള ഗാന്ധി സ്റ്റാമ്പുകളും ശേഖരത്തിൽ ഏറെ പ്രത്യേകതയുള്ളതാണ്. ബംഗ്ലാദേശ്, ഭൂട്ടാൻ, ജിബൂട്ടി, മലാവി, സാൻഡ്, ഐലൻഡ്, പലസ്തീൻ, ആന്റിഗ്വ ആൻഡ് ബർമൂഡ, കിർഗിസ്താൻ, ടർക്മെനിസ്താൻ, ചാഡ്, തജികിസ്താൻ, ഖസാക്കിസ്താൻ, അമേരിക്കൻ ഗയാന, ചിലി, യുണൈറ്റഡ് അറബ് റിപ്പബ്ലിക്, ജർമ്മനി, സുറിനാം, മൗറീഷ്യസ്, ആഫ്രിക്കൻ രാജ്യങ്ങളായ ഗിനി ബിസാവു, സാവോ തോമ ആൻഡ് പ്രിൻസിപ്പെ, ഗിനി റിപ്പബ്ലിക്, കോംഗോ, നൈജർ, കാമറൂൺ, റുവാണ്ട, ജിബ്രാൾട്ടർ, മൊസാംബിക്, അപ്പർ വോൾട്ട, മാൾട്ട, റിപ്പബ്ലിക് ഓഫ് സെൻട്രൽ ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്നുള്ള ഗാന്ധി സ്റ്റാമ്പുകൾ ശേഖരത്തിൽ ചിലതുമാത്രം. ഇന്ത്യയുടെ അയൽരാജ്യങ്ങളായ പാകിസ്താനും ചൈനയും ഒഴിച്ചുള്ള ഒട്ടുമിക്ക രാജ്യങ്ങളും ഗാന്ധിയെക്കുറിച്ചുള്ള തപാൽ സ്റ്റാമ്പുകൾ പുറത്തിറക്കിയിട്ടുണ്ടെന്ന് പ്രദീപ് കുമാർ പറയുന്നു. ആഫ്രിക്കൻ രാജ്യങ്ങൾ എല്ലാവർഷവും പുറത്തിറക്കുന്ന അതിമനോഹരമായ സിൻഡ്രല്ലാ ഇനത്തിലുള്ള ഗാന്ധി സ്റ്റാമ്പുകൾ ഏറെ ശ്രദ്ധേയമാണ്.

കൂടാതെ ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം, ബുദ്ധൻ, തീവണ്ടി, പുലി തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്റ്റാമ്പുകളും പ്രദീപ്കുമാറിന്റെ ആൽബത്തിന്റെ താളുകളിലുണ്ട്. ഇന്റർനെറ്റ് സൗഹൃദങ്ങളാണ് പ്രദീപ്കുമാറിന് സ്റ്റാമ്പ് ശേഖരം വിപുലമാക്കാൻ ഉപകരിക്കുന്നത്. പ്രദീപ്കുമാറിനെ കുറിച്ച് കഴിഞ്ഞ ഗാന്ധിജയന്തി ദിനത്തിൽ മാതൃഭൂമി ഫീച്ചർ പ്രസിദ്ധീകരിച്ചിരുന്നു.



**എസ്. ശ്രീജിത്ത് IPS**
**മനുഷ്യാവകാശ കമ്മീഷൻ സി.ഐ.ഒ.**

തിരുവനന്തപുരം: ഡി.ഐ.ജി. എസ്. ശ്രീജിത്ത് സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ മുഖ്യ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലയേറ്റു.



## ഡോക്ടറേറ്റ്

കേരള യൂണിവേഴ്സിറ്റിയിൽ നിന്നും വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റ് നേടിയ പത്തനംതിട്ട ഡയറ്റ് ലക്ചറർ കെ. ഗീതാലക്ഷ്മി. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറിയും നിയമ വകുപ്പിൽ സ്പെഷ്യൽ സെക്രട്ടറിയുമായ സി.കെ. പത്മാകരന്റെ പത്നിയും ആലപ്പുഴ ബുധനൂർ കവ്വണേലിത്തറയിൽ വിജയഗോപാലിന്റെയും തങ്കമ്മയുടെയും മകളുമാണ്.

## സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പുതിയ വിലാസം

ടർബോപ്ലസ് ടവർ, പി.എം.ജി. ജംഗ്ഷൻ
തിരുവനന്തപുരം. 695 033

# കമ്മീഷന്റെ ഫോൺനമ്പറുകൾ

| | |
|---|---|
| ഓഫീസ് | 0471 -2307263 |
| ബഹു. ചെയർപേഴ്സന്റെ ഓഫീസ് | 0471 - 2301221 |
| ബഹു. അംഗം ശ്രീ. കെ. ഇ. ഗംഗാധരന്റെ ഓഫീസ് | 0471 - 2307147 |
| ബഹു. അംഗം ശ്രീ. ആർ. നടരാജന്റെ ഓഫീസ് | 0471 - 2308145 |
| സെക്രട്ടറി | 0471 - 2306522 |
| രജിസ്ട്രാർ | 0471 - 2307126 |
| ഫിനാൻസ് ഓഫീസർ | 0471 - 2307143 |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 0471 - 2308203 |
| അക്കൗണ്ട്സ് ഓഫീസർ | 0471 - 2307148 |
| പി.ആർ.ഒ. | 0471 - 2307490 |
| ഡി.ഐ.ജി. | 0471 - 2302570 |
| എസ്.പി. | 0471 - 2304745 |
| ഡി.വൈ.എസ്.പി. | 0471 - 2305747 |
| സി.ഐ. | 0471 - 2306366 |

### ഫാക്സ്

| | |
|---|---|
| ഓഫീസ് | 0471 - 2307490 |
| ഇൻവെസ്റ്റിഗേഷൻ | 0471 - 2302570 |



Email: hrckeralatvm@gmail.com

### കമ്മീഷൻ പേഴ്സണൽ സ്റ്റാഫിന്റെ മൊബൈൽ നമ്പറുകൾ

| | |
|---|---|
| ശ്രീ. വി.എ. അമ്പ്രോസ്, ചെയർപേഴ്സന്റെ പി.എസ്. | 9746233477 |
| ശ്രീ. പി.എച്ച്. ജാഫർഖാൻ, ചെയർപേഴ്സന്റെ പി.എ. | 9995114623 |
| ശ്രീ. വി.എ. വർഗ്ഗീസ്, ചെയർപേഴ്സന്റെ പി.എ. | 9495838857 |
| ശ്രീ. എൻ.വി. സന്തോഷ്, കമ്മീഷൻ അംഗം ശ്രീ. കെ.ഇ. ഗംഗാധരന്റെ പി.എസ്. | 9447642140 |
| ശ്രീ. എസ്. ജയപ്രകാശ്, കമ്മീഷൻ അംഗം ശ്രീ. കെ.ഇ. ഗംഗാധരന്റെ പി.എ. | 9447494961 |
| ശ്രീ. എം.എ. അനസ്മോൻ, കമ്മീഷൻ അംഗം ശ്രീ.ആർ. നടരാജന്റെ പി.എസ്. | 9447125036 |
| ശ്രീമതി. ജ്യോതിമോൾ, കമ്മീഷൻ അംഗം ശ്രീ.ആർ.നടരാജന്റെ പി.എ. | 9496881914 |